# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

നവംബർ 2024 | വാല്യം 51 ലക്കം 8 | പേജ് 12 | വില 10.00 രൂപ

UNITY Monthly | November 2024 | Volume 51 Issue 8 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00




ആൾ ഇന്ത്യ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്റർ(എഐയുറ്റിയുസി)യുടെ അഞ്ചാമത് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ഒക്ടോബർ 18ന് കോട്ടയം നഗരത്തിൽ നടന്ന തൊഴിലാളി പ്രകടനത്തിന്റെ മുൻനിര.

വാർത്ത 4–ാം പേജിൽ

## എഡിഎം നവീൻ ബാബു

# സിപിഐ(എം) പ്രതിനിധാനം ചെയ്യുന്ന അധികാരഗർവ്വിന്റെയും ജനാധിപത്യവിരുദ്ധതയുടെയും ഇര

**പി.പി.ദിവ്യ ഒറ്റപ്പെട്ട വ്യക്തിയോ പ്രതിഭാസമോ അല്ല. ഇടതു മേലങ്കി മാത്രമുള്ള, ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയശരീരത്തിന്റെ സ്വാഭാവിക സൃഷ്ടിയാണ്. മഹനീയമായ മാർക്സിസ്റ്റ് നൈതികതയെ മുറുകെപ്പിടിച്ചുള്ള ബഹുജന മുന്നേറ്റം വളർത്തിയെടുത്തുകൊണ്ടേ ഈ ജീർണ്ണതയെ നമുക്ക് മറികടക്കാനാകൂ.**

ക്രൗര്യം നിറഞ്ഞ മനസ്സോടെ, അനവസരത്തിൽ അനുചിതമായി വ്യക്തിഹത്യ നടത്തിയ കണ്ണൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റായിരുന്ന പി.പി.ദിവ്യയുടെ പരാമർശത്തിൽ മുറിവേറ്റാണ് കണ്ണൂർ എഡിഎം ആയിരുന്ന നവീൻ ബാബു ജീവനൊടുക്കിയത്. ഇക്കാലമത്രയും താൻ കാത്തുസൂക്ഷിച്ച ആത്മാഭിമാനം ചവിട്ടിയരക്കപ്പെട്ട മനോവേദനയിലാണ് അദ്ദേഹം ആത്മഹത്യ ചെയ്തത്. ഈ ദുരന്തം കേരളത്തെ ആകെ ഉലച്ചുകളഞ്ഞിരിക്കുന്നു.അദ്ദേഹത്തിന്റെ വിയോഗത്തിൽ വിറങ്ങലിച്ചു നിൽക്കുന്ന കുടുംബാംഗങ്ങളുടെയും ബന്ധുജനങ്ങളുടെയും സഹപ്രവർത്തകരുടെയും ദുഃഖം ഈ നാടിന്റെയാകെ ദുഃഖമാണ്.

കേരളമൊന്നാകെ ഉരുണ്ടുകൂടിയ പ്രതിഷേധത്തെയും പ്രത്യേകിച്ച്, പത്തനംതിട്ടയിലെ പാർട്ടി പ്രവർത്തകരുടെ വികാരത്തെയും വരാനിരിക്കുന്ന ഉപതിരഞ്ഞെടുപ്പുകളെയും കണക്കിലെടുത്താണ് പി.പി.ദിവ്യയെ ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനത്തുനിന്ന് നീക്കിയത്. സംഭവം നടന്ന് രണ്ടുദിവസത്തിനു ശേഷം ആത്മഹത്യാപ്രേരണയ്ക്ക് കേസെടുക്കുകയും ചെയ്തു. പ്രത്യക്ഷത്തിൽ നവീൻ ബാബുവിനൊപ്പമെന്നു ഭാവിക്കുന്നെങ്കിലും പിന്നണിയിൽ ദിവ്യക്ക് സംരക്ഷണമൊരുക്കാനുള്ള ശ്രമത്തിലായിരുന്നു സിപിഐ(എം). ജീവനക്കാരുടെ ഒരു സ്വകാര്യ യാത്രയയപ്പുയോഗത്തിൽ ക്ഷണമില്ലാതെ, വീഡിയോഗ്രാഫറെ കൂട്ടി ഇടിച്ചുകയറിച്ചെന്ന്, യാതൊരു തെളിവുമില്ലാതെ എഡിഎമ്മിനെതിരെ ഗു

(ശേഷം 2–ാം പേജിൽ)

# വഖഫ് നിയമഭേദഗതി ബിൽ ഭരണഘടനാവിരുദ്ധവും വിവേചനപരവും

**2024** ഓഗസ്റ്റ് 8ന് മോദി സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച വഖഫ് ഭേദഗതി ബിൽ, രാജ്യത്തെ വഖഫ് സ്വത്തിന്റെ നിയന്ത്രണത്തിലും പരിപാലനത്തിലും വമ്പിച്ച മാറ്റങ്ങൾ നിർദ്ദേശിക്കുന്ന ഒന്നാണ്. നിലവിലുള്ള സംവിധാനത്തിലെ അപാകതകൾ പരിഹരിക്കാനെന്ന പേരിലാണ് 1995ലെ വഖഫ് നിയമം സർക്കാർ ഭേദഗതി ചെയ്യാൻ ശ്രമിക്കുന്നത്. ബിൽ ഇപ്പോൾ, ബിജെപി നേതാവ് ജഗദംബിക പാലിന്റെ നേതൃത്വത്തിലുള്ള സംയുക്ത പാർലമെന്ററി കമ്മിറ്റിയുടെ പരിഗണനയിലാണ്.

ഇസ്ലാമികനിയമമനുസരിച്ചുള്ള മതപരമോ ആത്മീയമോ സേവനപരമോ ആയ പ്രവർത്തനങ്ങൾക്കുവേണ്ടി ദാനം ചെയ്തിട്ടുള്ള സ്ഥാവരമോ ജംഗമമോ ആയ സ്വത്താണ് വഖഫ്. വഖഫ് സ്വത്തുക്കൾ ദൈവനാമത്തിൽ നൽകപ്പെടുന്നവയാകയാൽ കൈമാറ്റം ചെയ്യാനാകില്ല. വഖഫിൽ നിന്നുള്ള വരുമാനം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അനാഥാലയങ്ങൾ, ശ്മശാനങ്ങൾ, പള്ളികൾ തുടങ്ങിയവയിലൂടെ മുസ്ലീം ജനവിഭാഗത്തിലെ വലിയൊരു ശതമാനം ആളുകൾക്ക് പ്രയോജനപ്പെടുന്നു. വഖഫ് സ്വത്തുവകകളുടെ സംരക്ഷണത്തിനും നിയന്ത്രണത്തിനുമായി സംസ്ഥാന സർക്കാരുകൾ,സംസ്ഥാനവഖഫ് ബോർഡുകൾ രൂപീകരിക്കുന്നു. വഖഫ് ബോർഡുകൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയത്തിനു കീഴിൽ കേന്ദ്ര വഖഫ് കൗൺസിലും പ്രവർത്തിക്കുന്നു. 1913ലാണ് വഖഫ് സ്വത്തുക്കളുമായി ബന്ധപ്പെട്ട ആദ്യ നിയമനിർമ്മാണം ബ്രിട്ടീഷ് ഇന്ത്യയിൽ ഉണ്ടാകുന്നത്. സ്വാതന്ത്ര്യാനന്തരം 1954ൽ വഖഫ് നിയമം നിലവിൽ വന്നു. 1995ൽ കൂടുതൽ മെച്ചപ്പെട്ട ഭരണനിർവ്വഹണം ലക്ഷ്യംവെച്ചുകൊണ്ട് പുതിയ വഖഫ് നിയമം പാസ്സാക്കുകയും 2013ൽ അതിന് ഭേദഗതിയുണ്ടാവുകയും ചെയ്തു. ഈ നിയമനിർമ്മാണങ്ങളൊക്കെ, പാർലമെന്റിനകത്തും പുറത്തും ഒട്ടനവധി ചർച്ചകൾക്കുശേഷം പുറത്തുവന്നവയാണ്. എന്നാൽ, 1995ലെ നിയമത്തിന്റെ ഭേദഗതിയായി അവതരിപ്പിച്ചിരിക്കുന്ന 2024ലെ വഖഫ് ഭേദഗതി ബിൽ ഇത്തരത്തിലുള്ള കൂടിയാലോചനകളിലൂടെ കടന്നുപോയിട്ടില്ല. പ്രതിപക്ഷ പാർട്ടികളുടെ കടുത്ത എതിർപ്പിനെത്തുടർന്നാണ് ബിൽ സംയുക്ത പാർല

(ശേഷം 2–ാം പേജിൽ)

# ഡിസാസ്റ്റർ ക്യാപ്പിറ്റലിസം മുതലാളിത്ത ജീർണ്ണതയുടെ പാരമ്യം



**പുനർനിർമ്മാണം മൂലധനനിക്ഷേപത്തിന്റെ ഏറ്റവും പ്രിയപ്പെട്ട മേഖലയായി മാറിയിരിക്കുന്നു. പ്രകൃതിദുരന്തങ്ങളെ മുതലാക്കുക മാത്രമല്ല, ആവശ്യകതയ്ക്കനുസരിച്ച് യുദ്ധങ്ങളും കടന്നാക്രമണങ്ങളും സൃഷ്ടിച്ച് എല്ലായിപ്പോഴും ഈ കമ്പോളം ഉണ്ടാക്കിയെടുക്കാം എന്നത് ഇതിനൊരു കാരണമാണ്. 'ഡിസാസ്റ്റർ ക്യാപ്പിറ്റലിസം' അഥവാ 'ദുരന്തകാല മുതലാളിത്തം' മനുഷ്യന്റെ ഏറ്റവും നിസ്സഹായമായ അവസ്ഥയെയും ചൂഷണംചെയ്ത് കമ്പോളമുറപ്പാക്കുന്നു.**

നിത്യജീവിതത്തിന്റെ അനുക്രമമായ ഗതിയെ പൊടുന്നനെ ഇളക്കിമറിച്ചുകൊണ്ടാണ് ദുരന്തങ്ങൾ പ്രത്യക്ഷപ്പെടുക. ചിലത് വ്യക്തികളിൽ ഒതുങ്ങും. ചിലത് വലിയൊരു ജനസമൂഹത്തെയാകെ പിഴുതെറിയും. സഹജീവിസ്നേഹമുള്ള ജനതയും ജനക്ഷേമം മുഖ്യകടമയായി കരുതുന്ന സർക്കാരുമുണ്ടെങ്കിൽ ഏതൊരു ദുരന്തത്തിൽനിന്നും ക്രമേണ കരകയറാനാവും. അടിയന്തര രക്ഷാപ്രവർത്തനവും ദുരിതാശ്വാസവും പുനരധിവാസവും പോലെ പ്രധാനപ്പെട്ടതാണ്,ദുരന്തസാധ്യതകളെ തടയാനും ദുരന്തമുണ്ടായാൽ നേരിടാനുള്ള മുൻകൂർ തയ്യാറെടുപ്പും യഥാസമയം മുന്നറിയിപ്പ് നൽകാനുള്ള സംവിധാനങ്ങളും. പ്രകൃതി നിയമങ്ങളെപ്പറ്റി മനുഷ്യരാശി ഇതഃപര്യന്തം ആർജ്ജിച്ചിട്ടുള്ള വിജ്ഞാനവും സാങ്കേതികവിദ്യകളും പ്രകൃതിയുടെ ക്ഷോഭങ്ങളെ മെരുക്കാൻ ഒരു പരിധി വരെ പ്രാപ്തമാണ്.

മനുഷ്യന്റെ സാമൂഹിക ജീവിതത്തിന്റെ ആരംഭം മുതൽ പ്രകൃതി സൃഷ്ടിക്കുന്ന കെടുതികളെ കൂട്ടായി നേരിട്ടാണ് അതിജീവി

(ശേഷം 5–ാം പേജിൽ)

# വഖഫ് നിയമഭേദഗതി

# വർഗ്ഗീയ വിഭജനം ആളിക്കത്തിക്കാനുള്ള ഫാസിസ്റ്റ് നീക്കം

*(1–ാം പേജിൽ നിന്ന്)*

മെന്ററി കമ്മിറ്റിയുടെ പരിഗണനയ്ക്കായി വിടേണ്ടിവന്നത്. എന്നാൽ ഭരണപക്ഷത്തിനു ഭൂരിപക്ഷമുള്ള ഈ കമ്മിറ്റിയിലാകട്ടെ, പ്രതിപക്ഷസ്വരത്തെ അടിച്ചമർത്തിയും ഏകപക്ഷീയമായും ചേരിതിരിഞ്ഞുള്ള വാഗ്വാദങ്ങളിലൂടെയുമാണ് സിറ്റിങ്ങുകൾ മുന്നോട്ടുപോകുന്നത്.

### ബിൽ നിർദ്ദേശങ്ങൾ

നിർദ്ദിഷ്ട ബില്ലിൽ വഖഫ് നിയമത്തിന്റെ പേര്, യുണൈറ്റഡ് വഖഫ് മാനേജ്മെന്റ്, എംപവർമെന്റ്, എഫിഷ്യൻസി ആൻഡ് ഡെവലപ്മെന്റ് ആക്ട് 1995(ഏകീകൃത വഖഫ് പരിപാലന, ശാക്തീകരണ, കാര്യശേഷിയും വികസനവും നിയമം) എന്ന മാറ്റാൻ നിർദ്ദേശിക്കുന്നു. വഖഫ് സ്വത്തുക്കളുടെ വ്യാഖ്യാനത്തിലും ഭരണത്തിലും കാര്യമായ മാറ്റങ്ങൾ ഭേദഗതിയിൽ നിർദ്ദേശിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷമെങ്കിലും ഇസ്ലാം മതം പിന്തുടർന്നിരുന്ന ഒരാൾക്ക മാത്രമേ വഖഫ് പ്രഖ്യാപിക്കാനാകൂ എന്ന് ഭേദഗതിയിൽ പറയുന്നു. മുസ്ലീങ്ങളല്ലാത്ത അനവധി വ്യക്തികൾ വഖഫായി ദാനം നൽകിയ സ്വത്തുക്കളും രാജ്യത്ത് ഉണ്ടെന്നിരിക്കെ ഇത്തരം വ്യാഖ്യാനം സൃഷ്ടിക്കാവുന്ന ആശയക്കുഴപ്പവും നിയമപോരാട്ടങ്ങളും നമുക്ക് ഊഹിക്കാം. അതുപോലെ, നിയമപരമായുള്ള അനന്തരവകാശികൾക്കെല്ലാമുള്ള സ്വത്തുക്കൾ മാറ്റിവെച്ചശേഷമേ ഒരാൾ വഖഫിനായി സ്വത്തു മാറ്റിവെക്കാവൂ എന്ന് പുതിയ ഭേദഗതിയിൽ അനുശാസിക്കുന്നു. ഉപയോഗംകൊണ്ട് കാലങ്ങളായി വഖഫ് ആയി പരിപാലിച്ച വസ്തുക്കളെ അങ്ങനെ തന്നെയാണ് നാളിതുവരെയുള്ള നിയമങ്ങളിൽ കണക്കാക്കിയത്. പുതിയ ബില്ലിൽ ഇത് നിർത്തലാക്കുന്നു. ഒരു വസ്തുവക അല്ലെങ്കിൽ സ്വത്ത് വഖഫാണോ അല്ലയോ എന്ന് തീർച്ചപ്പെടുത്താനുള്ള അധികാരം വഖഫ് ബോർഡിലായിരുന്നു നിക്ഷിപ്തമായിരുന്നത്. ബിൽ ഈ അധികാരം എടുത്തുകളയുന്നു. ബിൽ പ്രകാരം സർക്കാർ വസ്തു മേലിൽ വഖഫായിരിക്കുകയില്ല. അത് നിശ്ചയിക്കാനുള്ള അധികാരം പ്രസ്തുത ജില്ലയുടെ കളക്ടർമാർക്ക് നൽകാനാണ് ബിൽ നിർദ്ദേശം. അതുപോലെ വഖഫ് സ്വത്തുക്കളുടെ സർവ്വേയ്ക്ക്

*(ശേഷം 3–ാം പേജിൽ)*

## എഡിഎം നവീൻ ബാബുവിന്റെ ദാരുണാന്ത്യം...

*(1–ാം പേജിൽ നിന്ന്)*

ഉതരമായ ആരോപണങ്ങൾ ഉന്നയിച്ച് വൈരാഗ്യം തീർത്ത ദിവ്യയുടെ പ്രസംഗം, സിപിഐ(എം) കണ്ണൂർ ജില്ലാ സെക്രട്ടേറിയറ്റിന്റെ അഭിപ്രായത്തിൽ 'സദുദ്ദേശ്യപരമായ ആപ്തവാക്യങ്ങളാ'ണ്. അങ്ങനെയെങ്കിൽ ആ ആദർശവാക്യങ്ങൾ ഒഴിവാക്കേണ്ടതായിരുന്നു എന്ന പറയുന്നതെന്തിനെന്ന് മനസ്സിലാകുന്നില്ല. ദിവ്യയെ അവിശ്വസിക്കേണ്ടതില്ല എന്നാണ് ഡിവൈഎഫ്ഐ സംസ്ഥാന കമ്മിറ്റിയുടെ അഭിപ്രായം. 98,500 രൂപ കൈക്കൂലി കൊടുത്തിട്ടാണ് പെട്രോൾ പമ്പിനുള്ള നിരാക്ഷേപ പത്രം എഡിഎം തന്നതെന്ന്, സംരംഭകനെന്ന പറയപ്പെടുന്ന ആളെക്കൊണ്ട് പറയിപ്പിക്കുകയും ചെയ്യുന്നു! അപ്പോൾ ഈ നാട്ടിൽ അഴിമതി ഉണ്ടോ അതോ ഇല്ലയോ? നാട്ടുകാരും അരിയാഹാരം തന്നെയാണ കഴിക്കുന്നത് എന്ന് ഓർമ്മിക്കണ്ടേ?

എഡിഎമ്മിന്റെ മരണത്തെ തുടർന്നുള്ള കേസന്വേഷണങ്ങൾ അടിമുടി ദുരൂഹതകൾ നിറഞ്ഞതായി മാറി. ബന്ധുക്കൾ എത്തുന്നതിനു മുൻപ് നടത്തിയ പോസ്റ്റുമോർട്ടവും സംശയത്തിന്റെ നിലയിലാണ്. ദിവ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷയിൽ തീരുമാനം ആവുന്നതുവരെ അറസ്റ്റ് ചെയ്യാതെ പോലീസും പാർട്ടിയും ചേർന്ന് നടത്തുന്ന ഒത്തുകളി ഏറ്റവും അപഹാസ്യമായ ഒരു പ്രഹസനമായി ജനങ്ങളുടെ മുന്നിലുണ്ട്. പോലീസ് നടത്തുന്ന പ്രാഥമികമായ അന്വേഷണങ്ങളാകെ തെളിവ് നശിപ്പിക്കുവാൻ വേണ്ടി നടത്തുന്നവയാണ് എന്ന് ആക്ഷേപമുണ്ട്. നവീൻ ബാബുവിനെതിരെ കൈക്കൂലി ആരോപണമുയർത്തി പരാതിപ്പെട്ടു എന്നവകാശപ്പെടുന്ന പ്രശാന്തൻ എന്ന വ്യക്തി പരിയാരം മെഡിക്കൽ കോളേജിൽ ഇലക്ട്രീഷ്യനായി ജോലിചെയ്യുന്ന ആളാണ്. നിവൃത്തിയില്ലാതെയാണ് ഇയാളെ ഒടുവിൽ സസ്പെൻഡ് ചെയ്യുന്നത്.

സർക്കാരിൽനിന്നു ശമ്പളം വാങ്ങുന്ന ഒരു ജീവനക്കാരൻ ഒരു ബിസിനസ് സംരംഭം തുടങ്ങുന്നത് ഏതു ചട്ടപ്രകാരം? അതിനയാളുടെ വരുമാനത്തിന്റെ ഉറവിടമെന്ത്? തുടങ്ങിയ അനേകം ചോദ്യങ്ങൾക്കുത്തരം ഇതുവരെ ലഭിച്ചിട്ടില്ല. കൈക്കൂലി പ്രതീക്ഷിച്ച് അയാളുടെ അപേക്ഷ, എഡിഎം പരിഗണിക്കാതെ നീട്ടിക്കൊണ്ടു പോയി എന്നാണ പരാതിയെങ്കിൽ വിജിലൻസിൽ പരാതി നൽകാൻ എന്തുകൊണ്ട് ദിവ്യ പറഞ്ഞില്ല എന്നതും വിശദീകരിക്കപ്പെട്ടിട്ടില്ല. ദുരന്തത്തിനു ശേഷം മുഖ്യമന്ത്രിക്കു പരാതി അയച്ചുവെന്നു പരാതിക്കാരൻ പറയുന്നുണ്ടെങ്കിലും അതു സ്വീകരിച്ചതായി അറിയിക്കുന്ന ഡോക്കറ്റ് നമ്പർ കിട്ടിയിട്ടില്ല; മറ്റു തെളിവുകളുമില്ല. കൈക്കൂലി കൊടുത്തു എന്നു ഇടത്ത് സമ്മതിച്ച അയാളുടെ പേരിൽ അഴിമതി നിരോധന നിയമമനുസരിച്ച് ഇതുവരെ കേസെടുത്തിട്ടുമില്ല.

ഭരണഘടനാപരമായ ഒരു പദവിയിലിരിക്കുന്ന, ഇടതുപക്ഷമെന്ന വകാശപ്പെടുന്ന ഒരു പാർട്ടിയുടെ യുവനേതാവ് ഇത്രമാത്രം വൈരാഗ്യത്തോടെയും ധാർഷ്ട്യത്തോടെയും ഒരു പൊതുവേദിയിൽ പെരുമാറുന്നവെങ്കിൽ അവർക്ക് ആ സംസ്കാരം നൽകിയ പ്രസ്ഥാനത്തിന്റെ സാംസ്കാരിക-നൈതിക നിലവാരത്തെ നമ്മൾ ഭയപ്പെടണം; ആ പ്രസ്ഥാനം നയിക്കുന്ന സർക്കാരിന്റെ നയസമീപനങ്ങളെയും."ഒരു നിമിഷം മതി സിവിൽ ഡെത്ത് സംഭവിക്കാൻ" എന്ന ദിവ്യയുടെ പ്രസംഗത്തിലെ അത്യന്തം മാരകമായ ഭീഷണി അക്ഷരാർത്ഥത്തിൽ ആത്മഹത്യയിലേക്കു നയിക്കുന്നതാണ്.

അധികാരസ്ഥാനങ്ങളിലിരിക്കുന്ന ജനപ്രതിനിധികളും പാർട്ടി നേതാക്കളും ഭരണസംവിധാനങ്ങളെ ഉപയോഗപ്പെടുത്തി നേരിട്ടും ബിനാമി ഏർപ്പാടുകളിലൂടെയും ബിസിനസ് സംരംഭങ്ങളിലേക്ക് കടക്കുന്നതും അതിനെ തുടർന്നുള്ള ആഭ്യന്തര സംഘർഷങ്ങളും എല്ലാം ഇന്ന് മറനീക്കി പുറത്തുവരികയാണ്. ഓരോ ഫയലിലും ഓരോ ജീവിതമുണ്ട് എന്ന പിണറായി വിജയന്റെ മഹദ്വചനമാണ് താൻ അനുവർത്തിക്കാൻ ശ്രമിക്കുന്നതെന്ന് ദിവ്യ പറയുന്നു. എന്നാൽ രണ്ടാം പിണറായി സർക്കാർ അധികാരമേറ്റയുടനെ മന്ത്രിസഭയുടെ മുഖ്യ ഊന്നലായി മുഖ്യമന്ത്രി അവതരിപ്പിച്ച 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' ആണ് യഥാർത്ഥത്തിൽ ദിവ്യയടക്കമുള്ള നേതാക്കളുടെ തലയ്ക്കു പിടിച്ചിരിക്കുന്നത് എന്നു നാം മനസ്സിലാക്കണം.

ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് കരാറിലൊപ്പിട്ട വിഴിഞ്ഞം തുറമുഖപദ്ധതി അന്ന് സിപിഐ (എം)ന്റെ അഭിപ്രായത്തിൽ 6000 കോടി രൂപയുടെ കടൽക്കൊള്ളയായിരുന്നു. എന്നാൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഗൗതം അദാനി എകെജി സെന്ററിൽ നടത്തിയ സന്ദർശനത്തിനുശേഷം അത് കേരളത്തിന്റെ 'വികസന കിരീടത്തിലെ പൊൻതൂവലാ'യി മാറിയ മായാജാലം നമ്മൾ കണ്ടതാണ്. ചങ്ങാത്തമുതലാളിത്തത്തിന്റെ ക്രിമിനൽ മൂലധനമെന്ന് പാർട്ടി ദേശീയനേതാക്കൾ പ്രസംഗങ്ങളിലും ലേഖനങ്ങളിലുമെങ്കിലും വിശദീകരിക്കുന്ന അദാനി സാമ്രാജ്യം ഇപ്പോൾ കേരള നേതാക്കളുടെ സഖ്യകക്ഷിയായിരിക്കുന്നു. ഭരണം കിട്ടിയ സംസ്ഥാനങ്ങളിലെല്ലാം ഇത്തരം സംഘങ്ങളുമായാണ് അവരുടെ ബാന്ധവം.

അത്തരം കഥകകൾ തൊട്ട്, അനധികൃതക്വാറി നടത്തിയും വനം കൊള്ള നടത്തിയും സ്വർണ്ണക്കള്ളക്കടത്ത് 'പൊട്ടിക്കൽ' പോലുള്ള പുതിയതരം പാർട്ടി സംരംഭങ്ങളിലേർപ്പെട്ടും തൊഴിലാളി യൂണിയനുകളുടെ പേരുപറഞ്ഞ് കങ്കാണിപ്പണി ചെയ്തും കൊള്ളമുതൽ സംഭരിക്കുന്നവരൊക്കെ ഇപ്പോൾ 'സംരംഭകരാ'യി മാറിയിരിക്കുകയാണ്. അവരുടെ നിക്ഷേപസാധ്യതകൾക്ക് ഒരു തടസ്സവും ഉണ്ടാകാതെ നോക്കുക എന്നതാണ്, വൻകിട മൂലധനശക്തികൾക്ക് പരവതാനി വിരിക്കുന്നതോടൊപ്പം, 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ' എന്നതിനർത്ഥം. യഥാർത്ഥത്തിൽ ദിവ്യ ചെയ്തതും ഇതുതന്നെയാണ്. അത്തരക്കാരുടെ സംരംഭങ്ങൾ ആറു ദിവസം പോലും വൈകാൻ പാടില്ല!

പഞ്ചായത്ത് ഭരണസംവിധാനത്തിനു കീഴിലാണ് ആശുപത്രികളും വിദ്യാലയങ്ങളുമൊക്കെ. തന്റെ അധികാരപരിധിയിലുള്ള പിഎച്ച്സികളിലും താലൂക്ക്, ജില്ലാ ആശുപത്രികളിലും മതിയായ എണ്ണം ഡോക്ടർമാരോ നഴ്സിംഗ് സ്റ്റാഫോ മറ്റ് അവശ്യം ജീവനക്കാരോ ഇല്ലാതെ, നിലവിലുള്ള ജീവനക്കാരും രോഗികളും നട്ടം തിരിയുകയാണ് എന്ന വസ്തുത ഇവരെ അലോസരപ്പെടുത്തുന്നില്ല. സ്കൂളുകളിൽ ഉച്ചഭക്ഷണവിതരണം തടസ്സമില്ലാതെ നടക്കണമെങ്കിൽ ഹെഡ്മാസ്റ്റർമാർ സ്വർണ്ണം പണയം വയ്ക്കുകയോ പലിശയ്ക്കു കടമെടുക്കുകയോ ചെയ്യേണ്ട ഗതികേടിലാണെന്ന് ദിവ്യ അറിഞ്ഞ ഭാവമില്ല. കോടതി വിധിയുണ്ടായിട്ടും സർക്കാർ പണമനുവദിക്കുന്നില്ല. ഈ ഫയലുകളിലെ ജീവിതപ്രശ്നം പരിഹരിക്കാതെ കിടക്കുന്നതിലെ ധാർമ്മികരോഷം ദിവ്യ പ്രകടിപ്പിച്ചു കണ്ടിട്ടില്ല. മറിച്ച്, ഒരു പെട്രോൾ പമ്പിന്, അതും വഴിവിട്ട് അനുമതി നൽകിയില്ല എന്നതാണ് അവരെ പ്രകോപിപ്പിച്ചത്. പോലീസ് റിപ്പോർട്ട് പ്രതികൂലമായിരുന്നതു കൊണ്ടാണ് അനുമതി വൈകിയതെന്ന് പിന്നീട് വ്യക്തമായി. മൂലധനശക്തികൾക്ക് വിടുപണി ചെയ്യാൻ തുടങ്ങിയാൽ ജനാധിപത്യത്തിന്റെ ശീലങ്ങളും വഴക്കങ്ങളും അപ്രത്യക്ഷമാകും. അത്തരക്കാരിൽ പിണറായി വിജയൻ ആവേശിക്കും.

ജനങ്ങളുടെ നെഞ്ചത്തുകയറുന്ന പോലീസിന്റെ അമിതാധികാരപ്രയോഗം ഒന്നാം പിണറായി സർക്കാരിന്റെ കാലം മുതൽ ജനങ്ങൾ കാണുന്നതാണ്. അതിനെതിരെയുള്ള പരാതികളെ "പോലീസിന്റെ മനോവീര്യം തകർക്കാൻ സമ്മതിക്കില്ല" എന്ന പരിചകൊണ്ടാണ് മുഖ്യമന്ത്രി തടയുന്നത്. എന്നാൽ പോലീസും എക്സൈസും പോലുള്ള 'ഏമാൻമാർ' ഒഴികെയുള്ള ജീവനക്കാരുടെ മനോവീര്യം ചവിട്ടിയരയ്ക്കുക എന്നതാണ് സർക്കാരിന്റെയും പാർട്ടി നേതാക്കളുടെയും പൊതുരീതി. മൂന്നു വർഷത്തിലേറെയായി വർദ്ധനയില്ലാതെ ഡിഎ കുടിശ്ശിക 19 ശതമാനമാണ്. ശമ്പള പരിഷ്കരണത്തിന്റെ മൂന്നു ഗഡുവും കുടിശ്ശികയാണ്. ഏതാണ്ട് 40,000 കോടി രൂപ ജീവനക്കാരിൽ നിന്നു പിടിച്ച് വച്ചിരിക്കുകയാണ് സർക്കാർ. ഇതൊന്നും നേരേനിന്ന് ചോദിക്കാൻ പറ്റാത്തവിധം ഭരണവിലാസം സംഘടനകളെ നട്ടുവൊടിച്ചിട്ടിരിക്കുകയാണ്. ഇതൊന്നും പോരാഞ്ഞ്, ജില്ലയിലെ വികസനപ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കാൻ മാസം തോറും നടക്കുന്ന ജില്ലാ വികസനസമിതി യോഗങ്ങളിൽ എംഎൽഎമാർ വന്ന് ജില്ലാതല ഓഫീസർമാരുടെ മനോവീര്യത്തിന് പിഴിച്ചിൽ ചികിത്സ കൊടുക്കുകയും ചെയ്യും. പ്രോട്ടോക്കോളിൽ മേലെയാണെന്ന ആനുകൂല്യത്തിൽ, അഴിമതിക്കാരായ ഒരു വിഭാഗം ജീവനക്കാരെ കൂട്ടുപിടിച്ച് തങ്ങളുടെ ചില ഇംഗിതങ്ങൾക്കനുസരിച്ച് ഉദ്യോഗസ്ഥരെ പരുവപ്പെടുത്താൻ പല ജനപ്രതിനിധികളും ഈ വേദികളെ ദുരുപയോഗം ചെയ്യുന്നുണ്ട് എന്നത് ഉദ്യോഗസ്ഥരുടെ അനുഭവമാണ്. ഭരണപക്ഷത്തെ യുവപ്രതിനിധികൾ ഇതിൽ മുമ്പിലുമാണ്. ഈ മാതൃക തന്നെയാണ് ദിവ്യയും പിന്തുടർന്നത്.

ഇനി, ഇവരുടെ പ്രസ്ഥാനം കാണിച്ചു കൊടുക്കുന്ന മാതൃകയെന്താണ്? മൈക്കിനു സാങ്കേതികതടസ്സമുണ്ടാകുമ്പോൾ ഓപ്പറേറ്റർമാരെ പൊതുവേദിയിൽ ശകാരിക്കുന്ന, പത്രക്കാരുടെ അസുഖകരമായ ചോദ്യങ്ങളെ ചെറ്റത്തരം എന്നു വിശേഷിപ്പിക്കുന്ന, നല്ല വേഷമിട്ട് ലിപ്സ്റ്റിക്കിട്ടു വരുന്ന പത്രപ്രവർത്തകർ കൂടുതൽ കള്ളം പറയുന്നവരാണെന്ന അശ്ലീലമായ സ്ത്രീവിരുദ്ധത പറയുന്ന, മാധ്യമപ്രവർത്തകരെ ഇറച്ചിക്കടയ്ക്കു മുമ്പിൽനിൽക്കുന്ന പട്ടികളോട് ഉപമിക്കുന്ന ഉന്നത നേതാക്കളിൽനിന്ന് മറ്റെന്താണിവർക്കു പഠിക്കാനുള്ളത്?

രണ്ടാഴ്ക്കാലം നിയമപരമായ യാതൊരു തടസ്സവുമില്ലാതിരുന്നിട്ടും പി.പി.ദിവ്യയെ പോലീസ് അറസ്റ്റ് ചെയ്തില്ല. മനഃസാക്ഷിയുള്ള മുഴുവനാളുകളും വെറുത്ത, പാർട്ടി പ്രവർത്തകർപോലും തള്ളിപ്പറഞ്ഞ ഒരു കുറ്റവാളിയെ പാർട്ടി ഗ്രാമത്തിൽ ഒരു പോറൽപോലുമേൽക്കാതെ സംരക്ഷിച്ചു. പത്രക്കാരുടെ കണ്ണുവെട്ടിച്ച് മജിസ്ട്രേറ്റിനുമുന്നിൽ എത്തിച്ചു. പോലീസ് കസ്റ്റഡി ആവശ്യപ്പെടാതെ സുരക്ഷിതയായി ജയിലിലുമെത്തിച്ചു. എതിർപ്പുയർത്തിയ പത്തനംതിട്ട ജില്ലാ സെക്രട്ടറി അടക്കമുള്ളവരെ നിശ്ശബ്ദരാക്കി. ഉപതിരഞ്ഞെടുപ്പും സിപിഐപോലുള്ള ഘടകകക്ഷികളുടെ എതിർപ്പും ശക്തമായ ജനവികാരവും കാരണം കേസ് ഒഴിവാക്കിയില്ല എന്നുമാത്രം. ഉപതിരഞ്ഞെടുപ്പിനുശേഷം പ്രതിയെ മോചിപ്പിക്കാൻ കരുക്കൾ നീക്കാം. കൊലപാതകക്കേസിൽ പ്രതികളായ പ്രവർത്തകരെ ആനയിക്കുന്ന പതിവിൻപടി ജയിലിൽനിന്ന് മാലയിട്ട് സ്വീകരിച്ച് താലപ്പൊലിയുടെ അകമ്പടിയോടെ നഗരപ്രദക്ഷിണം നടത്താം. വേണമെങ്കിൽ കേസ് തേച്ചുമായ്ച്ചുകളഞ്ഞ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്ത് വീണ്ടും അവരോധിക്കുകയുമാവാം.

പി.പി.ദിവ്യ ഒറ്റപ്പെട്ട വ്യക്തിയോ പ്രതിഭാസമോ അല്ല. ഇടതു മേലങ്കിയണിഞ്ഞ, ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയശരീരത്തിന്റെ സ്വാഭാവിക സൃഷ്ടിയാണ്. "ഏതൊരു പ്രത്യയശാസ്ത്രത്തിന്റെയും കാതലും പ്രാണനും അതിന്റെ സാംസ്കാരിക നൈതിക ധാരണകളിൽ നിഹിതമായിരിക്കുന്നു" എന്ന സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠം മനസ്സിലുറപ്പിച്ച് ഒരു സാംസ്കാരിക പ്രതിപ്രവാഹം സൃഷ്ടിക്കുക എന്നതാണ് ജനങ്ങളുടെ കടമ; നവീൻ ബാബുവിന്റെ മരണത്തിനു കാരണമായ മുഴുവൻ സംഭവങ്ങളെയും പറ്റി സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുക എന്നത് സർക്കാരിന്റെയും. ■

# വഖഫ് നിയമഭേദഗതി

## ഇസ്ലാമിക വിശ്വാസമില്ലാത്തവരുടെ വഖഫ് ദാനം അനുവദിക്കാത്ത നിയമഭേദഗതി വഖഫ് സ്വത്ത് ഭരിക്കാൻ അവർക്ക് അവകാശം നൽകുന്നു

(2–ാം പേജിൽ നിന്ന്)

സർവ്വേ കമ്മീഷണർമാരെയും അഡീഷണൽ കമ്മീഷണർമാരെയും നിയമിക്കണമെന്ന് നിയമത്തിൽ പറഞ്ഞിരിക്കുമ്പോൾ, ഭേദഗതിയിൽ ഇത് ഒഴിവാക്കുകയാണ്. പകരം, സർവ്വേ നടത്താനുള്ള അധികാരവും കളക്ടർമാർക്ക് നൽകാനാണ് നിർദ്ദേശം.

കേന്ദ്ര വഖഫ് കൗൺസിലിന്റെയും സംസ്ഥാന വഖഫ് ബോർഡുകളുടെയും ഘടനയിലും ബിൽ കാതലായ മാറ്റങ്ങളാണ് നിർദ്ദേശിക്കുന്നത്. കേന്ദ്ര വഖഫ് കാര്യ മന്ത്രി ചെയർമാനായ കൗൺസിലിൽ നിലവിലെ നിയമപ്രകാരം എല്ലാ അംഗങ്ങളും മുസ്ലീം മതവിശ്വാസികളും അതിൽ രണ്ടുപേർ വനിതകളുമാകണം. എന്നാൽ, ഭേദഗതി ബിൽ അനുസരിച്ച് മുസ്ലീങ്ങളല്ലാത്ത രണ്ട് അംഗങ്ങൾ ഉണ്ടാകണം. മുസ്ലീം അംഗങ്ങളിൽ രണ്ടുപേർ വനിതകളാകണമെന്നും ബിൽ നിർദ്ദേശിക്കുന്നു. സംസ്ഥാന വഖഫ് ബോർഡുകളിലാകട്ടെ നിലവിലെ നിയമമനുസരിച്ച്, മുസ്ലീം എംപിമാർ, എംഎൽഎമാർ, ബാർ കൗൺസിൽ അംഗങ്ങൾ എന്നിവർക്കിടയിൽനിന്നും തിരഞ്ഞെടുപ്പിലൂടെ രണ്ട് അംഗങ്ങളെവരെ കണ്ടെത്താം. ഭേദഗതി ബില്ലിൽ തിരഞ്ഞെടുപ്പിനു പകരം ഇത് ഈ വിഭാഗങ്ങളിൽ നിന്നുള്ള സംസ്ഥാന സർക്കാരിന്റെ നാമനിർദ്ദേശമായി മാറുന്നു. അവർ മുസ്ലീംവിഭാഗത്തിൽ നിന്നാകണം എന്ന നിബന്ധനയുമില്ല. ബോർഡിൽ രണ്ട് മുസ്ലീങ്ങളല്ലാത്ത അംഗങ്ങൾ വേണമെന്നും ബിൽ നിർദ്ദേശിക്കുന്നു. വഖഫ് സ്വത്തുക്കളെ സംബന്ധിച്ച തർക്കങ്ങളുണ്ടായാൽ അത് പരിഹരിക്കുന്നതിനായി നിലവിലെ നിയമമനുസരിച്ച് സംസ്ഥാനങ്ങൾ ട്രൈബ്യൂണലുകൾ രൂപീകരിക്കേണ്ടതുണ്ട്. ഇതിൽ ഒരു അംഗം, ഇസ്ലാമിക നിയമത്തിൽ അവഗാഹമുള്ള ആളാകണം എന്ന് നിയമം അനുശാസിക്കുമ്പോൾ, ഭേദഗതിയിൽ ഈ വ്യവസ്ഥ എടുത്തുകളയുകയാണ്. അതുപോലെ നിലവിൽ ട്രൈബ്യൂണൽ ഉത്തരവുകളെ അന്തിമമായി കണക്കാക്കുമ്പോൾ, ഭേദഗതിയിൽ ഈ വ്യവസ്ഥ എടുത്തുകളഞ്ഞ് ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കാനുള്ള അവസരം നൽകുന്നു. കേന്ദ്രസർക്കാരിന് വഖഫിലുള്ള അധികാരങ്ങൾ ഭേദഗതിയിലൂടെ വർധിക്കുകയാണ്. ആഗാഖാനി, ബോഹ്റ വിഭാഗങ്ങൾക്ക് അവർക്ക് പ്രാതിനിധ്യമുള്ള സംസ്ഥാനങ്ങളിൽ, നിലവിൽ ഷിയാ വിഭാഗത്തിനുള്ളതു പോലെ പ്രത്യേക വഖഫ് ബോർഡുകളുണ്ടാക്കാനും ഭേദഗതി നിർദ്ദേശിക്കുന്നു.

### എന്തുകൊണ്ട് പുതിയ ബിൽ അപകടകരമാകുന്നു?

പാർലമെന്റിൽ ഇപ്പോൾ മോദി സർക്കാർ അവതരിപ്പിച്ചിരിക്കുന്ന വഖഫ് നിയമഭേദഗതി ബില്ലിലെ ചില പ്രധാന നിർദ്ദേശങ്ങളാണ് ഇതുവരെ പറഞ്ഞത്. ഈ മാറ്റങ്ങളിൽ നിന്നു തന്നെ ഭേദഗതിയുടെ വിവേചനപരമായ ഉദ്ദേശ്യം വ്യക്തമാണ്. രാജ്യത്തെ നിലവിലുള്ള വഖഫ് പരിപാലനത്തിൽ ന്യൂനതകളും പരിമിതികളുമുണ്ടെന്നത് അംഗീകരിക്കുമ്പോൾതന്നെ, അത് പരിഹരിക്കാനെന്ന വ്യാജേന, ഭരണഘടനാവിരുദ്ധവും വിവേചനപരവുമായ മാറ്റങ്ങളാണ് സർക്കാർ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത്. ഭരണഘടനയുടെ 26–ാം വകുപ്പ് പ്രകാരം രാജ്യത്ത് എല്ലാ മതവിഭാഗങ്ങൾക്കും അവരവരുടെ മതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്വയം കൈകാര്യം ചെയ്യുന്നതിനുള്ള അവകാശമുണ്ട്. ഇസ്ലാമിക നിയമങ്ങളനുസരിച്ച് മുസ്ലീം ജനവിഭാഗം വഖഫ് സ്വത്തുക്കൾ പരിപാലിക്കുകയും അതിൽ നിന്നുള്ള വരുമാനം, മതം അനുശാസിക്കുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്തുവന്നതും ഈ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിലാണ്. അതാകട്ടെ, രാജ്യത്ത് നിലവിലുള്ള പൊതുനിയമങ്ങളുടെ പരിധിക്ക് അകത്തു നിന്നായിരുന്നുതാനും. ഇവിടെ, പുതിയ ഭേദഗതിയിലൂടെ ഈ അവകാശങ്ങളെ ഹനിക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. കേരളത്തിൽ ദേവസ്വം ബോർഡിലൂടെ സംസ്ഥാനസർക്കാർ, ക്ഷേത്രങ്ങളെ നിയന്ത്രിക്കുന്നത് അവസാനിപ്പിച്ച് ക്ഷേത്രഭരണം ഹിന്ദുമതപ്രതിനിധികൾക്ക് വിട്ടുകൊടുക്കണം എന്ന് വാദിക്കുന്നവരാണ് സംഘപരിവാറുകാർ. സംഘപരിവാർ സംഘടനകളുടെയും മറ്റ് മഠാധിപതികളുടെയുമൊക്കെ നിയന്ത്രണത്തിലുള്ള എത്രയോ ഹിന്ദുക്ഷേത്രങ്ങൾ രാജ്യത്തുണ്ട്. എവിടെയെങ്കിലും ഏതെങ്കിലും അന്യമതസ്ഥന് അതിന്റെ ഭരണനിർവ്വഹണത്തിൽ പങ്ക് നൽകിയിട്ടുണ്ടോ? അന്യമതസ്ഥർ പോയിട്ട് ദളിത് വിഭാഗങ്ങളെ ഉൾപ്പെടുത്താൻ തയ്യാറാകുന്ന അത്തരം ഭരണസംവിധാനങ്ങളുണ്ടോ? ക്രിസ്തീയ ദേവാലയങ്ങളുടെയും സ്വത്തിന്റെയും നടത്തിപ്പിൽ അന്യമതസ്ഥരെ ഉൾപ്പെടുത്തുന്നുണ്ടോ? പുരോഗമനം നടിക്കുന്ന കേരളത്തിൽപോലും ദേവസ്വം ബോർഡിൽ അന്യമതസ്ഥരെ ഉൾപ്പെടുത്തുന്ന നിയമഭേദഗതി ചിന്തിക്കാനാകുമോ? അപ്പോൾ എന്തുകൊണ്ടാണ് ഒരു മതവിഭാഗത്തിന്റെ വിശ്വാസപ്രമാണമനുസരിച്ചുള്ള സ്വത്തുക്കളുടെ പരിപാലനത്തിൽ ഇപ്പോൾ അന്യമതസ്ഥരെ ഉൾപ്പെടുത്താനുള്ള വ്യഗ്രത? അതുപോലെ തന്നെ, ഇസ്ലാമികനിയമപ്രകാരം നാളിതുവരെ വഖഫ് ആയിക്കണ്ട് ഉപയോഗിച്ചുവന്ന വസ്തുക്കൾ ഇനി അങ്ങനെയാകുമോ എന്ന് സർക്കാരിന്റെ ഭാഗമായ ഉദ്യോഗസ്ഥർ തീരുമാനിക്കുമെന്നും ഇതുവരെ അതിന് അധികാരമുണ്ടായിരുന്ന വഖഫ് ബോർഡ് വെറും കാഴ്ച്ചക്കാരായി മാറുമെന്നും പുതിയ ഭേദഗതി പറയുന്നു. ഇത് വിവേചനപരമല്ലേ? ഇസ്ലാമിക വിശ്വാസമില്ലാത്തവരുടെ വഖഫ് ദാനം അനുവദിക്കില്ല, പക്ഷേ അവർക്ക് വഖഫ് സ്വത്ത് ഭരിക്കാൻ അവകാശം നൽകും. എന്തൊരു വിചിത്രമായ വാദമാണിത്! നൂറ്റാണ്ടുകളായി വഖഫ് സ്വത്തായി ഉപയോഗിച്ചുവന്ന വസ്തുവകകൾപോലും ഈ ഭേദഗതിയുടെ മറവിൽ ഇനി സർക്കാർ പിടിച്ചെടുത്തെന്നുവരാം. രാജ്യത്തിന്റെ പല ഭാഗങ്ങളിലുമുള്ള മസ്ജിദുകൾക്കും സ്വത്തുക്കൾക്കുംമേൽ അവകാശവാദം ഉന്നയിക്കുകയും അവ പിടിച്ചെടുത്ത് ക്ഷേത്രങ്ങളാക്കി മാറ്റണമെന്നുമുള്ള സംഘപരിവാർ ശക്തികളുടെ മുറവിളികൾ ഇപ്പോൾ നമ്മൾ ഏറെ കേൾക്കുന്നുണ്ട്. ഇതും നമ്മൾ ഈ ഭേദഗതിക്കൊപ്പം ചേർത്തുവായിക്കണം. വഖഫ് ബോർഡുകൾ ദുർബലമായാൽ, ഇത്തരം അവകാശവാദങ്ങൾക്കും ശക്തി കൂടും.

**ഭരണഘടനയുടെ 26–ാം വകുപ്പുപ്രകാരം രാജ്യത്ത് എല്ലാ മതവിഭാഗങ്ങൾക്കും അവരവരുടെ മതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്വയം കൈകാര്യം ചെയ്യുന്നതിനുള്ള അവകാശമുണ്ട്. ഇസ്ലാമിക നിയമങ്ങളനുസരിച്ച് മുസ്ലീം ജനവിഭാഗം വഖഫ് സ്വത്തുക്കൾ പരിപാലിക്കുകയും അതിൽനിന്നുള്ള വരുമാനം, മതം അനുശാസിക്കുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്തുവന്നതും ഈ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിലാണ്. അതാകട്ടെ, രാജ്യത്ത് നിലവിലുള്ള പൊതുനിയമങ്ങളുടെ പരിധിക്ക് അകത്തു നിന്നായിരുന്നുതാനും. പുതിയ ഭേദഗതിയിലൂടെ ഈ അവകാശങ്ങളെ ഹനിക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്.**

### മദ്രസ വിദ്യാഭ്യാസം നിരോധിക്കുന്ന ബാലാവകാശകമ്മീഷൻ

ഇതോടൊപ്പം ചേർത്തുവായിക്കേണ്ട ഒന്നാണ്, ഒക്ടോബർ 11ന് ദേശീയ ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ പ്രിയങ്ക് കാനൂങ്കോ സംസ്ഥാന ചീഫ് സെക്രട്ടറിമാർക്ക് അയച്ച കത്തിൽ മദ്രസ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശങ്ങൾ. മദ്രസ ബോർഡുകൾ അടച്ചുപൂട്ടണമെന്നും മദ്രസകൾക്കും മദ്രസ ബോർഡുകൾക്കും സർക്കാരുകൾ നൽകുന്ന സാമ്പത്തികസഹായം നിർത്തണമെന്നുമാണ് കത്തിൽ ആവശ്യപ്പെടുന്നത്. മദ്രസകളിലെ മുസ്ലീങ്ങളല്ലാത്ത കുട്ടികളെ അവിടെ നിന്നു മാറ്റി വിദ്യാഭ്യാസ അവകാശനിയമമനുസരിച്ചുള്ള വിദ്യാഭ്യാസം ലഭ്യമാകുന്ന വിദ്യാലയങ്ങളിലാക്കണമെന്നും കത്തിൽ ആവശ്യപ്പെടുന്നുണ്ട്. ഈ നിർദ്ദേശം നിലവിൽ സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഇവിടെയും, സമൂഹത്തിലെ വർഗീയ ധ്രുവീകരണം തീവ്രമാക്കാനുള്ള ഹീനമായ സംഘപരിവാർ രാഷ്ട്രീയം നമുക്കു കാണാം. പ്രതിപക്ഷകക്ഷികൾ ആരോപിക്കുന്നതുപോലെ, കുട്ടികളുടെ അവകാശനിഷേധവും ബാലവേലയും ലൈംഗികചൂഷണവുമടക്കം എത്രയോ വിഷയങ്ങളിൽ കണ്ണടച്ചിരിക്കുന്ന കേന്ദ്ര ബാലാവകാശ കമ്മീഷൻ, പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിലെ വിഷയങ്ങളിലോ, ഇതുപോലെ കേന്ദ്രഭരണകക്ഷിയുടെ രാഷ്ട്രീയ താത്പര്യാർത്ഥമോ മാത്രമാണ് കണ്ണുതുറക്കുന്നത്. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഒന്നാണ് ഇന്ത്യയിൽ മദ്രസ വിദ്യാഭ്യാസം. അടിസ്ഥാനപരമായി അവിടെ മതപരമായ വിദ്യാഭ്യാസം തന്നെയാണ് നൽകുന്നത്. അങ്ങനെ മതവിദ്യാഭ്യാസം നൽകുന്നതിന് ഭരണഘടനാദത്തമായ അവകാശം അവർക്കുണ്ട്. മറ്റെല്ലാ മതങ്ങളും കുട്ടികൾക്കുള്ള മതവിദ്യാഭ്യാസം നൽകാൻ പല രീതിയിൽ സംവിധാനം ഒരുക്കിയിട്ടുമുണ്ട്. വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കിയിട്ടും ഇന്നും പല സംസ്ഥാനങ്ങളിലും ദരിദ്രകുടുംബങ്ങളിലെ കുട്ടികൾക്ക് പൊതുവിദ്യാഭ്യാസം കിട്ടാക്കനിയാണെന്നതാണ് യാഥാർത്ഥ്യം. ഇവിടങ്ങളിൽ, മാതാപിതാക്കളെസംബന്ധിച്ചിടത്തോളം എന്തെങ്കിലും വിദ്യാഭ്യാസം കുട്ടികൾക്കു കിട്ടട്ടെ എന്ന ആഗ്രഹത്തിലാണ് അവർ കുട്ടികളെ മദ്രസകളിലേക്ക് അയക്കുന്നത്. അതുകൊണ്ടാണ് മറ്റുമതങ്ങളിലെ കുട്ടികളെയും പലയിടത്തും മദ്രസയിൽ കാണാനാകുന്നത്. അവരെ മാറ്റണമെന്ന നിർദ്ദേശം പാലിക്കാൻ ശ്രമിച്ചാൽ ഇതിൽ പല കുട്ടികൾക്കും വിദ്യാഭ്യാസംതന്നെ ചിലപ്പോൾ നിഷേധിക്കപ്പെട്ടേക്കാം. ഈ സാഹചര്യങ്ങൾ കൊണ്ടു തന്നെയാണ്, മദ്രസകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പൊതുവിദ്യാഭ്യാസവും മദ്രസകൾക്കുള്ള സാമ്പത്തികസഹായവും പല സംസ്ഥാനങ്ങളിലും നിലനിൽക്കുന്നത്. ഇതിൽ പോരായ്മകളുണ്ടാകാം. അത് കണ്ടെത്തി പരിഹരിക്കുന്നതിനു പകരം ആ സംവിധാനത്തെ ഒന്നാകെ അടച്ചുപൂട്ടാൻ ആവശ്യപ്പെടുന്നത് തികച്ചും സങ്കുചിതമായ കാഴ്ച്ചപ്പാടാണ്. കേന്ദ്രസർക്കാരിന് അത്ര ആത്മാർത്ഥതയുണ്ടെങ്കിൽ സൗജന്യവും സാർവത്രികവും മതേതരവുമായ പൊതുവിദ്യാഭ്യാസം രാജ്യമൊട്ടാകെ പൊതുമേഖലയിൽ കൊണ്ടുവരികയാണ് വേണ്ടത്. അല്ലാതെ, തങ്ങളുടെ പിണിയാളുകളിലൂടെ നടപ്പാക്കാൻ ശ്രമിക്കുന്ന ഇത്തരം നടപടികൾ അവർ ഉയർത്തിപ്പിടിക്കുന്ന ഹീനമായ വർഗ്ഗീയ രാഷ്ട്രീയത്തിന്റെ ഒളിച്ചുകടത്തൽ മാത്രമാണ്. ഇന്ത്യയുടെ ഭരണഘടനയെക്കാൾ ഗോൾവാൾക്കറുടെ വിചാരധാരയ്ക്ക് പ്രാമുഖ്യം നൽകുന്ന ഫാസിസ്റ്റ് രാഷ്ട്രീയത്തിന്റെ പ്രതിഫലനം മാത്രമാണിത്.

രാജ്യത്തെസമ്പന്നമുതലാളിവർഗ്ഗത്തിന്റെ വിശ്വസ്തസേവകരായി, അവരുടെ താത്പര്യങ്ങൾ മാത്രം സംരക്ഷിച്ചുകൊണ്ട് പത്തുവർഷം ഭരിച്ച മോദിക്കും ബിജെപിക്കും, ആ ഭരണത്തിന്റെ ദുരിതം ഏറ്റുവാങ്ങേണ്ടിവന്ന സാധാരണക്കാരുടെ രോഷം കഴിഞ്ഞ തിരഞ്ഞെടുപ്പിൽ നേരിടേണ്ടിവന്നു. തങ്ങളുടെ നിലനിൽപ്പിന് സമൂഹത്തിൽ ബോധപൂർവ്വം വർഗ്ഗീയവിവേചനം നടപ്പിലാക്കി അതുവഴി വർഗ്ഗീയധ്രുവീകരണം അവർക്ക് നടപ്പാക്കേണ്ടതുണ്ട്. നാസി മാതൃകയിൽ ഒരു വിഭാഗത്തെ രണ്ടാംതരം പൗരന്മാരാക്കി ബോധപൂർവ്വം മാറ്റുമ്പോൾ അത് ഒരു ഫാസിസ്റ്റ് പദ്ധതിയാണെന്ന് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. സാധാരണക്കാരും തൊഴിലാളികളും തങ്ങളുടെ നീറുന്ന ജീവിതദുരിതങ്ങളുടെ പിന്നിലെ യഥാർത്ഥ കാരണം, നിലനിൽക്കുന്ന ചൂഷണാധിഷ്ഠിത വ്യവസ്ഥിതിയാണെന്ന സത്യം തിരിച്ചറിഞ്ഞ് അതിനെതിരെ സംഘടിക്കുന്നത് മുതലാളിവർഗ്ഗത്തിന് തടയേണ്ടതുണ്ട്. അതിന് ഏറ്റവും എളുപ്പമുള്ള മാർഗ്ഗം ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയുമൊക്കെ പേരിലുള്ള വിവേചനങ്ങൾ ബോധപൂർവ്വം വളർത്തിയെടുത്ത്, വിവിധ വിഭാഗങ്ങൾക്കിടയിലുള്ള പരസ്പരവിശ്വാസം ഇല്ലാതാക്കി, തൊഴിലാളികളുടെയും സാധാരണക്കാരുടെയും ഐക്യത്തിനുള്ള സാധ്യതകളെ തടയുക എന്നതാണ്. നരേന്ദ്രമോദി സർക്കാർ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന വഖഫ് നിയമഭേദഗതി, വർഗ്ഗീയവിഭജനം ആളിക്കത്തിക്കാനുള്ള ഫാസിസ്റ്റ് നീക്കമാണെന്ന് നമ്മൾ തിരിച്ചറിയണം. ഇതിനെ എതിർത്തു തോൽപ്പിക്കേണ്ടത് രാജ്യത്തെമ്പാടുമുള്ള ജനാധിപത്യ വിശ്വാസികളായ മുഴുവൻ ജനങ്ങളുടെയും ഉത്തരവാദിത്തമാണ്. ■

## സാമ്പത്തികവാദത്തിനും അവസരവാദത്തിനുമെതിരെ വീറുറ്റ തൊഴിലാളി സമരത്തിന്റെ കാഹളമുയർത്തി

# എഐയുറ്റിയുസി സംസ്ഥാന സമ്മേളനം


**മൂ**ലധനശക്തികൾക്ക് തൊഴിലാളികളെ പണയപ്പെടുത്തുന്ന വഞ്ചനയ്ക്കെതിരെ വീറുറ്റ പോരാട്ടം കെട്ടിപ്പടുക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് എഐയുറ്റിയുസിയുടെ 5-ാം സംസ്ഥാന സമ്മേളനം ഒക്ടോബർ 18,19,20 തീയതികളിൽ കോട്ടയത്ത് നടന്നു.

ഡിസംബർ 15 മുതൽ 17 വരെ ഒറീസ്സയിലെ ഭുവനേശ്വറിൽ നടക്കുന്ന 22-ാം അഖിലേന്ത്യാസമ്മേളനത്തിന്റെ ഭാഗമായിട്ടാണ് സംസ്ഥാന സമ്മേളനം നടന്നത്. സംഘടിത- അസംഘടിത - സ്കീം വർക്കേഴ്സ് മേഖലയിലെ വിവിധ തൊഴിൽ രംഗത്തു നിന്നുള്ള തൊഴിലാളികളുടെ പിന്തുണയും പങ്കാളിത്തവും സമ്മേളനത്തെ അവിസ്മരണീയമാക്കി.

ഒക്ടോബർ 18ന് കോട്ടയം ജില്ലാകളക്ടേറ്റിനു സമീപത്തുനിന്നും ആരംഭിച്ച ഗംഭീരമായ തൊഴിലാളി പ്രകടനത്തോടെ സമ്മേളന നടപടികൾക്ക് തുടക്കമായി. പഴയ പോലീസ് സ്റ്റേഷൻ മൈതാനത്ത് കെട്ടി ഉയർത്തിയ ഉജ്ജ്വലമായ വേദിയിൽ എഐയുറ്റിയുസി അഖിലേന്ത്യാ പ്രസിഡന്റും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ്ബ്യൂറോ അംഗവുമായ സഖാവ് കെ.രാധാകൃഷ്ണ സമ്മേളനം ഉദ്ഘാടനം ചെയ്തു. "തൊഴിലാളികൾ പോരാടി നേടിയ അടിസ്ഥാന തൊഴിൽ-ട്രേഡ് യൂണിയൻ അവകാശങ്ങൾ സംരക്ഷിച്ചിരുന്ന 29 തൊഴിൽ നിയമങ്ങൾ റദ്ദാക്കി നാലു ലേബർ കോഡുകൾ പാസ്സാക്കിയിരിക്കുകയാണ് മോദി സർക്കാർ. സംസ്ഥാനത്തെ പിണറായി സർക്കാരാവട്ടെ'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' എന്ന പേരിൽ തൊഴിലാളികളുടെ അവകാശങ്ങൾ ഹനിക്കുന്നു, ലേബർ കോഡുകൾക്ക് സംസ്ഥാന ചട്ടങ്ങൾ രൂപീകരിച്ച് മാതൃക കാട്ടിയിരിക്കുന്നു. സ്ഥിരം തൊഴിലിന്റെ സ്ഥാനത്ത് ഹ്രസ്വകാല കരാർ തൊഴിൽ നിയമപരമാക്കുകയാണ്. മഹത്തായ മേയ്ദിന പോരാട്ടത്തിലൂടെ നേടിയെടുത്ത 8 മണിക്കൂർ പ്രവൃത്തി സമയവും ഇന്ന് തൊഴിലാളികൾക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു.

മിനിമം വേതന ബാധ്യതയിൽ നിന്നു പോലും മുതലാളിമാരെ രക്ഷപ്പെടുത്താൻ തൊഴിലാളികളെ 'തൊഴിലാളി' എന്ന നിർവ്വചനത്തിൽ നിന്ന് പുറത്താക്കുന്ന 'വോളന്റിയർ', അപ്രന്റീസ്, സ്കിൽ ട്രെയിനിംഗ്, 'ഡെലിവറി പാർട്ട്ണർ' എന്നീ ആകർഷക പേരുകളിൽ നിയോഗിക്കുവാൻ മുതലാളിമാർക്ക് അവസരമൊരുക്കുകയാണ്. പ്രതിസന്ധിയിൽ മുങ്ങിത്താഴുന്നമുതലാളിത്ത-സാമ്രാജ്യത്വ ചൂഷണത്തിന്റെ പുതിയ മുഖമാണിത്. ഈ കടുത്ത ചൂഷണം അവസാനിപ്പിക്കുവാൻ വീറുറ്റ യോജിച്ച പ്രക്ഷോഭങ്ങൾ രാജ്യവ്യപകമായി വളർത്തിയെടുക്കുവാൻ തൊഴിലാളികൾ തയ്യാറാകണം"- അദ്ദേഹം ആഹ്വാനം ചെയ്തു.

എഐയുറ്റിയുസി അഖിലേന്ത്യാ വൈസ് പ്രസിഡണ്ടും സംസ്ഥാന പ്രസിഡണ്ടുമായ സഖാവ് ആർ.കുമാർ അദ്ധ്യക്ഷത വഹിച്ചു. എഐയുറ്റിയുസി തമിഴ്നാട് സംസ്ഥാന പ്രസിഡണ്ട് എ.അനവരതൻ, കേരള സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ, സംസ്ഥാനവൈസ്പ്രസിഡണ്ടുമാരായ കെ.അബ്ദുൾ അസീസ്, എസ്.സീതിലാൽ, എൻ.ആർ.മോഹൻകുമാർ എന്നിവർ പ്രസംഗിച്ചു. എഐയുറ്റിയുസി കോട്ടയം ജില്ലാ


സഖാവ് കെ.രാധാകൃഷ്ണ


ജാസ്മിൻ ഷാ


സഖാവ് ജയ്സൺ ജോസഫ്

സെക്രട്ടറിയും സംയുക്തട്രേഡ് യൂണിയൻ ജില്ലാകൺവീനറുമായ വി.പി.കൊച്ചുമോൻ സ്വാഗതവും സംസ്ഥാന വൈസ് പ്രസിഡണ്ട് പി.എം.ദിനേശൻ കൃതജ്ഞതയും പറഞ്ഞു.

അമേരിക്കൻ സാമ്രാജ്യത്വ



സഖാവ് കെ.രാധാകൃഷ്ണ പൊതുസമ്മേളനത്തിൽ പ്രസംഗിക്കുന്നു.



പ്രതിനിധി സമ്മേളനത്തിൽ സഖാവ് ആർ.കുമാർ പ്രസംഗിക്കുന്നു. എച്ച്എംഎസ് സംസ്ഥാന ജനറൽ സെക്രട്ടറി ടോമി മാത്യു, എസ്.സീതിലാൽ, കെ.രാധാകൃഷ്ണ, ഐഎൻറ്റിയുസി സംസ്ഥാന പ്രസിഡണ്ട് ആർ. ചന്ദ്രശേഖരൻ, എഐറ്റിയുസി അഖിലേന്ത്യാ സെക്രട്ടറി ആർ.പ്രസാദ് തുടങ്ങിയവർ വേദിയിൽ.

ത്തിന്റെ പിന്തുണയോടെ സയണിസ്റ്റ് ഇസ്രയേൽ പലസ്തീൻ ജനതക്കുനേരെ നടത്തുന്ന വംശഹത്യാ യുദ്ധവും സാമ്രാജ്യത്വ റഷ്യ യുക്രൈയ്നുമേൽനടത്തുന്ന യുദ്ധവും ഉടൻ അവസാനിപ്പിക്കണമെന്നും ഇന്ത്യയുടെ സാമ്രാജ്യത്വ വിരുദ്ധ പാരമ്പര്യത്തെ കളങ്കപ്പെടുത്തുന്ന മോദി സർക്കാർ സാമ്രാജ്യത്വാനുകൂല വിദേശനയത്തിൽനിന്നും പിന്തിരിയണമെന്നും ആവശ്യപ്പെടുന്ന യുദ്ധവിരുദ്ധ പ്രമേയം, എഡിഎം നവീൻ ബാബുവിന്റെ ദാരുണാന്ത്യത്തിൽ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രമേയം എന്നിവ യഥാക്രമം സംസ്ഥാന വൈസ്പ്രസിഡണ്ടുമാരായ ഷൈല കെ.ജോൺ, കെ.കെ.സുരേന്ദ്രൻ എന്നിവർ അവതരിപ്പിച്ചു.

യുണൈറ്റഡ് നേഴ്സസ് അസോസിയേഷൻ (UNA) ദേശീയ പ്രസിഡണ്ട് ജാസ്മിൻ ഷാ മുഖ്യാതിഥിയായിരുന്നു. "സ്വകാര്യ മാനേജ്മെന്റ് ആശുപത്രികളിൽ അടിമകളെപ്പോലെ ജോലി ചെയ്തിരുന്ന നഴ്സുമാർക്ക് മാന്യമായ വേതനവും അവകാശങ്ങളും നേടാനായത് പോരാട്ടങ്ങളിലൂടെയാണ്. ഈ പോരാട്ടങ്ങൾക്കിടയിൽ യഥാർത്ഥ മിത്രങ്ങളേയും ശത്രുക്കളേയും തിരിച്ചറിയാൻ കഴിഞ്ഞു. പണിമുടക്ക് ഉൾപ്പെടെയുള്ള ശക്തമായ സമരംതന്നെയാണ് തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കാനുള്ള പ്രധാന ആയുധം. പ്രതിസന്ധിയുടെ ഘട്ടത്തിൽ നഴ്സുമാർക്ക് സഹായകരമായി നിലകൊണ്ടത് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മാത്രമാണ്", ജാസ്മിൻ ഷാ അഭിപ്രായപ്പെട്ടു.


സഖാവ് വി.കെ.സദാനന്ദൻ



സഖാവ് ബി.വിനോദ്

ഒക്ടോബർ 19ന് സാഹിത്യ പ്രവർത്തക സഹകരണ സംഘം ഹാളിൽ പ്രതിനിധി സമ്മേളനം ആരംഭിച്ചു. ആർ.കുമാർ പതാക ഉയർത്തി. തൊഴിലാളികൾക്ക് മനുഷ്യോചിതമായ ജീവിതം സാധ്യമാക്കുവാൻ ജീവൻ ബലിയർപ്പിച്ച ധീരരക്തസാക്ഷികളുടെ സ്മരണ തുടിച്ചുനിന്ന സമ്മേളന നഗരിയിൽ രക്തസാക്ഷിമണ്ഡപത്തിൽ നേതാക്കൾ പൂക്കളർപ്പിച്ചു.

സഖാവ് കെ.രാധാകൃഷ്ണ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഐഎൻറ്റിയുസി ദേശീയഉപാധ്യക്ഷനുംസംസ്ഥാന പ്രസിഡണ്ടുമായ ആർ. ചന്ദ്രശേഖരൻ, എച്ച്എംഎസ് സംസ്ഥാന ജനറൽ സെക്രട്ടറി ടോമി മാത്യു, എഐറ്റിയുസി അഖിലേന്ത്യാ സെക്രട്ടറി ആർ.പ്രസാദ് എന്നിവർ സമ്മേളനത്തിന് ആശംസ അറിയിച്ചുകൊണ്ട് പ്രസംഗിച്ചു. ആർ.കുമാർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം അഡ്വ.എം.എ. ബിന്ദു എന്നിവർ പ്രസംഗിച്ചു.

കെ.അബ്ദുൾഅസീസ്,ഷൈല കെ.ജോൺ, കെ.കെ.സുരേന്ദ്രൻ എന്നിവരടങ്ങുന്ന മൂന്നംഗ പ്രസീഡിയം സമ്മേളന നടപടികൾ നിയന്ത്രിച്ചു. മുഖ്യ രാഷ്ട്രീയപ്രമേയം, കേന്ദ്ര-സംസ്ഥാന പൊതുമേഖല, അസംഘടിത മേഖല, പരമ്പരാഗത വ്യവസായ രംഗം, സ്കീം വർക്കേഴ്സ്, സർക്കാർ സർവ്വീസ്, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തൊഴിൽ-വ്യവസായ നയങ്ങൾ, തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന തൊഴിൽ-ലൈംഗിക ചൂഷണവും വിവേചനവും തുടങ്ങിയ വിഷയങ്ങളെ മുൻനിർത്തിയുള്ള പ്രമേയങ്ങൾ യഥാക്രമം സഖാക്കൾ എസ്.സീതിലാൽ, കെ.എസ്.ഹരികുമാർ, അനിൽ പ്രസാദ്, ബി.വിനോദ്, ആർ.അർജ്ജുനൻ, എം.എ.ബിന്ദു, പി.എം.ശ്രീകുമാർ, അനൂപ് ജോൺ, കെ.എസ്.ശശികല എന്നിവർ അവതരിപ്പിച്ചു. സംഘടനാ റിപ്പോർട്ട് വി.കെ.സദാനന്ദൻ അവതരിപ്പിച്ചു. റിപ്പോർട്ടും പ്രമേയങ്ങളും സമ്മേളനം ഐകകണ്ഠ്യേന പാസ്സാക്കി. വി.കെ.സദാനന്ദൻ പ്രസിഡണ്ടും ബി.വിനോദ് സെക്രട്ടറിയുമായി 55 അംഗ കമ്മിറ്റിയെയും സമ്മേളനം തിരഞ്ഞെടുത്തു. എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കേന്ദ്ര കമ്മിറ്റി അംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് ജയ്സൺ ജോസഫ് സമാപന സന്ദേശം നൽകി. സാർവ്വദേശീയ ഗാനാലാപനത്തോടെ സമ്മേളനം സമാപിച്ചു. ■







# ഡിസാസ്റ്റർ ക്യാപ്പിറ്റലിസം

# യുദ്ധങ്ങൾ സൃഷ്ടിക്കുന്ന സാമ്രാജ്യത്വം യുദ്ധാനന്തര കെടുതികളെ മുതലെടുക്കുകയും ചെയ്യുന്നു

*(1–ാം പേജിൽ നിന്ന്)*

ച്ചതും മുന്നോട്ടുപോയതും. മാനവസാഹോദര്യത്തിന്റെ ഉദാത്തമായ ഏടുകളാണ് നമുക്കവിടെ കാണാനാവുക. സ്വാർത്ഥലാഭത്തിനുവേണ്ടി ദുരന്തങ്ങളെ ഉപയോഗിക്കുക എന്നത് മാനുഷിക ഗുണങ്ങളുള്ളവർക്ക് സങ്കൽപ്പിക്കാനാവാത്തതാണ്. പക്ഷേ, മുതലാളിത്തം ഒരു വ്യവസ്ഥിതി എന്ന നിലയിൽ അത്യന്തം ജീർണ്ണിച്ച ഈ ഘട്ടത്തിൽ നാം കാണുന്നത് ദുരന്തങ്ങളെ ലാഭലക്ഷ്യങ്ങളാക്കി മാറ്റുന്ന പൈശാചികതയാണ്.

## യുദ്ധദുരന്തങ്ങൾ സാമ്രാജ്യത്വത്തിന്റെ സൃഷ്ടി

പ്രകൃതിദുരന്തങ്ങൾക്ക് സമാനമായ ഭീകരമായ കെടുതികളാണ് ആഗോളതലത്തിൽ യുദ്ധങ്ങൾ സൃഷ്ടിക്കുന്നത്. യുദ്ധങ്ങൾ പ്രത്യക്ഷത്തിലും പ്രകൃതിദുരന്തങ്ങൾ പരോക്ഷമായും മുതലാളിത്തത്തിന്റെ സൃഷ്ടിയാണ്. സ്വന്തം രാജ്യത്തെ കമ്പോളത്തിന്റെ സീമകളെ കവച്ചുവയ്ക്കുന്ന ഉൽപാദനശേഷി കൈവരുന്നതോടെ അന്യരാജ്യത്തെ കമ്പോളങ്ങൾ ബലാൽക്കാരേണ പിടിച്ചെടുക്കുന്നതിനും പുനർവിഭജനം നടത്തുന്നതിനും വേണ്ടിയുള്ളതാണ് സാമ്രാജ്യത്വ കടന്നാക്രമണയുദ്ധങ്ങൾ. തൊഴിലാളിയുടെ അധ്വാനം വഴി സൃഷ്ടിക്കുന്ന മൂല്യത്തിന്റെ വലിയൊരു ഭാഗം മുതലാളി കവർന്നെടുക്കുന്നു കാരണം വാങ്ങൽശേഷി കുറയുന്നതോടെ ഉണ്ടാവുന്ന അമിതോൽപാദനം എന്ന പ്രതിഭാസം കമ്പോള പ്രതിസന്ധിയിലേക്ക് നയിക്കുന്നു. അതിൽനിന്ന് കരകയറാൻ സ്വീകരിക്കുന്ന കുറുക്കുവഴിയാണ് സമ്പദ്‌വ്യവസ്ഥയുടെ സൈനികവൽക്കരണം എന്നത്. അവിടെ സർക്കാർ തന്നെ ഉപഭോക്താവാകുന്നു. സാധാരണ ജനങ്ങളിൽ നിന്ന് സമാഹരിക്കുന്ന നികുതിപ്പണത്തിന്റെ വലിയൊരു പങ്ക് ജനക്ഷേമപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാതെ, സൈനിക സാമഗ്രികൾ വാങ്ങാൻ ഉപയോഗിക്കുന്നു. ഇങ്ങനെ കൃത്രിമമായി സൃഷ്ടിക്കുന്ന കമ്പോളം വഴി വൻകിട കുത്തകമുതലാളിമാർ ലാഭക്കൊയ്ത്ത് നടത്തുന്നു. കുന്നുകൂടുന്ന യുദ്ധോപകരണങ്ങൾ പ്രയോഗിച്ചു തീർക്കാനും കാര്യക്ഷമത കാട്ടി അവ മറ്റു രാജ്യങ്ങൾക്ക് വിറ്റഴിക്കാനും ഇടയ്ക്കിടെ യുദ്ധങ്ങൾ ആവശ്യമായി വരുന്നു. ക്രിമിനൽ മൂലധനശക്തികളുടെ ഇച്ഛാനുസരണം യുദ്ധം സൃഷ്ടിക്കാനായി, രാഷ്ട്രീയ വൈരങ്ങൾ ഇളക്കി വിടാനുള്ള വൈഭവം ഈ രാഷ്ട്രങ്ങൾക്കുണ്ട്. ചരിത്രവും പുരാണവും വംശീയതയും അടക്കമുള്ള കാര്യങ്ങൾ ഉപയോഗപ്പെടുത്തി ഏതൊരു നിമിഷവും യുദ്ധം സൃഷ്ടിക്കുവാൻ പോന്ന നയതന്ത്രസംവിധാനങ്ങളും ചാരപ്രവർത്തനങ്ങളും സങ്കുചിത ദേശീയഭ്രാന്ത് സൃഷ്ടിക്കാനുള്ള പ്രചാരണോപാധികളും സദാ സജ്ജമാണ്. ഭ്രാന്തമായ, സർവ്വനാശം വിതയ്ക്കുന്ന യുദ്ധക്കെടുതികൾ സൃഷ്ടിക്കപ്പെടുന്നത് ഇവ്വിധമാണ്. സാമ്രാജ്യത്വം യുദ്ധം സൃഷ്ടിക്കുമെന്ന ലെനിന്റെ പാഠം ഇവിടെ നാം ഓർക്കണം.

## പ്രകൃതിദുരന്തങ്ങളും സൃഷ്ടിക്കപ്പെടുന്നത്

പ്രകൃതിദുരന്തങ്ങൾ(natural disasters) സ്വാഭാവികം(natural) എന്ന് പറയാനാവാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഭൂഗോളത്തിലുള്ള ഒരു പ്രദേശവും കടുത്ത പ്രകൃതിക്ഷോഭങ്ങളിൽനിന്ന് മുക്തമല്ല. ഇക്കാര്യത്തിൽ രാജ്യാതിർത്തികൾക്ക് പ്രസക്തിയില്ലാതായി. വിനാശകാരികളായ ചുഴലിക്കാറ്റുകൾ, ഇതുവരെ കാണാത്ത വിധത്തിലുള്ള വരൾച്ച, വൻകെടുതികൾ സൃഷ്ടിക്കുന്ന വെള്ളപ്പൊക്കം, വിശാലമായ വനങ്ങളെ വിഴുങ്ങുന്ന കാട്ടുതീ എന്നിവയൊക്കെ നിരന്തരം ലോകത്തിന്റെ ഏതെങ്കിലുമൊക്കെ ഭാഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളുടെ ജീവനും ജീവിതവും ഞൊടിയിടകൊണ്ട് കശക്കിയെറിയപ്പെടുന്നു.

കോടിക്കണക്കിന് വർഷങ്ങൾകൊണ്ട് താരതമ്യേന സന്തുലിതാവസ്ഥ കൈവരിച്ച ഭൂമി പൊടുന്നനെയെന്നവണ്ണം കോപാകുലമായത് എന്തുകൊണ്ട് എന്നതിന് കൃത്യമായ കാരണങ്ങൾ ശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. ഇപ്പോഴുണ്ടാവുന്ന 90% പ്രകൃതിദുരന്തങ്ങളും ആഗോളതാപനം വഴിയുള്ള കാലാവസ്ഥാവ്യതിയാനങ്ങൾ കാരണമാണെന്നും, അതാവട്ടെ, പ്രധാനമായും വികസിത സാമ്രാജ്യത്വ രാജ്യങ്ങളിൽനിന്ന് പുറന്തള്ളപ്പെടുന്ന ഹരിതഗൃഹവാതകങ്ങൾ വഴിയാണെന്നും കണ്ടെത്തിയിട്ട് ദശാബ്ദങ്ങളായി. താൽക്കാലിക നേട്ടങ്ങൾക്കായി മനുഷ്യന്റെ ഭാവിജീവിതത്തെ പരിഗണിക്കാതെ വൻകിട മുതലാളിമാർ അതിലാഭത്തിനുവേണ്ടി നടത്തുന്ന ഭ്രാന്തമായ പാച്ചിലിൽ സൃഷ്ടിക്കപ്പെടുന്നതാണ് ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനംമൂലമുള്ള ദുരന്തങ്ങൾ. അവയുടെ വ്യാപ്തി കുറയ്ക്കാൻ മാർഗം ഇല്ലാഞ്ഞിട്ടല്ല. ഇക്കാര്യത്തെ മുൻനിർത്തി നടന്ന നിരവധി അന്താരാഷ്ട്ര സമ്മേളനങ്ങളുടെ തീരുമാനങ്ങൾ മുൻനിര രാഷ്ട്രങ്ങൾ നടപ്പിലാക്കുന്നില്ല എന്നതാണ് കാരണം. പ്രതികളായ കുത്തക മുതലാളിമാരുടെ ലാഭത്തിന്റെ ഒരു വിഹിതം ചെലവഴിക്കേണ്ടിവരും എന്നതാണ് അവരെ തടയുന്നത്. ആഗോള മുതലാളിത്തത്തിന്റെ ക്രിമിനൽ ലാഭതാൽപര്യങ്ങളാണ് മനുഷ്യരാശിയെപ്പോലും നശിപ്പിക്കാനിടയുള്ള കാലാവസ്ഥാ വ്യതിയാനത്തിന് കാരണം എന്ന് നിസ്സംശയം പറയാം.' നമ്മൾ പ്രകൃതിദുരന്തങ്ങളുടെ ഒരു ടൈംബോംബിന് മുകളിലാണ് ഇരിക്കുന്നത് എന്ന് പറഞ്ഞത് ഐക്യരാഷ്ട്ര സഭയുടെ സെക്രട്ടറി ജനറലാണ്.

## ദുരന്തകാലത്തെ മുതലാളിത്തം പ്രയോജനപ്പെടുത്തുന്നു

അങ്ങനെ, ഇക്കാലത്തെ ദുരന്തങ്ങൾ, -അവ പ്രകൃതിദുരന്തങ്ങളാവട്ടെ, യുദ്ധമാവട്ടെ-സൃഷ്ടിക്കുന്നത് എങ്ങനെയാണോ അതേ കൗശലത്തോടെ തന്നെയാണ് ഈ ദുരന്തങ്ങളുണ്ടാക്കുന്ന കെടുതികളെയും തങ്ങളുടെ ലാഭാർത്തിയെ താൽക്കാലികമായി ശമിപ്പിക്കുന്നതിന് മുതലാളിത്തം പ്രയോജനപ്പെടുത്തുന്നത്. സാധാരണ അവസ്ഥയിൽ നിക്ഷേപസാധ്യതയില്ലാത്ത വൻകിട മൂലധനത്തിന് ഒരു ദുരന്താനന്തര സാഹചര്യത്തിൽ വൻതോതിൽ നിക്ഷേപം നടത്താനുള്ള അവസരം തുറന്നു കൊടുക്കുന്ന തരത്തിൽ നയങ്ങൾ ആവിഷ്കരിക്കപ്പെടുകയാണ്. മനുഷ്യന്റെ ദൈന്യതയെ വിറ്റു കാശാക്കുന്ന ഈ വന്യമായ കൊള്ള 'ദുരന്തകാല മുതലാളിത്തം(ഡിസാസ്റ്റർ ക്യാപ്പിറ്റലിസം) എന്ന് വിളിക്കപ്പെടുന്നു. ലോകപ്രശസ്ത പത്രപ്രവർത്തകയും എഴുത്തുകാരിയുമായ നവോമി ക്ലെയ്ൻ 2007ൽ പ്രസിദ്ധീകരിച്ച "ഷോക്ക് ഡോക്ട്രിൻ" എന്ന ഗ്രന്ഥത്തിൽ ഈ പ്രതിഭാസത്തെ ഇഴകീറി പരിശോധിക്കുന്നു.

"അത്യാപത്തു വരുത്തുന്ന ദാരുണസംഭവങ്ങളുണ്ടാകുമ്പോൾ പൊതുജീവിതത്തിനുമേൽ നടത്തുന്ന ആസൂത്രിതമായ മിന്നലാക്രമണങ്ങളും, ദുരന്തങ്ങളെ മികച്ച കമ്പോളാവസരങ്ങളാക്കി മാറ്റുന്ന രീതിയും സംയോജിക്കുന്നതാണ് ദുരന്ത മുതലാളിത്തം" എന്നാണ് നവോമി ക്ലെയ്ൻ നിർവ്വചിക്കുന്നത്.

1950കളിൽ ഷിക്കാഗോ സർവ്വകലാശാലയിൽ സാമ്പത്തികശാസ്ത്ര പ്രൊഫസറായിരുന്ന മിൽട്ടൺ ഫ്രീഡ്മാനാണ് ദുരന്ത മുതലാളിത്തമെന്ന് ഇന്നു വിളിക്കപ്പെടുന്ന പ്രതിഭാസത്തിന്റെ താത്വിക അടിത്തറ നിർവചിച്ചത്. 'പുതിയ സ്വതന്ത്രമത്സരം' എന്നതാണ് ഇതിന്റെ കാതൽ. വിപണിയെ എല്ലാത്തരം നിയന്ത്രണങ്ങളിൽ നിന്നും മോചിപ്പിച്ചാൽ അത് ഒരു സമ്പദ്‌വ്യവസ്ഥയുടെ സ്വാഭാവിക സന്തുലനം കണ്ടെത്തും. ഉല്പാദനവും തൊഴിലവസരങ്ങളും ക്രയവിക്രയവുമെല്ലാം ഇതിനനുസരിച്ച് ക്രമീകരിക്കപ്പെടും. വില കുറയ്ക്കാനോ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനോ വിപണിയെ നിയന്ത്രിക്കാനോ ഒക്കെയുള്ള ഭരണകൂടത്തിന്റെ ഇടപെടൽ ഈ സന്തുലനത്തെ താളം തെറ്റിക്കും. അത് സമ്പദ്‌വ്യവസ്ഥയ്ക്കു നല്ലതല്ല. ഇതാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം. ഗണിതശാസ്ത്രമോഡലുകളിലൂടെ ശാസ്ത്രീയ പദാവലികളോടെയാണ് അവതരിപ്പിച്ചത് എന്നതിനാൽ അതിനൊരു അക്കാദമിക സ്വഭാവവും ലഭിച്ചു. അതിവേഗതയിൽ ജനജീവിതത്തിനുമേൽ വന്നുപതിക്കുന്ന ദുരന്തങ്ങൾ ഈ നിയന്ത്രണങ്ങളെ തുത്തെറിയാനായി ഉപയോഗിക്കാമെന്നും അദ്ദേഹം പറഞ്ഞു. തൊഴിലവകാശങ്ങൾ വെട്ടിച്ചുരുക്കുക, പൊതുസേവനങ്ങൾക്കായുള്ള സർക്കാർ ചെലവുകൾ നിർത്തലാക്കുക, പൊതുസേവനങ്ങൾ പുറംകരാറുകളിലൂടെ നടപ്പാക്കുക, പൊതുമുതലിന്റെ തിരോധാനം, സ്വകാര്യമൂലധനത്തിന് എല്ലാ മേഖലകളിലും നിക്ഷേപാവസരം നൽകുക എന്നിങ്ങനെ ആഗോളീകരണത്തിന്റെ മന്ത്രങ്ങളായി ഇന്ന് സ്വീകരിക്കപ്പെടുന്ന കാര്യങ്ങളെല്ലാം ഫ്രീഡ്മാന്റെ ഷിക്കാഗോ സ്കൂളിന്റെ മാനസസന്തതികളാണ്.

സിഐഎയുടെ സഹായത്തോടെ മാക്ഗിൽ യൂണിവേഴ്സിറ്റിയിൽ ഡോ. ഇവെൻ കാമറൂണിന്റെ നേതൃത്വത്തിൽ, തടവുകാരെ ചോദ്യം ചെയ്യുന്നതിനുള്ള നൂതന വിദ്യകൾ ആവിഷ്കരിക്കുക എന്ന ലക്ഷ്യത്തോടെ, ചില രോഗികളുടെ മേൽ നടത്തിയ മനുഷ്യത്വരഹിതമായ പരീക്ഷണമാണ് ഷോക് ചികിത്സ. ഇലക്ട്രിക് ഷോക്കുകളും എൽഎസ്ഡി പോലുള്ള സൈക്കഡെലിക് മരുന്നുകളും പരിധിവിട്ട് രോഗിയിലേൽപ്പിച്ച് അവരുടെ മനസ്സിനെ ശൂന്യമാക്കുകയും പിന്നീട് ആവശ്യാനുസരണം പരുവപ്പെടുത്തിയെടുക്കുകയും ചെയ്യാമെന്നാണ് അവർ കരുതിയത്.

സമ്പദ്‌വ്യവസ്ഥയെ മെരുക്കിയെടുക്കാനും ഇതുപോലുള്ള ഷോക്ക് ചികിത്സ ആവശ്യമാണെന്ന് ഫ്രീഡ്മാൻ വാദിച്ചു . ഇത്തരത്തിലുള്ള ഷോക്ക് ചികിത്സയ്ക്ക് സാഹചര്യം ഒരുക്കുംവിധം യുദ്ധമോ യുദ്ധസമാനമായ ദുരന്തസാഹചര്യമോ സൃഷ്ടിക്കാനായി കൃത്യമായ ആസൂത്രണം നടത്താനും അത് നടത്തിയെടുക്കാനുമുള്ള ഏജൻസികളുണ്ട്. സിഐഎയും പെന്റഗണും ആണ് ഇക്കാര്യത്തിൽ മുൻപന്തിയിൽ. അവർ ഓരോ രാജ്യത്തെയും മൂലധനശക്തികളുമായി ഒത്തുചേർന്ന് വ്യവസ്ഥാപിതമായി ജനങ്ങൾ തിരഞ്ഞെടുക്കുന്ന പുരോഗമന സർക്കാരുകളെ അട്ടിമറിക്കാൻ കുത്തിത്തിരിപ്പ് ഉണ്ടാക്കുകയും പട്ടാള അട്ടിമറികൾ സംഘടിപ്പിക്കുകയും ചെയ്യും. എല്ലാ ജനാധിപത്യ സംവിധാനങ്ങളെയും വഴക്കങ്ങളെയും ഇല്ലാതാക്കുകയും പ്രതിഷേധങ്ങളെ നിഷ്ഠുരമായി അടിച്ചമർത്തുകയും ചെയ്യും. അങ്ങനെ ജനങ്ങൾക്ക് ഷോക്ക് നൽകി അസ്തപ്രജ്ഞരാക്കി അരങ്ങൊരുക്കിയതിനുശേഷമാണ് മൂലധനശക്തികൾ രാജ്യത്തിന്റെ സമ്പത്ത് കൊള്ളയടിക്കാനുള്ള തേർവാഴ്ച ആരംഭിക്കുന്നത്. ജനങ്ങൾക്ക് അനുകൂലമായ എല്ലാ പുരോഗമന നയങ്ങളും പിൻവലിക്കപ്പെടും. പൊതുമുതൽ സ്വകാര്യവൽക്കരിക്കും. ജനക്ഷേമ പ്രവർത്തനങ്ങളിൽനിന്ന് സർക്കാർ പിന്തിരിയും.തൊഴിലാളികളെ വൻതോതിൽ പിരിച്ചുവിടും. വിലക്കയറ്റം ഭീകരമായി വർദ്ധിപ്പിക്കും. തങ്ങളുടെ വാഴ്ചയ്ക്ക് തടസ്സമെന്നു കരുതുന്ന സർവ്വരേയും വകവരുത്തുകയോ തടവറകളിൽ നിഷ്ഠുരമായ പീഡനങ്ങൾക്ക് ഇരയാക്കുകയോ ചെയ്യും. ജനങ്ങൾ പാപ്പരാവുകയും ജനങ്ങളെ പിഴിഞ്ഞൂറ്റി ഏതാനും കുത്തക മുതലാളിമാർ തടിച്ചു കൊഴുക്കുകയും ചെയ്യും. ഇതിനെല്ലാം കാവലാളായി ലോകസാമ്രാജ്യത്വത്തിന്റെ പൈശാചിക ശക്തിയുടെ തലവൻ എന്ന നിലയിൽ യുഎസ് സാമ്രാജ്യത്വം ഉണ്ടാവും.

## ചിലിയിലെ പരീക്ഷണം

രാജ്യത്തെ സമ്പത്ത് കൊള്ളയടിക്കാൻ ദുരന്തസമാനമായ ഷോക്ക് കൃത്രിമമായി സൃഷ്ടിച്ച ചിലിയിലാണ് മേൽപ്പറഞ്ഞ ഷിക്കാഗോ സ്കൂളിന്റെ സാമ്പത്തിക -രാഷ്ട്രീയ പദ്ധതിയുടെ ലക്ഷണയുക്തമായ ആവിഷ്കാരം നടന്നത്. ജനാധിപത്യ-സോഷ്യലിസ്റ്റ് സ്വഭാവമുള്ള നടപടികൾ സ്വീകരിക്കുകയും പ്രധാന വ്യവസായങ്ങൾ ദേശസാൽക്കരിക്കുകയും സൗജന്യ വിദ്യാഭ്യാസവും ആരോഗ്യ പരിരക്ഷയും ഏർപ്പെടുത്തുകയും ഭൂപരിഷ്കരണം നടപ്പിലാക്കുകയും ചെയ്ത സാൽവദോർ അലൻഡെയുടെ സർക്കാർ മൂലധനശക്തികളുടെ കണ്ണിലെ കരടായി മാറി. 1973ൽ, സിഐഎയുടെ പങ്കാളിത്തത്തോടെ നടന്ന പട്ടാള അട്ടിമറിയിലൂടെ അലൻഡെയെ വധിക്കുകയും ജനറൽ പിനാഷെ അധികാരം പിടിച്ചെടുക്കുകയും ചെയ്തു. തുടർന്ന് നടന്ന നരനായാട്ട് ചിലിയിൽ ദുരന്തകാല മുതലാളിത്ത നയങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ ഷോക്ക് ചികിത്സയായി മാറി. ഷോക്കിന്റെ ആഘാതം വിട്ടുമാറും മുമ്പുതന്നെ ചിക്കാഗോ സംഘം പറന്നിറങ്ങി. സ്വകാര്യവൽക്കരണവും സാമൂഹ്യക്ഷേമ കാര്യങ്ങൾക്കുള്ള ചെലവ് വെട്ടിക്കുറക്കലും ആരംഭിച്ചു. ഒരു വർഷംകൊണ്ട് വിലക്കയറ്റം 375 ശതമാനത്തിൽ എത്തി. രാജ്യത്തെ ബഹുഭൂരിപക്ഷം പേരുടെയും സാമ്പത്തിക ജീവിതം തകർന്നു. വിദേശ കമ്പനികളും 'പിരാനകൾ' എന്നറിയപ്പെട്ട ചില ചിലിയൻ കമ്പനികളും നാടിന്റെ സമ്പത്ത് മുഴുവൻ കൊള്ളയടിച്ചു.

അർജന്റീനയിലും ഇതേ മാതൃകയിൽ 1976ൽ പട്ടാള അട്ടിമറിയും ചിക്കാഗോ സംഘത്തിന്റെ നേതൃത്വത്തിൽ സാമ്പത്തിക കൊള്ളയും നടത്തി. കൂട്ടക്കൊലകളും ഭീകരതകളും അരങ്ങേറി. തുടർന്ന് ഉറുഗ്വേയിലും ബ്രസീലിലും ഇതേ തന്ത്രം പരീക്ഷിക്കപ്പെട്ടു, ഇതേ ഫലപ്രാപ്തിയോടെ.

*(ശേഷം 6–ാം പേജിൽ)*

# ആഗോളതാപനം മൂലമുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനം മുതലാളിത്ത ലാഭാർത്തിയുടെ സൃഷ്ടി

**ഡിസാസ്റ്റർ ക്യാപ്പിറ്റലിസം**

(5–ാം പേജിൽ നിന്ന്)

## ഇന്തോനേഷ്യയിൽ ഏല്പിച്ച ഷോക്ക്

1965ലാണ് ഇന്തോനേഷ്യയിൽ ഷോക്ക് ചികിത്സ ആരംഭിച്ചത്. ഇന്തോനേഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിന്തുണയോടെ, സുക്കാർണോയുടെ നേതൃത്വത്തിൽ പുരോഗമന സോഷ്യലിസ്റ്റ് സ്വഭാവത്തിലുള്ള പരിഷ്കാരങ്ങളാണ് അവിടെ നടന്നുവന്നത്. ഒരു പട്ടാള അട്ടിമറിയിലൂടെ, സിഐഎയുടെയും ബ്രിട്ടീഷ് ചാരസംഘടനയുടെയും സഹായത്തോടെ ജനറൽ സുഹാർത്തോ അധികാരം പിടിച്ചെടുത്തു. തുടർന്ന്, ചുരുങ്ങിയ കാലത്തിനുള്ളിൽ 5 ലക്ഷം കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളെയും പത്ത് ലക്ഷത്തോളം ജനങ്ങളെയുമാണ് കൊന്നൊടുക്കിയത്. ആ ഷോക്കിന് പിന്നാലെ മിൽട്ടൺ ഫ്രീഡ്മാന്റെ നേതൃത്വത്തിലുള്ള 'ബർക്ക്‌ലി മാഫിയ' എന്നറിയപ്പെട്ട ചിക്കാഗോ സംഘം അവരുടെ പണി ആരംഭിച്ചു. രാജ്യത്തിന്റെ സമ്പത്ത് കൊള്ളയടിക്കാനുള്ള സ്വകാര്യവൽക്കരണ പരിഷ്കാരങ്ങൾ ആരംഭിച്ചു. വിലക്കയറ്റം, തൊഴിലില്ലായ്മ തുടങ്ങിയ വ്യാധികളോടെ ദുരന്തകാല മുതലാളിത്തം മുന്നേറി.

## ബ്രിട്ടനിൽ താച്ചറിസം

മിൽട്ടൺ ഫ്രീഡ്മാന്റെ സാമ്പത്തിക കാഴ്ചപ്പാടുകളോട് കടുത്ത ആരാധനയുള്ള മാർഗരറ്റ് താച്ചർ 1979ൽ ബ്രിട്ടനിൽ അധികാരത്തിലെത്തി. ഫോക്ക്‌ലാൻഡ് യുദ്ധത്തെയാണ് താച്ചർ ഷോക്ക് ചികിത്സയ്ക്കായി ഉപയോഗിച്ചത്. സങ്കുചിത ദേശഭ്രാന്ത് ജ്വലിപ്പിക്കപ്പെട്ടു. പത്തുവർഷംകൊണ്ട് ബ്രിട്ടന്റെ സാമ്പത്തിക ഘടനയെയാകെ ഇളക്കിമറിച്ചു. ലോകത്തെയാകെ കൊളോണിയൽ ചൂഷണം നടത്തി സമാഹരിച്ച സമ്പത്തിന്റെ ഒരു വിഹിതം അതുവരെ ബ്രിട്ടനിലെ ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി സർക്കാർ വിനിയോഗിക്കുമായിരുന്നു. താച്ചർ അതെല്ലാം അടിമുടി മാറ്റി. ലോകം കണ്ട ഏറ്റവും വലിയ പണിമുടക്കുകളിൽ ഒന്നായി മാറിയ ബ്രിട്ടനിലെ ഖനിത്തൊഴിലാളികളുടെ സമരത്തെ മൃഗീയമായി അടിച്ചമർത്തി. രാഷ്ട്രത്തിന്റെ പൊതുസ്വത്തായിരുന്ന വ്യവസായങ്ങളെ മുഴുവൻ സ്വകാര്യവൽക്കരിച്ചു. ജനക്ഷേമപ്രവർത്തനങ്ങൾക്കുള്ള തുക വൻതോതിൽ വെട്ടിക്കുറച്ചു. ട്രേഡ് യൂണിയനുകളുടെ പ്രവർത്തന സ്വാതന്ത്ര്യം എടുത്തുകളഞ്ഞു. ഇതിന്റെയെല്ലാം ഫലമായി അസമത്വവും തൊഴിലില്ലായ്മയും ദാരിദ്ര്യവും ഈ സമ്പന്ന രാജ്യത്ത് ഭീമമായി വർദ്ധിച്ചു. സമ്പത്ത് ഒരുപിടി കുത്തക മുതലാളികളുടെ കൈകളിലേക്ക് ഒഴുകിയെത്തി.

## യുഎസ്സിൽ റീഗണോമിക്സ്

ഏതാണ്ട് ഒരേ കാലയളവിലാണ് ബ്രിട്ടനിൽ താച്ചറും യു എസിൽ റീഗനും അധികാരത്തിലെത്തിയത്. ബ്രിട്ടനിലെ സാമ്പത്തിക പരിഷ്കാരങ്ങളുടെ മാതൃക തന്നെയാണ് യുഎസിൽ പിന്തുടർന്നത്. മിൽട്ടൺ ഫ്രീഡ്മാനെ സാമ്പത്തിക ഉപദേശകനായി നിയമിച്ചു. അതോടെ പുതിയ നയങ്ങളുടെ നടത്തിപ്പിലൂടെ മറ്റെല്ലാ രാജ്യങ്ങളിലും സംഭവിച്ച മാറ്റങ്ങൾ യുഎസിലും പ്രത്യക്ഷപ്പെട്ടു. രണ്ടാം ലോകയുദ്ധാനന്തര കാലഘട്ടത്തിലെ മുതലാളിത്ത പ്രതിസന്ധികളെ അതിജീവിക്കാനായി ആവിഷ്കരിച്ച സാമ്പത്തിക നയങ്ങൾക്ക് ആഗോളവൽക്കരണ നയങ്ങളിലൂടെ മൂർത്തരൂപം കൈവന്നു.

## സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ച സൃഷ്ടിച്ച ദുരന്തം

തുടർന്ന്, ചരിത്രത്തിലെ ഏറ്റവും ദുരന്തപൂർണമായ ഏടുകൾക്കാണ് ലോകം സാക്ഷ്യം വഹിച്ചത്. താച്ചറും റീഗനും ജോൺപോൾ രണ്ടാമൻ മാർപാപ്പയും ചേർന്ന അവിശുദ്ധ സഖ്യത്തിന്റെ നേതൃത്വത്തിൽ, സാമ്രാജ്യത്വ ചേരിക്ക് ബദലായി നിലയുറപ്പിച്ചിരുന്ന സോഷ്യലിസ്റ്റ് ചേരിയെ തകർക്കാനുള്ള ശ്രമം ആരംഭിച്ചു. സഖാവ് സ്റ്റാലിന്റെ മരണത്തോടെ നേതൃത്വത്തിൽ പിടിമുറുക്കിയ ആധുനിക തിരുത്തൽ വാദം സോവിയറ്റ് സമ്പദ്‌വ്യവസ്ഥയിലും സമൂഹത്തിലും ക്രമേണ മുതലാളിത്ത ആശയങ്ങൾ ഒളിച്ചു കടത്തി. അതിന്റെ ദീർഘകാലത്തെ പ്രയോഗം ഗോർബച്ചേവിന്റെ കാലം എത്തിയപ്പോഴേക്കും പ്രതിവിപ്ലവം പൂർത്തീകരിക്കാനുതകും വിധം സോഷ്യലിസ്റ്റ് ചേരിയെയാകെ പരുവപ്പെടുത്തി. ഗ്ലാസ്നോസ്റ്റ്, പെരിസ്ട്രോയിക്ക പദ്ധതി പ്രതിവിപ്ലവത്തിന്റെ രൂപരേഖയായി മാറി. പോളണ്ടിൽ പോപ്പിന്റെ നേരിട്ടുള്ള ഇടപെടലിലൂടെ സോളിഡാരിറ്റി എന്ന യൂണിയന്റെ നേതൃത്വത്തിൽ ആരംഭിച്ച അട്ടിമറി പ്രക്ഷോഭത്തിലൂടെ പോളണ്ടിൽ മുതലാളിത്തം പുനഃസ്ഥാപിക്കപ്പെട്ടു.

സിഐഎയുടെയും സാമ്രാജ്യത്വ ശക്തികളുടെയും ഗോർബച്ചേവിന്റെയും പിന്തുണയോടെ നടന്ന പ്രതിവിപ്ലവപ്രവർത്തനങ്ങൾ കിഴക്കൻ യൂറോപ്യൻ സോഷ്യലിസ്റ്റ് രാജ്യങ്ങളെയാകെ കടപുഴക്കി. ഒടുവിൽ സോവിയറ്റ് യൂണിയനിലും പ്രതിവിപ്ലവം പൂർത്തിയാക്കി. ലോക തൊഴിലാളി വർഗ്ഗത്തിന്റെ കാവൽദുർഗ്ഗമെന്നവണ്ണം നിലകൊണ്ട സോഷ്യലിസ്റ്റ് ഭരണകൂടത്തെ മുതലാളിവർഗ്ഗം പിടിച്ചെടുത്തു. പ്രതിവിപ്ലവം ഈ രാജ്യങ്ങളിലെ സാമൂഹിക ജീവിതത്തിലുണ്ടാക്കിയ ദുരന്തം ചരിത്രത്തിലെ വേദനാകരമായ ഒരു ഏടാണ്. തിരുത്തൽവാദത്തിന്റെ ദീർഘകാലത്തെ പ്രയോഗത്തിനു ശേഷവും ജനങ്ങളുടെ ജീവിത സുരക്ഷയിൽ ലോക ജനതയ്ക്ക് മാതൃകയായി നിലനിന്ന സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തകർന്നടിഞ്ഞു. സമ്പൂർണ്ണമായ അരാജകത്വവും കൊള്ളയും കൊലപാതകവും അരങ്ങേറി. അതിന് വഴിയൊരുക്കിയും പ്രോത്സാഹിപ്പിച്ചുകൊണ്ടും പുതിയ അധികാരികൾ നിലകൊണ്ടു. വൈകിയാണെങ്കിൽ പോലും ഉയർന്നുവന്ന ദുർബലമായ പ്രതിരോധത്തെ, ജനാധിപത്യത്തെയും സ്വാതന്ത്ര്യത്തെയുംപറ്റി വായ്ത്താരി മുഴക്കിയവർ തന്നെ നിഷ്ഠൂരം അടിച്ചമർത്തി. ഈ പൊളിച്ചെടുക്കലിനെ വൻ ഭൂരിപക്ഷത്തോടെ എതിർത്ത റഷ്യൻ പാർലമെന്റിനെ യെൽസിൻ എന്ന ഭ്രാന്തൻ പ്രതിവിപ്ലവകാരിയുടെ നേതൃത്വത്തിൽ പരാജയപ്പെടുത്തി. പാർലമെന്റ് കെട്ടിടത്തെ ബോംബിട്ട് തകർത്തു. അംഗങ്ങളെ കൊലചെയ്തു. തുടർന്നുണ്ടായ കൂട്ടക്കുഴപ്പത്തെയാണ് ഇവിടങ്ങളിൽ ദുരന്തകാലമുതലാളിത്ത ആക്രമണത്തിനു വേണ്ടിയുള്ള ഷോക്ക് ചികിത്സക്കായി ഉപയോഗപ്പെടുത്തിയത്.

ലോകത്തെ ഏറ്റവും പ്രബലമായ സാമ്പത്തിക ശക്തിയായി മാറുകയും മൂന്നാം ലോകരാജ്യങ്ങളുടെ സഹായിയായി നിലകൊള്ളുകയും ചെയ്ത ഈ രാജ്യം നോക്കിനിൽക്കെ പാപ്പരായി. രാജ്യങ്ങളുടെ സമ്പത്താകെ ഒരുകൂട്ടം ക്രിമിനൽ സംഘങ്ങൾ കൈക്കലാക്കി, ചൂഷകരായ പുത്തൻ മുതലാളിമാരായി മാറി. കേവലം ഒരു വർഷംകൊണ്ട് റഷ്യക്കാരുടെ ഉപഭോഗം 40% കുറഞ്ഞു. ദാരിദ്ര്യം കഴിഞ്ഞകാല ചരിത്രമായി മാറിയ അവിടെ മുക്കാൽ ഭാഗം ജനങ്ങളും പട്ടിണിപാവങ്ങളായി മാറി. ലോകത്തിലെ ഏറ്റവും ഉന്നത പദവിയും അംഗീകാരവും നേടിയ റഷ്യയിലെ വനിതകൾ ജീവിക്കാൻ വേണ്ടി വ്യഭിചാരം തിരഞ്ഞെടുത്ത് യൂറോപ്പിലെ തെരുവുകളിൽ അലഞ്ഞു.

അത്യന്തം കലുഷിതമായ സാഹചര്യത്തിൽ ചിക്കാഗോ സ്കൂൾ മുന്നോട്ടുവച്ച മുതലാളിത്ത ഉടച്ചു വാർക്കൽ നയങ്ങൾ യെൽസിൻ നിഷ്ക്കരുണം നടപ്പിലാക്കി.

## ഏകധ്രുവ ലോകത്ത് മുതലാളിത്ത പ്രതിസന്ധി വർദ്ധിച്ചു

സോവിയറ്റ് ചേരിയുടെയും സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെയും തകർച്ചയോടെ, ലോകമൊന്നാകെ സാമ്രാജ്യത്വ മുതലാളിത്ത കമ്പോളമായി മാറുകയും, ഇനിമേൽ ലോകം ഏകധ്രുവം എന്ന് പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. പക്ഷേ മഹാനായ കാൾ മാർക്സ് കണ്ടെത്തിയതും മുതലാളിത്ത സമ്പദ്‌വ്യവസ്ഥയെ ഭരിക്കുന്നതുമായ അടിസ്ഥാന നിയമങ്ങൾ അലംഘനീയമാണെന്ന് അടിയുറപ്പിച്ചു കൊണ്ടാണ് കാലം കടന്നുപോയത്. മൂലധനത്തിന്റെ അവിരാമമായ കേന്ദ്രീകരണത്തിന്റെയും അമിതോൽപാദനത്തിന്റെയും കമ്പോളത്തിലെ മത്സരത്തിന്റെയും ചൂഷണത്തിന്റെയും നിയമങ്ങൾ ഒരു ഷോക്ക് ചികിത്സയ്ക്കും റദ്ദ് ചെയ്യാനാവില്ല. അതുകൊണ്ടുതന്നെ മുതലാളിത്തത്തിന്റെ ഒരിക്കലുമടങ്ങാത്ത ലാഭാർത്തി പുതിയ മേച്ചിൽപുറങ്ങൾ തേടാൻ സാമ്രാജ്യത്വത്തെ പ്രേരിപ്പിച്ചു കൊണ്ടേയിരിക്കും.

2001 സെപ്റ്റംബർ 11ന് വേൾഡ് ട്രേഡ് സെന്റർ തകർക്കപ്പെട്ടത് ഒരു ഷോക്ക് ചികിത്സയ്ക്കായി ഉപയോഗപ്പെടുത്തിക്കൊണ്ട് "ഭീകരതയ്ക്കെതിരെയുള്ള യുദ്ധം" എന്ന പേരിൽ യുഎസ് സാമ്രാജ്യത്വം അഫ്ഗാനിസ്ഥാനെയും ഇറാഖിനെയും ലിബിയയെയും ആക്രമിച്ചു. ഈ രാജ്യങ്ങളെ ആക്രമിക്കാൻ ഗൂഢാലോചന നടത്തിയ സംഘത്തിൽപ്പെട്ട യുഎസ് വൈസ് പ്രസിഡണ്ട് ഡിക്ക് ചെനി, ഡിഫൻസ് സെക്രട്ടറി റൊണാൾഡ് റാംസ്ഫെൽഡ് എന്നിവരടക്കമുള്ള പ്രമുഖരുടെകൂടി ഉടമസ്ഥതയിലുള്ള ഹാലിബർട്ടൺ കമ്പനികൾക്കാണ് യുദ്ധം തകർത്ത ഇറാഖിലെയും അഫ്ഗാനിസ്ഥാനിലെയും ലിബിയയിലെയും എണ്ണ വ്യവസായവും പുനർനിർമ്മാണ കരാറുകളും ലഭിച്ചത്. കോർപ്പറേറ്റ് കമ്പനികൾ സ്വന്തം ലാഭനേട്ടങ്ങൾക്കായി യുദ്ധദുരന്തം സൃഷ്ടിക്കുകയും ജനങ്ങളെ കൂട്ടക്കൊല ചെയ്യുകയും വസ്തുവകകൾ നശിപ്പിക്കുകയും ചെയ്തശേഷം അവിടുത്തെ വിഭവങ്ങൾ കൊള്ളയടിക്കുകയും ചെയ്യുന്നതിന്റെ ഭീകരമായ ഉദാഹരണമാണ് ഈ സംഭവങ്ങൾ.

എണ്ണയുടെയും മറ്റു വിഭവങ്ങളുടെയും കൊള്ളയ്ക്കും ആയുധവ്യാപാരത്തിനും വേണ്ടി സൃഷ്ടിക്കപ്പെടുന്ന യുദ്ധങ്ങൾ ഇന്നും തുടരുന്നു. യുക്രൈനിലും ഗാസയിലും നടന്നുവരുന്ന ഭീകരമായ യുദ്ധദുരന്തങ്ങൾ സാമ്രാജ്യത്വ താല്പര്യങ്ങളുടെ സൃഷ്ടികളാണ്.

## കോവിഡ് മഹാമാരി: കുത്തക മൂലധനത്തിന്റെ കൊയ്ത്തുകാലം

മുകളിൽ പറഞ്ഞവയെല്ലാം ചില രാജ്യങ്ങളെ പ്രത്യേകമായി കണ്ടുകൊണ്ടുള്ള ദുരന്തകാല മുതലാളിത്തത്തിന്റെ ഷോക്ക് ചികിത്സയിലൂടെയുള്ള കൊള്ള ആയിരുന്നുവെങ്കിൽ കോവിഡ് മഹാമാരി അത് ലോകത്തിലാകെ ഒറ്റയടിക്ക് വ്യാപിപ്പിക്കുവാനുള്ള അവസരം മുതലാളിത്ത ശക്തികൾക്ക് നൽകി. ലോകമാകെ, ഔദ്യോഗിക കണക്കു പ്രകാരം 70 ലക്ഷംപേർ മരിച്ചു (യഥാർത്ഥ കണക്ക് ഇതിലും എത്രയോ കൂടുതലാണ്) കോവിഡ് മഹാമാരിയുടെ കാലത്ത് ജനങ്ങളാകെ പൂട്ടിയിടപ്പെട്ട അവസ്ഥയിലാവുകയും എണ്ണിയാലൊടുങ്ങാത്ത ദുരിതങ്ങളിൽപ്പെട്ടുഴലുകയും തൊഴിലുകൾ നഷ്ടപ്പെടുകയും ചെയ്തപ്പോൾ ഒരു ചെറു ന്യൂനപക്ഷം കോർപ്പറേറ്റ് കമ്പനികൾ ലാഭക്കൊയ്ത്ത് നടത്തുകയായിരുന്നു. ചുരുങ്ങിയ കാലംകൊണ്ട് കോവിഡ് വാക്സിൻ വികസിപ്പിച്ചെടുത്ത ശാസ്ത്രജ്ഞർ ചെയ്തത് മനുഷ്യരാശിയോടു ചെയ്ത മഹാസേവനമായിരുന്നു. ഈ വാക്സിനുകൾ വികസിപ്പിച്ചെടുക്കാൻ വൻതോതിൽ പൊതുഫണ്ട് നൽകപ്പെട്ടിരുന്നു. പക്ഷേ ആ വാക്സിനുകൾ വിപണനം ചെയ്തുകൊണ്ട് അന്തംവിട്ട ലാഭക്കൊയ്ത്ത് നടത്തിയത് വാക്സിൻ കമ്പനികൾ ആയിരുന്നു. ഇന്ത്യൻ കമ്പനികൾ ഉൾപ്പെടെ വൻകിട കമ്പനികൾ 100 ബില്യൺ ഡോളറിന് മുകളിലാണ് ലാഭമുണ്ടാക്കിയത്. ആദ്യം കമ്പോളം പിടിക്കാനുള്ള മത്സരത്തിൽ ചില കമ്പനികൾ മതിയായ പരീക്ഷണംപോലും നടത്താതെയാണ് വാക്സിൻ മാർക്കറ്റിൽ ഇറക്കിയത് എന്ന് ആരോപണമുയർന്നു. ഓൺലൈൻ വ്യാപാരവും ഐടി മേഖലയും ഉപയോഗപ്പെടുത്തി ആമസോൺ, മൈക്രോസോഫ്റ്റ്, ആപ്പിൾ, ടെസ്‌ല, ഫേസ്ബുക്ക്, അദാനി, അംബാനി തുടങ്ങിയ ഭീമൻ കമ്പനികൾ കണ്ണഞ്ചിപ്പിക്കുന്ന നിരക്കിലാണ് ലാഭമുണ്ടാക്കിയത്.

## ജനങ്ങളുടെ ദുരിതം: മുതലാളിമാരുടെ അവസരം

ജനങ്ങളാകെ ദുരന്തത്തിൽ നട്ടംതിരിയുന്ന സാഹചര്യത്തെ മുതലാളിമാരും അവരുടെ കാര്യസ്ഥന്മാരായ സർക്കാരുകളും അസുലഭാവസരമായി ഉപയോഗിച്ചു. സാധാരണ കാലത്ത് വലിയ പ്രതിഷേധങ്ങളും പ്രതിരോധവും ഉണ്ടാക്കുമായിരുന്ന പല അജണ്ടകളും ഈ കെട്ടിയിടപ്പെട്ട കാലയളവിൽ അവർ നടപ്പിലാക്കി. കമ്പനികൾക്ക് തൊഴിലാളികളുടെ ജോലിസ്ഥിരത ഇല്ലാതാക്കിക്കൊണ്ട് യഥേഷ്ടം നിയമിക്കാനും എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാനും പറ്റുന്ന നിയമങ്ങൾ ഇന്ത്യ, ബ്രസീൽ, അമേരിക്ക തുടങ്ങിയ മിക്കവാറുമെല്ലാ രാജ്യങ്ങളും ഏർപ്പെടുത്തി. കൂലി കുറച്ചു, തൊഴിൽ സമയം കൂട്ടി. തൊഴിലാളികൾക്ക് ചെയ്ത ജോലിക്ക് കൂലി നൽകാതെ കൂലിക്കൊള്ള നടത്തി. മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾക്കും കൂലിക്കും വേണ്ടി കൂട്ടായി വിലപേശാനുള്ള ട്രേഡ് യൂണിയൻ അവകാശങ്ങൾ എടുത്തുകളഞ്ഞു. യൂണിയൻ പ്രവർത്തനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തി. തൊഴിലിടങ്ങളിലെ സുരക്ഷാസംവിധാനങ്ങൾ ഉറപ്പാക്കാതെ തൊഴിലപകടങ്ങൾ വർദ്ധിച്ചു. വൻതോതിൽ തൊഴിലാളികളെ പിരിച്ചുവിട്ടു. തൊഴിലാളികളെ പുറന്തള്ളുന്ന സാങ്കേതികവിദ്യ ഏർപ്പെടുത്തി. 'വർക്ക് ഫ്രം ഹോം' എന്ന തന്ത്രത്തിലൂടെ മൂലധന ചെലവ് കുറയ്ക്കുകയും

(ശേഷം 7–ാം പേജിൽ)

# നളന്ദ മഹാവിഹാരത്തിന്റെ തകർച്ചയെ വർഗ്ഗീയവത്ക്കരിക്കാൻ ബിജെപി തന്ത്രംമെനയുന്നു

**തുടർച്ചയായ മൂന്നാം തവണയും അധികാരത്തിലിരിക്കുന്ന ബിജെപിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ വർഗീയ വിഭജന രാഷ്ട്രീയം തുടരുകയാണ്. ആ നയത്തിന്റെ ഉദാഹരണമാണ് ചരിത്രത്തെ വളച്ചൊടിച്ച്, കെട്ടിച്ചമച്ച നളന്ദവിവാദം. പഴയ നളന്ദ മഹാവിഹാരത്തിന്റെ അവശിഷ്ടങ്ങൾക്കുസമീപം പുതുതായി നിർമ്മിച്ച 'നളന്ദ സർവ്വകലാശാല' ഉദ്ഘാടനം ചെയ്തുകൊണ്ട്, വിദേശ അക്രമികൾ 12-ാം നൂറ്റാണ്ടിൽ ഈ സർവ്വകലാശാല കത്തിച്ചു കളഞ്ഞു എന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. മുഹമ്മദ് ഗോറിയുടെ കൊട്ടാരത്തിലെ ഭക്തിയാർ ഖിൽജിയാണ് ആ ലോകപ്രശസ്ത സ്ഥാപനത്തെ നശിപ്പിച്ചതെന്ന് കൊളോണിയൽ ചരിത്രകാരന്മാർ അവതരിപ്പിച്ച ധാരണയെ അദ്ദേഹം ആവർത്തിക്കുകയായിരുന്നു. എന്നാൽ ഇത് സത്യമാണോ?**



**ഈ** അവകാശവാദത്തിന്റെ ആധികാരികത അന്വേഷിക്കുന്നതിനുമുമ്പ്, തെളിവുകളാൽ സമർത്ഥിക്കപ്പെട്ട ആധികാരിക ചരിത്രത്തിന്റെ പേജുകൾ ഒന്നു തിരഞ്ഞുനോക്കാം. പുരാവസ്തു ഖനനങ്ങളിലൂടെയും, കാർബൺ ഡേറ്റിംഗ് പോലുള്ള പരീക്ഷണങ്ങളിലൂടെ അവശിഷ്ടങ്ങളുടെ കാലപ്പഴക്കം ശാസ്ത്രീയമായി നിർണ്ണയിക്കുന്നതിലൂടെയും, 427 എഡിയിൽ ഗുപ്ത രാജവംശത്തിലെ ചക്രവർത്തി കുമാരഗുപ്ത ഒന്നാമൻ (ശക്രാദിത്യൻ എന്ന് അപരനാമം) ആണ് നളന്ദ സ്ഥാപിച്ചതെന്നാണ് അവസാനമായി എത്തിച്ചേർന്ന നിഗമനം.

തുടർന്നുള്ള നൂറ്റാണ്ടുകളിൽ ബുദ്ധമതക്കാരും ബുദ്ധമതക്കാരല്ലാത്തവരുമായ നിരവധി ഇന്ത്യൻ, ജാവനീസ് പ്രമുഖരും ഇത് അംഗീകരിച്ചു. അഞ്ചും ആറും നൂറ്റാണ്ടുകളിൽ ഗുപ്ത രാജാക്കന്മാരുടെ കീഴിൽ നളന്ദ വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നതായി, ചരിത്രം സ്ഥിരീകരിക്കുന്നു. ഗുപ്തന്മാരുടെ പതനത്തിനുശേഷം, നളന്ദ മഹാവിഹാരത്തിന്റെ ഏറ്റവും ശ്രദ്ധേയനായ രക്ഷാധികാരി ഏഴാം നൂറ്റാണ്ടിലെ ഹർഷൻ (ചില ബുദ്ധമത രേഖകളിൽ ശിലാദിത്യൻ എന്നറിയപ്പെടുന്നു) ആയിരുന്നു. എട്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ, പാല രാജവംശം (ഒരു ബുദ്ധ രാജവംശം) ഇന്ത്യയുടെ കിഴക്കൻ പ്രദേശങ്ങളിൽ ഭരണം സ്ഥാപിക്കുകയും 12-ാം നൂറ്റാണ്ടിന്റെ അവസാന പാദംവരെ ഭരിക്കുകയും ചെയ്തു.

### ആർഎസ്എസ്-ബിജെപി ഗൂഢലക്ഷ്യത്തോടെ ചരിത്രത്തെ വളച്ചൊടിക്കുന്നു

പാല രാജവംശത്തിന്റെ പതനത്തിനുശേഷം, നളന്ദയിലെ സന്യാസിമാർ ബോധഗയയിലെ പിത്തിപതികളാൽ സംരക്ഷിക്കപ്പെട്ടു. പതിമൂന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ നളന്ദ മഹാവിഹാരം കത്തി നശിച്ചു. എന്നാൽ നശിപ്പിച്ചയാളെകുറിച്ച് വ്യക്തമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ചരിത്രത്തിന്റെ ശാസ്ത്രീയ വിശകലനം അനുസരിച്ച്, നളന്ദ മഹാവിഹാരം നിരവധി ദശകങ്ങൾ, ഒരുപക്ഷേ ഒരു നൂറ്റാണ്ടിലേറെക്കാലം പിന്നീടും പ്രവർത്തിച്ചു. പക്ഷേ,മാറിയ സാമൂഹിക-രാഷ്ട്രീയ സാഹചര്യത്തിലും, രക്ഷാധികാരികളുടെ അഭാവത്തിലും ആയിരം വർഷം പഴക്കമുള്ള മഹാവിഹാരം 13, 14 നൂറ്റാണ്ടുകളിൽ പ്രവർത്തനം നിർത്തി.

സുവാൻസാങ് (ഹ്യൂയാൻ സാങ്), യിജിംഗ് (ഐ സിങ്) തുടങ്ങിയ നിരവധി (പതിനൊന്നിൽ കുറയാതെ) വിദേശ സഞ്ചാരികൾ നളന്ദ മഹാവിഹാരം സന്ദർശിച്ചു. CE 637ലും 642ലും സുവാൻസാങ് നളന്ദ സന്ദർശിച്ചു. സന്യാസി യിജിംഗ് CE 673ൽ എത്തി, പതിനാലു വർഷം ഇന്ത്യയിൽ താമസിച്ചു, അതിൽ പത്തും നളന്ദയിൽ ചെലവഴിച്ചു. ഹർഷന്റെ (CE 606-647) കാലത്ത് നളന്ദ ആശ്രമത്തിൽ 1500ലധികം അദ്ധ്യാപകരും 10,000 വിദ്യാർത്ഥികളും ഉണ്ടായിരുന്നുവെന്ന് യിജിംഗ് എഴുതി. പുരാതന ഇന്ത്യയിൽ നളന്ദയ്ക്ക് അഭിമാനകരമായ ചരിത്രമുണ്ട് എന്നതിൽ സംശയമില്ല.

### പഴയ നളന്ദ മഹാവിഹാരത്തിന്റെ അവശിഷ്ടങ്ങളുടെ കണ്ടെത്തൽ

നളന്ദ മഹാവിഹാരം ഏതാണ്ട് 700 വർഷങ്ങൾക്കുമുമ്പ് അപ്രത്യക്ഷമായി. നളന്ദയുടെ തകർച്ചയ്ക്കുശേഷം, പ്രദേശവാസികളായ ചില വ്യക്തികൾ, ചില ബുദ്ധ, ഹിന്ദു ബിംബങ്ങളും അവശിഷ്ടങ്ങളും ബ്രിട്ടീഷുകാരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതുവരെ നളന്ദ ഏറെക്കുറെ മറക്കപ്പെട്ടിരുന്നു. തുടർന്ന്, ഫ്രാൻസിസ് ബുക്കാനൻ ഹാമിൽട്ടൺ(1811-1812), മേജർ മാർക്കം കിറ്റോ (1847), അലക്സാണ്ടർ കണ്ണിംഗ്ഹാം, ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ (എഎസ്ഐ) (1861-1862) എന്നിവർ ഈ സ്ഥലത്ത് സർവ്വേ നടത്തി.

എന്നാൽ എഎസ്ഐയുടെ ചിട്ടയായ ഖനനം 1915ൽ ആരംഭിച്ച് 1937ൽ അവസാനിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഖനനം നടത്തി കിട്ടിയ വസ്തുക്കൾ പരിശോധിച്ച്, സ്ഥിരീകരിച്ച, ആധികാരിക ചരിത്രം, നൂറ്റാണ്ടുകൾക്കുമുമ്പ് ഉണ്ടായിരുന്ന നളന്ദ മഹാവിഹാരത്തിന്റെ അസ്തിത്വം തെളിയിച്ചു.

*(ശേഷം 8-ാം പേജിൽ)*

# സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ച യുദ്ധങ്ങളിലേക്കും ദുരിതങ്ങളിലേക്കും ലോകത്തെ തള്ളിവിട്ടു

## ഡിസാസ്റ്റർ ക്യാപ്പിറ്റലിസം

*(6-ാം പേജിൽ നിന്ന്)*

ജോലിഭാരം കൂട്ടുകയും ചെയ്തു. തൊഴിലാളികളുടെ മേലുള്ള നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തി. ഇതുവഴിയെല്ലാം തൊഴിലാളികൾക്കുമേലുള്ള ചൂഷണം വൻതോതിൽ വർദ്ധിച്ചു. മുതലാളിമാരുടെ ലാഭം കൂടി. അസമത്വം വർദ്ധിച്ചു. അമിതമായി പണിയെടുപ്പിക്കുന്നതുമൂലം മരിക്കുന്നവരുടെയും തൊഴിലില്ലാതെ ആത്മഹത്യ ചെയ്യുന്നവരുടെയും എണ്ണം വർദ്ധിച്ചു.

### ഏതൊരു പ്രകൃതിദുരന്തത്തെയും മുതലാളിത്തം പ്രയോജനപ്പെടുത്തുന്നു

വൻതോതിലുള്ള പ്രകൃതിദുരന്തങ്ങളെയും ഇതേ രീതിയിലാണ് സർക്കാരും മുതലാളിമാരും പ്രയോജനപ്പെടുത്തുന്നത്. അമേരിക്കയിലെ 'കത്രീന' ചുഴലിക്കാറ്റ് ദുരന്തം, സുനാമി ദുരന്തം തുടങ്ങി കേരളത്തിൽ 2018ലുണ്ടായ പ്രകൃതിദുരന്തം വരെ ഇതേ കണ്ണോടെയാണ് മൂലധനശക്തികൾ കാണുന്നത്. ദുരന്താനന്തരം സർക്കാരുകൾ ശ്രദ്ധ വയ്ക്കുന്നത് നിർമ്മാണ പ്രവൃത്തികളിലാണ്. യുദ്ധവും പ്രകൃതിദുരന്തങ്ങളും തകർത്തു തരിപ്പണമാക്കുന്ന ഭൂതലം അവരുടെ ലാഭം വർദ്ധിപ്പിക്കാൻ പറ്റിയ ഇടങ്ങളാണ്. ദുരന്തത്തിൽ പെട്ടവരുടെ സാമ്പത്തിക ജീവിതം തിരികെ കൊണ്ടുവരുന്നതിനല്ല ഊന്നൽ. വൻതോതിൽ നിർമ്മാണ വ്യവസായത്തെ പുഷ്ടിപ്പെടുത്താനാണ് ഈ അവസരം ഉപയോഗപ്പെടുത്തുന്നത്. സൈനിക വ്യവസായം എന്നതു പോലെ തന്നെ നിക്ഷേപമൂലധനം പ്രവർത്തിക്കുന്ന മേഖലയാണ് നിർമ്മാണവ്യവസായമേഖല. യുദ്ധസാമഗ്രികളുടെ കാര്യത്തിൽ എന്നപോലെ വൻകിട നിർമ്മാണ സാമഗ്രികൾക്കും നിഷ്ക്രിയമായിരിക്കാൻ പറ്റില്ല. പുതിയ നിർമ്മാണ മേഖലകൾ അവർക്ക് കണ്ടെത്തിയേ മതിയാവൂ.

സൈനിക വ്യവസായത്തിന്റെ കാര്യത്തിലെന്നപോലെ ഈ മേഖലയിലും സർക്കാർ തന്നെയാണ് ഉപഭോക്താവ്. പൊതുഫണ്ട് യഥേഷ്ടം, വൻതോതിൽ ഉപയോഗിക്കുന്നു. പലപ്പോഴും അടിയന്തരസ്വഭാവം പറഞ്ഞ് സാധാരണ നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെ സ്വന്തക്കാർക്കും വേണ്ടപ്പെട്ടവർക്കും കരാർ നൽകുന്നു. വൻതോതിൽ അഴിമതി നടക്കുന്ന ഇടം കൂടിയാണിത്. ആഗോളതലത്തിൽ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി 2020ലെ കണക്കനുസരിച്ച് 1.4 ട്രില്യൻ ഡോളർ ചെലവഴിച്ചു. ഇതേ സ്ഥാനത്ത്, 2023ൽ ആഗോളതലത്തിലെ സൈനിക ചെലവ് 2.43 ട്രില്യൻ ഡോളർ ആയിരുന്നു എന്നത് കാണുമ്പോഴാണ് ഈ വ്യവസായത്തിന്റെ പ്രാധാന്യം മനസ്സിലാവുന്നത്.

വൻതോതിലുള്ള ഏതൊരു ദുരന്തവും സംഭവിച്ചാൽ അതിന്റെ പിന്നാലെ ലോകബാങ്ക് വായ്പാസഹായ വാഗ്ദാനവുമായി പ്രത്യക്ഷപ്പെടും. അതിലൂടെ അവർ നിർമ്മാണ മേഖലയെ ശക്തിപ്പെടുത്തുന്ന നയങ്ങൾ ഉറപ്പുവരുത്തുന്നു. പ്രകൃതിദുരന്തങ്ങൾ സൃഷ്ടിക്കുന്ന ദൈന്യതയെ ഉപയോഗപ്പെടുത്തി അവ നേരിട്ട് ബാധിക്കാത്ത സാധാരണ ജനങ്ങളിൽ നിന്ന് വൻതോതിൽ ദുരിതാശ്വാസ ഫണ്ട് ശേഖരിച്ച് മേൽപ്പറഞ്ഞ നയങ്ങൾ നടപ്പിലാക്കുന്ന പുതിയതരം ക്രൗഡ് ഫണ്ടിങ്ങും നമ്മൾ കാണുന്നു.

ലോകത്തെ മേൽത്തട്ടിലുള്ള ഒരു ശതമാനം ധനികർ ആകെ സമ്പത്തിന്റെ 45.8 ശതമാനവും കൈയാളുന്നു. താഴെയുള്ള 50 ശതമാനത്തിന് വെറും 1.3 ശതമാനം മാത്രം. ഈ വിടവ് അതിവേഗം വർദ്ധിക്കുമ്പോൾ ലോകത്തിന്റെ ഭാവി എന്താണ്? വാങ്ങൽശേഷി ഇല്ലാതായിക്കൊണ്ടിരിക്കുന്നതുമൂലം സ്വാഭാവിക കമ്പോളം ഇല്ലാതാവുമ്പോൾ മുതലാളിത്തം നശീകരണത്തിലൂടെ പുതിയ കമ്പോളം സൃഷ്ടിക്കാൻ ശ്രമിക്കുന്നു. അതാണ് ദുരന്തകാല മുതലാളിത്തം. യുദ്ധം സൃഷ്ടിച്ചും പ്രകൃതിദുരന്തങ്ങൾക്ക് കാരണമുണ്ടാക്കിയും സൃഷ്ടിക്കുന്ന വിനാശങ്ങളിൽ ലാഭം തേടുന്ന തരത്തിൽ മുതലാളിവർഗ്ഗവും മുതലാളിത്ത ഭരണകൂടങ്ങളും പൈശാചിക സ്വഭാവം ആർജ്ജിച്ചിരിക്കുന്നു. മാനുഷിക ഗുണങ്ങളെ ഇല്ലാതാക്കി ചിന്തയെയും സംസ്കാരത്തെയും ചിട്ടപ്പെടുത്തി, ജനാധിപത്യത്തിന്റെ അവസാന കണികപോലും നശിപ്പിച്ച്, ആത്മീയതയെയും ശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങളെയും തമ്മിൽ സവിശേഷമായി ലയിപ്പിച്ച്, ഒരു ഫാസിസ്റ്റ് പദ്ധതി നടപ്പിലാക്കിയാണ് മുതലാളിത്തം നിലനിൽപ്പിന് ശ്രമിക്കുന്നത്. മുതലാളിത്തത്തിന്റെ മരണാസന്ന കാലത്തെ ജീർണ്ണത മനുഷ്യരാശിയെത്തന്നെ നശിപ്പിക്കാൻ പോന്നതാണെന്ന് മനസ്സിലാക്കുകയാണ് മനുഷ്യന്റെ നല്ല ഭാവി ഉറപ്പിക്കാൻ ശ്രമിക്കുന്നവരുടെ ആദ്യകടമ. മുതലാളിത്ത സമ്പദ്‌വ്യവസ്ഥ തുടരുവോളം ഈ രൗദ്രത വർദ്ധിച്ചുകൊണ്ടിരിക്കും.

പക്ഷേ, മുതലാളിത്തത്തെ ഭരിക്കുന്ന ആന്തരിക നിയമങ്ങൾമൂലം കമ്പോള പ്രതിസന്ധിയെ മറികടക്കാനെടുക്കുന്ന ഒരു പദ്ധതിക്കും മുതലാളിത്തത്തെ രക്ഷിക്കാനാവുന്നില്ല. ആഗോളവൽക്കരണ നയങ്ങളുടെയും ദുരന്തകാല മുതലാളിത്ത കൊള്ളയുടെയും ചിത്രം അതാണ് വ്യക്തമാക്കുന്നത്. സാമൂഹിക വികാസത്തിന്റെ ശാസ്ത്രീയ നിയമങ്ങൾ പ്രവർത്തിക്കുന്നതു കൊണ്ടു തന്നെ ആത്യന്തികമായി ഈ വ്യവസ്ഥയുടെ അന്ത്യം കുറിക്കപ്പെടുകയും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത പുതിയ വ്യവസ്ഥിതിയിലേക്ക് സമൂഹം മുന്നേറുകയും ചെയ്യും.

സമൂഹം എത്രതന്നെ ദുരന്തങ്ങളിലൂടെ കടന്നുപോയാലും മുതലാളിത്തം സ്വയമേവ ഇല്ലാതാവുകയില്ല. അധ്വാനിക്കുന്നവന്റെ ചോരയൂറ്റിക്കുടിച്ച് അത് നിലകൊള്ളും. പുതിയ സമൂഹത്തിന്റെ സൃഷ്ടിക്കായി തൊഴിലാളിവർഗ്ഗം മാർക്സിസം - ലെനിനിസം എന്ന അജയ്യ പ്രത്യയശാസ്ത്രം സ്വീകരിച്ചുകൊണ്ട് മുന്നേറുമ്പോഴേ മുതലാളിത്ത വ്യവസ്ഥയുടെ സർവ്വനാശം ഉറപ്പാക്കാനാകൂ. ■

# നളന്ദയുടെ തകർച്ച ബുദ്ധ-ബ്രാഹ്മണ സംഘർഷത്തിന്റെ പരിണതി

(7-ാം പേജിൽ നിന്ന്)

## പുതുതായി നിർമ്മിച്ച സർവ്വകലാശാല പഴയ സ്ഥാപനത്തിന്റെ പുനരുജ്ജീവനമല്ല

ബിജെപി സർക്കാർ പുതുതായി നിർമ്മിച്ച 'നളന്ദ സർവ്വകലാശാല'യെ പഴയ മഹാവിഹാരത്തിന്റെ ഉയിർത്തെഴുന്നേൽപ്പാണെന്ന് വിശേഷിപ്പിക്കുന്നെങ്കിലും അതൊരു പൊള്ളത്തരമല്ലാതെ മറ്റൊന്നുമല്ല. കാലഘട്ടങ്ങൾ വ്യത്യസ്തമാണ്. സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ സാഹചര്യങ്ങൾ ആകെ മാറിയിരിക്കുന്നു. അദ്ധ്യാപനരീതി, പഠനവിഷയങ്ങൾ, പാഠ്യപദ്ധതി എന്നിവയും തികച്ചും വ്യത്യസ്തമാണ്. പിന്നെ എന്തിനാണ് പ്രധാനമന്ത്രി മോദിയും കൂട്ടരും നളന്ദ സർവ്വകലാശാല എന്ന ബ്രാൻഡ് നാമം ഉപയോഗിക്കുന്നത്? തക്ഷശില, വിക്രംശില, നളന്ദ മഹാവിഹാരം തുടങ്ങിയ പുരാതന പഠനകേന്ദ്രങ്ങളോട് ബഹുമാനം പുലർത്തുന്ന ജനങ്ങളെ കബളിപ്പിക്കാൻവേണ്ടി മാത്രമാണിത്. നളന്ദ സർവ്വകലാശാലയെ 'പുനർനിർമ്മിക്കാനുള്ള' നിർദ്ദേശം ആദ്യം മുന്നോട്ടു വെച്ചത്, ഇന്ത്യയുടെ മുൻ രാഷ്ട്രപതിയായിരുന്ന അന്തരിച്ച ഡോ. എ.പി.ജെ. അബ്ദുൾ കലാം ആയിരുന്നു. നളന്ദ യൂണിവേഴ്സിറ്റി ആക്ട് 2010, പാർലമെന്റ് 2014 സെപ്റ്റംബറിൽ പാസാക്കി. പുതിയ സർവ്വകലാശാല 2014ൽ താൽക്കാലിക സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചു. ഇപ്പോഴിതാ 10 വർഷത്തിനുശേഷം പുതിയ കെട്ടിടം വന്നിരിക്കുന്നു.

## നളന്ദ മഹാവിഹാരത്തിന്റെ പതനം

ഇന്ത്യയിൽ ബുദ്ധമതത്തിന്റെ തകർച്ചയോടെയാണ് നളന്ദ മഹാവിഹാരത്തിന്റെ പതനം ആരംഭിച്ചത്. 7-ാം നൂറ്റാണ്ടിൽ ബുദ്ധമതത്തിനുണ്ടായ തളർച്ച ഹ്യൂവാൻസാങ് ശ്രദ്ധിച്ചിരുന്നു, 7-ാം നൂറ്റാണ്ടിനുശേഷം ഈ പ്രവണത ത്വരിതഗതിയിലായി. ധനസഹായം, അനുയായികൾ, പ്രത്യയശാസ്ത്രം എന്നിങ്ങനെ പ്രധാനമായും മൂന്ന് കാര്യങ്ങളിൽ, ബ്രാഹ്മണമതവും ബുദ്ധമതവും തമ്മിൽ വളരെക്കാലമായി മത്സരവും വിദ്വേഷവും നിലനിന്നിരുന്നു. രണ്ടാമതായി, ബുദ്ധമതത്തിന്റെ പ്രാരംഭകാലഘട്ടത്തിൽ, പുരോഹിതന്മാർ സാധാരണക്കാരെ ആശ്രയിച്ച്, ഭക്ഷണം, വസ്ത്രം അല്ലെങ്കിൽ പണം പോലുള്ള സംഭാവനകൾക്കായി മതപരമായ സേവനങ്ങൾ ചെയ്തുകൊണ്ട് ഉപജീവനം നേടിയിരുന്നു. എന്നാൽ നൂറ്റാണ്ടുകളുടെ രാജകീയ സംരക്ഷണം, സാധാരണക്കാരെ ആശ്രയിക്കുന്ന ഈ രീതിക്ക് വിള്ളലുണ്ടാക്കി. മൂന്നാമതായി, ഏഴാം നൂറ്റാണ്ടിനും പത്താം നൂറ്റാണ്ടിനും ഇടയിൽ, ശങ്കരാചാര്യർ നയിച്ച ബ്രാഹ്മണ യാഥാസ്ഥിതികത്വത്തിന്റെ ഉയർച്ച, ദക്ഷിണേന്ത്യയിൽ ഭക്തിപ്രസ്ഥാനത്തിന്റെ ഉദയം എന്നിവ ആഴത്തിലുള്ള മാറ്റങ്ങൾ ഇന്ത്യയിൽ മതത്തിന്റെ മേഖലയിൽ ഉണ്ടാക്കി. നാലാമതായി, ബുദ്ധമതത്തിന്റെ അനുയായികളുടെ എണ്ണത്തിൽ കുറവുണ്ടായതോടെ, ആ കാലഘട്ടത്തിലെ രാജാക്കന്മാർ ബ്രാഹ്മണമതത്തിന്റെ പ്രത്യയശാസ്ത്രത്തിലേക്ക് മാറാൻ തുടങ്ങി. ഇത് ബുദ്ധമതത്തെ തകർച്ചയുടെ ഗർത്തത്തിലേക്ക് നയിച്ചു. ബുദ്ധവിഹാരങ്ങൾക്കുള്ള ധനസഹായം വറ്റിത്തുടങ്ങി. ബംഗാളിലെ പാല രാജാക്കന്മാരായിരുന്നു അതിന്റെ അവസാനത്തെ പ്രധാന രക്ഷാധികാരികൾ. അവർക്കു ശേഷം, 12-ാം നൂറ്റാണ്ടിൽ ബംഗാളിലെ സെൻ ബ്രാഹ്മണ രാജവംശം ബുദ്ധ സന്യാസിമാരെ നിരന്തരം വേട്ടയാടി. പല സന്യാസിമാരും തെക്കോട്ട് പലായനം ചെയ്തു. പന്ത്രണ്ടാം നൂറ്റാണ്ടിൽ തുർക്കോ പേർഷ്യൻ അധിനിവേശത്തിനു മുമ്പുതന്നെ, കിഴക്കേ ഇന്ത്യ, ദക്ഷിണേന്ത്യ, പടിഞ്ഞാറൻ ഹിമാലയം തുടങ്ങിയ ചില ഒറ്റപ്പെട്ട സ്ഥലങ്ങളിലൊഴികെ എല്ലായിടത്തുനിന്നും ബുദ്ധമതം അപ്രത്യക്ഷമായി. അഞ്ചാമതായി, 12-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അത്യാസന്ന നിലയിലായ ഇന്ത്യൻ ബുദ്ധമതത്തിന് അവസാനത്തെ പ്രഹരം തുർക്കികൾ ഏൽപ്പിച്ചു; അവർ അതിന്റെ അവസാനത്തെ, കഷ്ടിച്ച് പ്രവർത്തിച്ചിരുന്ന ആശ്രമങ്ങളെ തുടച്ചുനീക്കി. ഇത് അത്രമാത്രം ക്രൂരതയുള്ളതോ, അല്ലെങ്കിൽ പലരും കരുതുന്നതുപോലെ നാടകീയമായതോ ആയ സംഭവമായിരുന്നില്ല.

## നളന്ദയുടെ ചരിത്രം വളച്ചൊടിച്ച് ഇസ്ലാമോഫോബിയ വളർത്താൻ ആർഎസ്എസ്-ബിജെപി ശ്രമിക്കുന്നു

എന്നാൽ, ആർഎസ്എസ്-ബിജെപിയെ സംബന്ധിച്ചിടത്തോളം, ചരിത്രത്തെ ബോധപൂർവം വളച്ചൊടിക്കുന്നതിന് വ്യക്തമായ കാരണങ്ങളുണ്ട്. അതായത്, പുരാതന ഇന്ത്യയ്ക്ക് അഭിമാനിക്കാവുന്ന ഒരു പാടുകാര്യങ്ങൾ ഉണ്ടായിരുന്നുവെന്നും, മുഗളന്മാരും, മറ്റ് മുസ്ലീം ആക്രമണകാരികളും അവരുടെ മതപരമായ പക്ഷപാതിത്വം കാരണം പുരാവസ്തുക്കൾ തകർത്തുവെന്നും തെളിയിക്കാൻ ശ്രമിക്കുന്ന, അവരുടെ വർഗീയ ഹിന്ദുത്വ അജണ്ട സ്ഥാപിക്കാനുള്ള ഒരു തന്ത്രമാണിത്. ഉദാഹരണത്തിന്, ആര്യന്മാർ തദ്ദേശീയരായിരുന്നുവെന്ന് കാണിക്കാൻ അവർ ശ്രമിക്കുന്നു. അവരുടെ അഭിപ്രായത്തിൽ, സിന്ധുനദീതട സംസ്കാരം ഒരു 'ആര്യൻ നാഗരികത' ആയിരുന്നു, 'ഹിന്ദു ഗ്രന്ഥങ്ങൾ പവിത്രവും അലംഘനീയവുമാണ്, രാമായണം, മഹാഭാരതം പോലുള്ള ഇതിഹാസങ്ങളെല്ലാം ചരിത്ര വിവരണങ്ങളാണ്. എല്ലാ ശാസ്ത്രശാഖകളും, പ്രാചീന ഇന്ത്യയിൽ വികസിച്ചതാണ്, പ്രത്യേകിച്ച് വേദകാലഘട്ടത്തിൽ. വിദേശികൾ (യൂറോപ്യൻമാർ) രഹസ്യമായി അത് തട്ടിക്കൊണ്ടുപോയി നമ്മെ ദരിദ്രരാക്കി. പന്ത്രണ്ടാം നൂറ്റാണ്ട് മുതൽ ഇന്ത്യക്കാർ കീഴടക്കപ്പെട്ടു. മുസ്ലീം രാജാക്കന്മാർ വിദേശികളും ആക്രമണകാരികളുമായിരുന്നു. അവരിൽ ഭൂരിഭാഗവും ഹിന്ദുമതത്തെ നിന്ദിക്കുകയും, ക്ഷേത്രങ്ങൾ കൊള്ളയടിക്കുകയും ചെയ്തു. മുഗൾ സാമ്രാജ്യത്തിന്റെ സ്ഥാപകനായ ബാബർ അയോധ്യയിലെ രാമക്ഷേത്രം തകർത്തു. അക്ബർ അല്ലെങ്കിൽ ഔറംഗസീബ് തുടങ്ങിയ മുഗൾ ചക്രവർത്തിമാർ സ്വേച്ഛാധിപതികളായിരുന്നു, എന്നാൽ, റാണാ പ്രതാപോ, ശിവജി മഹാരാജാവോ ദേശങ്ങളുടെ ധീരരായ സംരക്ഷകരായിരുന്നു. മുസ്ലീം ഭരണാധികാരികൾ ഹിന്ദുക്കളെ നിർബന്ധിച്ച് മുസ്ലീങ്ങളാക്കി ഇങ്ങനെ പോകുന്നു അവരുടെ ആഖ്യാനങ്ങൾ. എന്നാൽ ഇവയെല്ലാം അസംബന്ധങ്ങളും ചരിത്രപരമായി അടിസ്ഥാനമില്ലാത്തതുമാണ്. പ്രധാനമന്ത്രി മോദി, ഇന്ത്യൻ സയൻസ് കോൺഗ്രസിൽ, പുരാതന ഇന്ത്യയിലെ പ്ലാസ്റ്റിക് സർജറിയുടെ തെളിവ് ആനത്തലയുള്ള ഗണപതിവിഗ്രഹത്തിലുണ്ടെന്ന് അവകാശപ്പെട്ടതുപോലെയാണിത്. പ്രധാനമന്ത്രിയോടും, അദ്ദേഹത്തിന്റെ വിചിത്രമായ അവകാശവാദത്തിൽ കൈയടിച്ചവരോടും, ഇന്നും ആനയുടെ തല മനുഷ്യശരീരത്തിൽ വച്ചുപിടിപ്പിക്കാൻ കഴിയുമോ എന്ന് നമുക്ക് ചോദിക്കാം.

അതുപോലെ, മുഗൾ രാജാക്കന്മാർ, ഹിന്ദുക്കളോടുള്ള വിദ്വേഷംമൂലം ഹൈന്ദവ ക്ഷേത്രങ്ങൾ കൊള്ളയടിക്കുന്നു എന്ന സിദ്ധാന്തവും മറ്റും കെട്ടിച്ചമച്ചവയാണ്. ശിവജിയുടെ വിശ്വസ്ത സൈനിക മേധാവികൾ ആരായിരുന്നു? മുസ്ലീങ്ങളായ സിദ്ദി ഹിലാൽ, ദൗലത്ത് ഖാൻ, ഇബ്രാഹിം ഖാൻ തുടങ്ങിയവർ. ശിവജിയുടെ അംഗരക്ഷകൻ പോലും സിദ്ദി ഇബ്രാഹിം ആയിരുന്നു. മറുവശത്ത്, അക്ബർ ചക്രവർത്തിയുടെ സേനാനായകൻ ആയിരുന്ന രജപുത്രനായ രാജാ മാൻസിങ്. അക്കാലത്ത് ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ എന്തെങ്കിലും വിദ്വേഷമുണ്ടെന്ന് ഇവ തെളിയിക്കുന്നുണ്ടോ?

മുഹമ്മദ് ഗോറിയുടെ കൊട്ടാരത്തിലെ ഭക്തിയാർ ഖിൽജിയാണ് പ്രസിദ്ധമായ നളന്ദ മഹാവിഹാരം കത്തിച്ചതെന്ന് ആർഎസ്എസ്-ബിജെപി ആരോപിക്കുന്നു. എന്നാൽ അന്നത്തെ ചരിത്രവുമായി ബന്ധപ്പെട്ട മിക്ക പ്രാഥമിക സ്രോതസ്സുകളിലും ഖിൽജി നളന്ദയിലേക്ക് പോയതായി പരാമർശിക്കുന്നില്ല. മിൻഹാജ്-ഇ-സിറാജ് എഴുതിയ തബകത്ത്-എ-നസിരിയിൽ ഇതേക്കുറിച്ച് പരാമർശമില്ല. ഇന്ത്യയുടെ ചരിത്രം, പ്രത്യേകിച്ച് ബുദ്ധമതവുമായി ബന്ധപ്പെട്ട്, സൂക്ഷ്മമായി പഠിക്കുന്ന രണ്ട് ടിബറ്റൻ പണ്ഡിതൻമാരായ, ധർമ്മസ്വാമിൻ, സുമ്പ എന്നിവരും ഖിൽജി നളന്ദയിൽ പോയതിനെക്കുറിച്ചോ കത്തിക്കുന്നതിനെക്കുറിച്ചോ പരാമർശിക്കുന്നില്ല. ടിബറ്റിൽ നിന്നുള്ള മറ്റൊരു പ്രശസ്ത ബുദ്ധമത പണ്ഡിതനായ താരാനാഥും അത്തരമൊരു വസ്തുത പരാമർശിച്ചിട്ടില്ല. രസകരമെന്നു പറയട്ടെ, അജന്ത, എല്ലോറ, സാഞ്ചി സ്തൂപം തുടങ്ങിയ പ്രാധാന്യമുള്ള മറ്റ് ബുദ്ധ നിർമിതികളും ആക്രമണകാരികളുടെ രോഷത്തിന് വിഷയമായിരുന്നില്ല. പ്രമുഖ ഇന്ത്യൻ ചരിത്രകാരൻമാരായ ജാദുനാഥ് സർക്കാരും, ആർ.സി. മജ്ജുംദാറും നളന്ദ മഹാവിഹാരത്തെ ഖിൽജി നശിപ്പിച്ചു എന്നത് അംഗീകരിക്കുന്നില്ല.

ബീഹാറിലെ 'ആന്റിക്വേറിയൻ റിമെയിൻസി'ൽ ഡി.ആർ.പാട്ടീൽ ഉദ്ധരിച്ച 'ഹിസ്റ്ററി, ഓഫ് ഇന്ത്യൻ ലോജിക്' ഈ സംഭവം ബുദ്ധ ബ്രാഹ്മണ സന്യാസിമാർ തമ്മിലുള്ള കലഹത്തെ സൂചിപ്പിക്കുന്നുവെന്ന് പറയുന്നു. ബ്രാഹ്മണർ, സൂര്യദേവനെ പ്രീതിപ്പെടുത്താനായി, ഒരു യാഗം നടത്തി, തീക്കനലുകളും, ചാരവും യാഗക്കുഴിയിൽ നിന്ന് എടുത്ത് ബുദ്ധക്ഷേത്രങ്ങളിലേക്ക് എറിഞ്ഞതായി പറയുന്നു. 12-ാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ ബുദ്ധമതക്കാരും ബ്രാഹ്മണമതക്കാരും തമ്മിൽ കലഹമുണ്ടായിരുന്നുവെന്ന് "ഹിസ്റ്ററി ഓഫ് ഇന്ത്യൻ ലോജിക്" സ്ഥിരീകരിക്കുന്നു. പ്രശസ്ത ചരിത്രകാരനും ഡൽഹി സർവ്വകലാശാലയിലെ മുൻ ഫാക്കൽറ്റിയുമായ പ്രൊഫ. ഡി.എൻ.ഝാ പറയുന്നു, '... ബുദ്ധമതത്തോടുള്ള ബ്രാഹ്മണ വിരോധം എന്ന ആശയം, വളരെ നേരത്തെതന്നെ ടിബറ്റിലേക്ക് എത്തുകയും, ബുദ്ധമത പാരമ്പര്യത്തിന്റെ ഭാഗമാവുകയും, 17-18 നൂറ്റാണ്ടുകളിൽ ടിബറ്റൻ ലിഖിത രേഖകളിലൂടെ പ്രകടമാകുകയും ചെയ്തു.' അതായത്, മഹാവിഹാരത്തിലെ ഗ്രന്ഥശാല കത്തിച്ചത്, ബ്രാഹ്മണർ പ്രതികാരമായി ചെയ്തതാണ്, എന്ന വസ്തുതയിലേക്ക് എല്ലാ വിശ്വസനീയമായ ഉറവിടങ്ങളും വിരൽ ചൂണ്ടുന്നു. വാസ്തവത്തിൽ, അശോകന്റെ കാലഘട്ടത്തിനുശേഷം, ബുദ്ധമതം ഇന്ത്യയിൽ വ്യാപകമായപ്പോൾ, സമത്വസങ്കൽപ്പങ്ങൾക്ക് കാര്യമായ പ്രാധാന്യം ലഭിച്ചു. തൽഫലമായി പലരും ബ്രാഹ്മണ ആചാരങ്ങൾ അനുസരിക്കാത്തത്, ബ്രാഹ്മണ സമുദായത്തിൽ വലിയ അതൃപ്തി സൃഷ്ടിച്ചു. പിന്നീട്, അശോകന്റെ ചെറുമകനായ ബൃഹദ്രഥൻ അധികാരത്തിലിരുന്നപ്പോൾ, അദ്ദേഹത്തിന്റെ സൈന്യാധിപനായ പുഷ്യമിത്ര ഷുങ്, അദ്ദേഹത്തെ കൊലപ്പെടുത്തുകയും, ബുദ്ധമതക്കാരെ കൊലപാതകത്തിന് ഉത്തരവാദിയാക്കുകയും ചെയ്തു. ബുദ്ധമതവും, ബ്രാഹ്മണമതവും തമ്മിലുള്ള സംഘർഷത്തിന്റെ സ്വഭാവം ഇത് വെളിപ്പെടുത്തുന്നുണ്ട്.

അതിനാൽ, ഖിൽജിയെ ഇതിലേക്ക് വലിച്ചിഴക്കുന്നത് ചരിത്ര വിരുദ്ധമാണ്, എന്നാൽ മുസ്ലീങ്ങൾക്കെതിരായ പൊതു ഇസ്ലാമോഫോബിക് പ്രചാരണവുമായി ഇത് യോജിച്ചു പോകുന്നു. അതേ സമയം, ആ കാലഘട്ടത്തിൽ ബ്രാഹ്മണ ഹിന്ദു രാജാക്കന്മാർ ബുദ്ധമതക്കാരെ പീഡിപ്പിച്ചതിന്റെ യഥാർത്ഥ കഥ മറച്ചുവെക്കുകയും ചെയ്യുന്നു.

## എന്തിനാണ് നളന്ദയെച്ചൊല്ലി ഈ വിവാദം

മുകളിൽ സംക്ഷിപ്തമായി ചർച്ച ചെയ്തതിൽനിന്ന്, പുതുതായി നിർമ്മിച്ച നളന്ദ സർവ്വകലാശാല പഴയ നളന്ദ മഹാവിഹാരത്തിന്റെ പുനരുദ്ധാരണമല്ലെന്ന് വ്യക്തമാണ്. അതോടൊപ്പം, മുസ്ലീം യാഥാസ്ഥിതികരും പഴയ മഹത്തായ സ്ഥാപനം അഗ്നിക്കിരയാക്കിയിട്ടില്ല. ഇസ്ലാമിനെതിരെ വിഷം ചീറ്റുക, എല്ലാ മുസ്ലീം ചക്രവർത്തിമാരെയും ഹിന്ദുവിരുദ്ധരായി ചിത്രീകരിക്കുക, അതുവഴി ദശലക്ഷക്കണക്കിന് ആളുകളെ മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കുക, ഹിന്ദുത്വ മതഭ്രാന്ത് വളർത്തുക, ഹിന്ദു വോട്ട് ബാങ്ക് സൃഷ്ടിക്കുക, തുടർന്ന് തിരഞ്ഞെടുപ്പിന്റെ കടമ്പ കടന്ന് അധികാരത്തിൽ പിടിമുറുക്കുക. ഈ ഹീനമായ രാഷ്ട്രീയ ലക്ഷ്യം നിറവേറ്റുന്നതിനായി ഇസ്ലാമോഫോബിയ എന്ന് വിളിക്കപ്പെടുന്ന ഗൂഢലക്ഷ്യത്തോടെയുള്ള കെട്ടുകഥകളാണിത്. അതേ സമയം, ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള ശാശ്വതമായ വിഭജനം, മുതലാളിത്തം സൃഷ്ടിക്കുന്ന നീറുന്ന ജീവിത പ്രശ്നങ്ങൾക്കെതിരെയുള്ള പോരാട്ടത്തിൽ, അവർക്കിടയിൽ ഐക്യം ഉറപ്പിക്കുന്നത് തടയും. ഇത് ബൂർഷ്വാവർഗ താൽപ്പര്യത്തിനുതകുന്ന വഞ്ചനാപരമായ തന്ത്രമാണ്. ■

SOURCE

1. Courtesy: Nalanda and the Decline of Buddhism by Namit Arora
2. How history was unmade at Nalanda! By D N Jha
3. History of Buddhism in India, English tr. Lama Chimpa & Alka Chattopadhyaya, pp.141-42
4. How history was unmade at Nalanda! By D N Jha
5. History of Bengal by Jadunath Sarkar, vol. 2, pp.3-4
6. Did Bakhtiyar Khilji Destroy Nalanda University? By Ram Puniyani-The Wire 24-06-24)

## ഹേമ കമ്മിറ്റി റിപ്പോർട്ട്

# സർക്കാരിന്റെ അപമാനകരമായ വഞ്ചനയ്ക്കെതിരെ നിലകൊള്ളുക

**സഹസ്രകോടികൾ ഒഴുകുന്ന വലിയ മൂലധന ക്രയവിക്രയ മേഖലയാണ് സിനിമ. കമ്പോളത്തിൽ സിനിമയെന്ന ഉൽപ്പന്നം വിറ്റഴിച്ച് ലാഭമുണ്ടാക്കുന്നതിനുമാത്രം പ്രാമുഖ്യം നൽകുന്ന വ്യവസായമാണ് സിനിമയെങ്കിലും, മറ്റു വ്യവസായങ്ങളിലെപ്പോലെ തൊഴിൽനിയമങ്ങളോ തൊഴിലവകാശങ്ങളോ ഈ മേഖലയിൽ അംഗീകരിക്കപ്പെടുകയുണ്ടായില്ല. സാങ്കേതികവിദ്യ ഏറെ മുന്നോട്ടുപോയെങ്കിലും, അടിമുടി പുരുഷകേന്ദ്രിതവും, ഈ മേഖലയെ നിയന്ത്രിക്കാൻ ശ്രമിക്കുന്ന ശക്തികളുടെ താത്പര്യാർത്ഥം തികഞ്ഞ ഫ്യൂഡൽ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതും, തൊഴിലാളിവിരുദ്ധവും മനുഷ്യത്വവിരുദ്ധവുമായ രീതികളാണ് ഇന്ത്യയിലെ ചലച്ചിത്രമേഖലയിൽ പൊതുവിലും മലയാളസിനിമയിലും നിലനിന്നുപോകുന്നത്.**

സാങ്കേതികവിദ്യ മനുഷ്യനു നൽകിയ കലയാണ് സിനിമ. സിനിമയുടെ വളർച്ചയുടെ ഗതിയിൽ ഇത് ഒരേസമയം കലയും നിരവധിയാളുകൾക്ക് തൊഴിൽ നൽകുന്ന വ്യവസായവുമായാണ് പരിണമിച്ചത്. ഇന്ത്യയിൽ സിനിമയ്ക്കും സിനിമാതാരങ്ങൾക്കും ലഭിച്ച സ്വീകാര്യത, മറ്റേതൊരു രാജ്യത്തേക്കാളും ആഴത്തിലുള്ളതായിരുന്നു. എന്നാൽ, വളരെയധികം ചൂഷണവും കൊള്ളരുതായ്മകളും ഈ മേഖലയിൽ പണ്ടുതൊട്ടേ നടമാടിയിരുന്നുവെന്നത് പരസ്യമായ രഹസ്യമാണ്. പക്ഷേ വെള്ളിത്തിരയിലെ താരങ്ങളുടെ പ്രഭയിൽ ഇതൊന്നും പരസ്യമായി ആരും അംഗീകരിക്കാനോ ചർച്ച ചെയ്യാനോ മുതിർന്നിരുന്നില്ല എന്നു മാത്രം. പ്രതിഷേധത്തിന്റെയും മാറ്റത്തിന്റെയും ഒറ്റപ്പെട്ട ശബ്ദങ്ങളെ അടിച്ചമർത്തിയും പുറത്താക്കിയുമാണ് ഈ മേഖലയുടെ മേലാളരായി സ്വയം കരുതുന്ന ശക്തികൾ മുന്നോട്ടുപോയത്. എന്നാൽ, ഈ മേഖലയിൽ ഏറ്റവും ചൂഷണം ചെയ്യപ്പെടുന്നവരായ വനിതകൾ, തങ്ങളിലൊരാൾക്കു സംഭവിച്ച ഹീനമായ അനുഭവത്തെ തുടർന്ന്, നിശ്ചയദാർഢ്യത്തോടെയും സംഘടിതരായും പ്രതിഷേധ സ്വരമുയർത്തിയതിന്റെ ഫലമായി ഈ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ സർക്കാരിന് ഒരു കമ്മിറ്റിയെ നിയോഗിക്കേണ്ടിവന്നു. ഏറെ അപ്രിയ സത്യങ്ങൾ വിളിച്ചുപറയുന്ന ഈ കമ്മിറ്റി റിപ്പോർട്ട് ഏറെക്കാലം പൂഴ്ത്തിവെച്ച് ചൂഷകർക്ക് തണലൊരുക്കുകയായിരുന്നു കേരളത്തിലെ ഇടതെന്നവകാശപ്പെടുന്ന സർക്കാർ. അതെന്തുകൊണ്ടെന്നും ആരെ സംരക്ഷിക്കാനാണെന്നും, സമ്പൂർണ്ണമല്ലാതെ റിപ്പോർട്ട് പുറത്ത് ലഭ്യമായപ്പോൾ തന്നെ ജനത്തിനു മനസ്സിലായി.

### ഹേമ കമ്മിറ്റി: പശ്ചാത്തലം

2017ലാണ് നടിയെ തട്ടിക്കൊണ്ടുപോയി ലൈംഗികമായി പീഡിപ്പിക്കുകയും ദൃശ്യങ്ങൾ മൊബൈലിൽ ചിത്രീകരിക്കുകയുംചെയ്ത സംഭവമുണ്ടായത്. ഗൂഢാലോചന നടത്തിയതിന്റെ പേരിൽ നടൻ ദിലീപിനെതിരെ ഈ സംഭവത്തിൽ കേരള പോലീസ് കേസെടുത്തു. തുടർന്ന്, സിനിമാമേഖലയിൽ നിലനിൽക്കുന്ന ഞെട്ടിക്കുന്ന പല വിവരങ്ങളും പുറത്തുവന്നു. പ്രസ്തുത സംഭവത്തിനുശേഷം പൊതുസമൂഹത്തിൽ ഉയർന്നുവന്ന ശക്തമായ സമ്മർദ്ദത്തിന്റെ ഫലമായും സിനിമ മേഖലയിൽ രൂപംകൊണ്ട വനിതാ കൂട്ടായ്മയായ ഡബ്ല്യുസിസിയുടെ ആവശ്യപ്രകാരവും സിനിമാരംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്താനാണ് ജസ്റ്റിസ് ഹേമ കമ്മിറ്റിയെ സർക്കാർ നിയമിച്ചത്. മുൻ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ഹേമ, ചലച്ചിത്രനടി ശാരദ, മുൻ ഐഎഎസ് ഉദ്യോഗസ്ഥ കെ.ബി.വത്സലകുമാരി എന്നിവർ അടങ്ങുന്നതാണ് ഹേമ കമ്മിറ്റി. 300 പേജുകളോളം വരുന്ന ഒരു റിപ്പോർട്ട്, 2019 ഡിസംബറിൽ, ഹേമകമ്മിറ്റി സർക്കാരിന് സമർപ്പിക്കുകയുണ്ടായി. പൊതുഖജനാവിൽനിന്ന് ഒരു കോടി ആറുലക്ഷത്തിൽപരം രൂപ കമ്മിറ്റിക്കായി ചെലവിടുകയും ചെയ്തു. എന്നാൽ, സംസ്ഥാനം ഭരിക്കുന്ന ഇടതുമുന്നണി സർക്കാർ, ഈ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയോ അതിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല.

സിനിമാമേഖലയിൽ പ്രവർത്തിക്കുന്നവരും പ്രമുഖരായ മറ്റനേകം വ്യക്തികളും സാമൂഹ്യസംഘടനകളും വനിതാസംഘടനകളുമൊക്കെ ഈ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തണമെന്നും അതിന്മേൽ ആവശ്യമായ, ശക്തമായ തുടർനടപടികൾ സ്വീകരിക്കണമെന്നും നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ സർക്കാർ അതൊന്നും ചെവിക്കൊണ്ടില്ല. തുടർന്ന് മാധ്യമപ്രവർത്തകരുൾപ്പെടെ ഏതാനും വ്യക്തികൾ വിവരാവകാശ നിയമപ്രകാരം റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തണമെന്ന് ആവശ്യം ഉന്നയിച്ചു. കേരള ഹൈക്കോടതിയും അത്തരത്തിൽ സർക്കാരിനോട് ആവശ്യപ്പെട്ടതോടെ, കോടതി നിർദ്ദേശിച്ചതുപ്രകാരം, ഇതിൽ പേരുവന്നിട്ടുള്ള വ്യക്തികളുടെ സ്വകാര്യത സംരക്ഷിക്കാനെന്ന പേരിൽ വെട്ടിച്ചുരുക്കിയും പേജുകൾ മാറ്റിയും അപൂർണ്ണമായ രൂപത്തിൽ ഹേമ കമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുവാൻ സർക്കാർ നിർബന്ധിതമാവുകയാണ് ഉണ്ടായത്. അങ്ങനെയാണ് 2024 ഓഗസ്റ്റ് 20ന് റിപ്പോർട്ട് വെളിച്ചം കണ്ടത്. 110 പേജുകളോളം ഇപ്പോഴും മറയ്ക്കപ്പെട്ടിരിക്കുകയാണ്. പുറത്തുവന്നിരിക്കുന്ന വിവരങ്ങൾ അങ്ങേയറ്റം ആശങ്ക ഉണർത്തുന്നതാണ്. ഒരു പരിഷ്കൃതസമൂഹത്തിൽ ഒരു കാരണവശാലും ഉണ്ടാവാൻ പാടില്ലാത്ത തരത്തിലുള്ള നികൃഷ്ടമായ ലൈംഗികചൂഷണങ്ങളും തൊഴിൽചൂഷണങ്ങളും സിനിമാമേഖലയിൽ സ്ത്രീകൾ നേരിടുന്നു എന്നതിന്റെ നേർസാക്ഷ്യമാണ് ഹേമ കമ്മിറ്റി റിപ്പോർട്ട്.

റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയതിനു പിന്നാലെ ഞെട്ടിക്കുന്ന വെളിപ്പെടുത്തലുകളുമായി സിനിമാമേഖലയിൽനിന്നുതന്നെ നിരവധി സ്ത്രീകൾ മുന്നോട്ടുവന്നു. നടീനടന്മാരുടെ സംഘടനയായ എഎംഎംഎയുടെ ജനറൽ സെക്രട്ടറിയായിരുന്ന നടൻ സിദ്ദിഖ് അടക്കമുള്ളവർ ലൈംഗിക അതിക്രമങ്ങൾ നടത്തിയെന്ന് പലരും തുറന്നുപറഞ്ഞു. തനിക്കുനേരെ ഉയർന്ന ആരോപണത്തെ തുടർന്ന് ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്തിന് രാജി വെയ്ക്കേണ്ടിവന്നു. സിനിമാമേഖലയിൽ നടമാടുന്ന ജീർണ്ണതയുടെ ആഴം ഹേമ കമ്മിറ്റി റിപ്പോർട്ടിലൂടെ മറനീക്കി പുറത്തുവന്നിരിക്കുന്ന സാഹചര്യത്തിൽ ഈ വിഷയം ഗൗരവമായി പരിഗണിക്കപ്പെടേതുണ്ട്. അഭിനയരംഗത്തേയ്ക്കു മാത്രമല്ല, മറ്റു വിവിധ മേഖലകളിലേക്കും ധാരാളം സ്ത്രീകൾ കടന്നുവരുന്നുണ്ട്. സ്ത്രീകൾക്ക് നിർഭയം ഈ മേഖലയിൽ പണിയെടുക്കാൻ കഴിയുന്നില്ലെന്നും കടുത്ത ലൈംഗികചൂഷണങ്ങളെ നേരിടേണ്ടി വരുന്നുവെന്നും പല വനിതകളും കമ്മിറ്റിയുടെ മുൻപിൽ തെളിവുകൾ നൽകിയിട്ടുണ്ട്. അവസരങ്ങൾക്കുവേണ്ടി സംവിധായകരുടെയും നിർമ്മാതാക്കളുടെയും സഹപ്രവർത്തകരായ നടന്മാരുടെയും ഒക്കെ ലൈംഗികമായ താല്പര്യങ്ങൾക്ക് വിധേയമാകേണ്ടുന്ന ഗതികേടിലാണ് തങ്ങളെന്ന് പലരും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അത്തരം സമീപനങ്ങളെ ധീരതയോടുകൂടി ചെറുത്തുനിൽക്കുന്ന സ്ത്രീകൾക്ക് അവസരങ്ങൾ നിഷേധിക്കപ്പെടുന്നതായും അവർക്ക് തൊഴിൽ തന്നെ നഷ്ടപ്പെടുന്നതായും വെളിവാക്കപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ സിനിമാമേഖലയിൽ നടമാടുന്ന ദുഷ്പ്രവണതകളെ നയിക്കുന്നത്, അതിനെ നിലനിർത്തുന്നത് ശക്തമായ ഒരു 'പവർ ഗ്രൂപ്പ്' ആണെന്നും ഹേമ കമ്മിറ്റി മുൻപാകെ പല ആളുകളും മൊഴികൾ നൽകിയിരുന്നു.

സുരക്ഷിതമായ താമസസൗകര്യങ്ങളോ പ്രാഥമികാവശ്യങ്ങൾക്ക് അവശ്യം ഉണ്ടായിരിക്കേണ്ട സംവിധാനങ്ങളോ വസ്ത്രങ്ങൾ മാറുവാനുള്ള സൗകര്യങ്ങളോ പോലും ഈ മേഖലയിൽ സ്ത്രീകൾക്ക് ഉറപ്പാക്കപ്പെടുന്നില്ല. വേതനത്തിന്റെ കാര്യത്തിലാവട്ടെ ഗുരുതരമായ വിവേചനമാണ് സ്ത്രീകൾ നേരിടുന്നത്. പലപ്പോഴും വ്യവസ്ഥപ്പെടുത്തുന്ന വേതനം കിട്ടാതിരിക്കുക, ഘട്ടംഘട്ടമായി മാത്രം ലഭിക്കുക തുടങ്ങി നിരവധി പ്രശ്നങ്ങൾ അവർക്ക് നേരിടേണ്ടിവരുന്നു. ഏതൊരു തൊഴിൽരംഗത്തും നിലനിൽക്കുന്ന സേവന-വേതന വ്യവസ്ഥകൾ തൊഴിൽനിയമങ്ങളുടെയും ജനാധിപത്യമൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ ക്രമപ്പെടുത്തിയതാവണം. എന്നാൽ സിനിമാരംഗത്ത് സ്ഥിതിമറ്റൊന്നാണ് എന്നാണ് ഇപ്പോൾ വെളിവാക്കപ്പെട്ടിരിക്കുന്നത്. ഏറ്റവും താഴെത്തലത്തിലുള്ള തൊഴിലാളികൾ മുതൽ നടീനടന്മാരും സംവിധായകരും വരെയുള്ള ഒരു വലിയ സംഘത്തിന്റെ കൂട്ടായ പ്രവർത്തനഫലമാണ് ഓരോ സിനിമയും. അതിലൂടെ സൃഷ്ടിക്കപ്പെടുന്ന വരുമാനത്തിന്റെ ഭൂരിഭാഗവും കൈയടക്കുന്നത് ഒരു 'പവർ ഗ്രൂപ്പ്' ആണെന്നും എല്ലാ വിഷയങ്ങളിലും അവരുടെ നിയന്ത്രണമുണ്ടെന്നും പലരും മൊഴി നൽകിയിട്ടുണ്ട്.

മറ്റൊരു കാര്യം, മദ്യവും മയക്കുമരുന്നും വൻതോതിൽ ഈ രംഗത്ത് പിടിമുറുക്കിയിരിക്കുന്നു എന്നതാണ്. പലരും അവയുടെ ഉപഭോക്താക്കളും വാഹകരുമാണ് എന്നും മുമ്പുതന്നെ വാർത്തയായിട്ടുണ്ട്. സ്വാഭാവികമായും ഇതിലൂടെയും സ്ത്രീസുരക്ഷ വെല്ലുവിളിക്കപ്പെടും എന്നതിന് തർക്കമില്ല. ധാരാളം സ്ത്രീകൾ പ്രവർത്തിക്കുന്ന ഒരു രംഗമായിരുന്നിട്ടുകൂടി സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും അവരുടെ പരാതികൾ പരിഹരിക്കുവാനും ഐസിസി (ഇന്റേണൽ കംപ്ലെന്റ്സ് കമ്മിറ്റി) പോലെയുള്ള ജനാധിപത്യ സംവിധാനങ്ങളൊന്നും സിനിമാമേഖലയിൽ ഇല്ല. താരസംഘടനകളെയും സാങ്കേതികപ്രവർത്തകരുടെ സംഘടനകളെയും ഒക്കെത്തന്നെ നയിക്കുന്നത് കടുത്ത പുരുഷാധിപത്യ വീക്ഷണങ്ങളാണ്.

### സിനിമ: അങ്ങേയറ്റം ചൂഷണം നടക്കുന്ന തൊഴിൽമേഖല

സിനിമ ഒരു വ്യവസായം കൂടിയാണ് എന്നതുകൊണ്ടുതന്നെ ഒരു തൊഴിൽമേഖല കൂടിയാണ്. എഴുത്തുകാരും അഭിനേതാക്കളും സംവിധായകരും മാത്രമല്ല, ക്യാമറ, ലൈറ്റിംഗ്, സെറ്റ് നിർമ്മാണപ്രവർത്തകർ, പ്രൊഡക്ഷൻ സഹായികൾ, സംവിധായകസഹായികൾ തുടങ്ങി ചെറുതും വലുതുമായ എണ്ണമറ്റ തൊഴിലുകൾ എടുക്കുന്ന നൂറുകണക്കിനുപേർ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. അറിയപ്പെടുന്ന നടീനടന്മാർക്കു പുറമേ, ജൂനിയർ ആർട്ടിസ്റ്റുകളായി എത്രയോ പേർ ക്യാമറയ്ക്കു മുന്നിലും പണിയെടുക്കുന്നു. പലരും പ്രതിഫലം കിട്ടാതെയോ തുച്ഛമായ പ്രതിഫലത്തിനോ ആണ് പണിയെടുക്കുന്നത്. മറ്റുമേഖലകളിൽ നിന്ന് സിനിമമേഖലയെ വ്യത്യസ്തമാക്കുന്നത്, ഇവിടത്തെ തൊഴിലിന്റെ അസ്ഥിരസ്വഭാവമാണ്. തികച്ചും 'ഹയർ ആൻഡ് ഫയർ' ആണ് തൊഴിലുകൾ. ഒരു സിനിമയ്ക്കു വേണ്ടി വിളിക്കുന്നു, അതുകഴിയുമ്പോൾ ആ തൊഴിൽ അവസാനിക്കുന്നു. തുടർന്ന് വീണ്ടും തൊഴിൽ കിട്ടണമെങ്കിൽ സിനിമയുടെ മൂലധനനിക്ഷേപത്തെ നിയന്ത്രിക്കുന്നയാളുകളെപ്രീതിപ്പെടുത്തേണ്ടിയിരിക്കുന്നു. നേരത്തെ ഇന്ത്യൻ സിനിമയിലും, ഇപ്പോഴും ഹോളിവുഡിലും പ്രൊഡക്ഷൻ സ്റ്റുഡിയോകൾ അല്ലെങ്കിൽ വമ്പൻ പ്രൊഡക്ഷൻ കമ്പനികൾ ഇത് നിയന്ത്രിക്കുന്നു. ഇന്ത്യയിൽ പ്രൊഡക്ഷൻ സ്ഥാപനങ്ങളും പണം മുടക്കുന്ന നിർമ്മാതാക്കളും തന്നെയാണ് മൂലധനം കൊണ്ടുവരുന്നതെങ്കിലും അതിന്റെ നിക്ഷേപത്തെ നിയന്ത്രിക്കുന്നത് സൂപ്പർതാരങ്ങൾ എന്നു വിളിക്കപ്പെടുന്ന ഒരു കൂട്ടം നടന്മാരും കുറച്ച് സംവിധായകരും ഒക്കെ അടങ്ങുന്ന ഒരു കോക്കസാണ് എന്നതാണ് യാഥാർത്ഥ്യം. മൂലധന നിക്ഷേപകരും നിക്ഷേപം നിയന്ത്രിക്കുന്ന കോക്കസുകളുമാണ് എല്ലാ ഭാഷകളിലും സിനിമയിലെ ചൂഷകരായി മാറുന്നത്. ഇവരുടെ അപ്രീതി സമ്പാദിക്കുന്നവർക്ക് തൊഴിൽ നിഷേധിക്കപ്പെടുന്നു. ഈ മേഖലയിൽ തൊഴിലെടുക്കുന്നവരെല്ലാം പല രീതിയിൽ ചൂഷണം നേരിടുന്നവരാണ്. സ്വയം തിരിച്ചറിഞ്ഞില്ലെങ്കിൽക്കൂടിയും അവരെല്ലാം തൊഴിലാളികൾ തന്നെയാണ്, തൊഴിലവകാശങ്ങൾ ഉള്ളവരാണ്. അതിൽതന്നെ ഏറ്റവും ചൂഷണം നേരിടേണ്ടിവരുന്നത് വനിതകളാണ്. ചൂഷകരുടെ ലൈംഗികതാത്പര്യത്തിനു കൂടി അവർ വിധേയരാകുന്നു. അതാകട്ടെ, തൊഴിലിടത്തിൽ മാത്രമല്ല, തൊഴിൽ കിട്ടാൻകൂടിയാണ്. കാസ്റ്റിങ്ങ് കൗച്ച്, അഡ്ജസ്റ്റ്മെന്റ്സ് എന്നിങ്ങനെയൊക്കെയുള്ള പേരുകളിൽ സിനിമയിലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന സ്ത്രീകളെ ലൈംഗികചൂഷണത്തിനു വിധേയരാക്കുന്നു. അന്താരാഷ്ട്രതലത്തിൽ തന്നെ കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കിടയിൽ ഇത്തരം ചൂഷകരെ പൊതുമധ്യത്തിൽ തുറന്നുകാട്ടുന്ന 'മീ ടൂ മൂവ്മെന്റ്' ഉണ്ടായി. തൊഴിൽസുരക്ഷയെ വകവെയ്ക്കാതെ ചൂഷണങ്ങൾക്കെതിരെ ശബ്ദമുയർത്താനും, യാതൊരു ലൈംഗികചൂഷണത്തിനും ഇനി വഴങ്ങിക്കൊടുക്കില്ലായെന്ന് പ്രഖ്യാപിച്ചും

(ശേഷം 10–ാം പേജിൽ)

# ജനങ്ങളെ വെല്ലുവിളിച്ച് സംസ്ഥാന സർക്കാർ: സിൽവർ ലൈനിന് വീണ്ടും കേന്ദ്രസർക്കാരിന്റെ അനുമതി തേടുന്നു




സിൽവർ ലൈൻപദ്ധതിയുമായി മുന്നോട്ടുപോകാൻ സംസ്ഥാനസർക്കാർ കാണിക്കുന്ന വ്യഗ്രതയ്ക്കെതിരെ ഒക്ടോബർ 25 മുതൽ 31വരെ പ്രഖ്യാപിച്ചിരിക്കുന്ന പ്രതിഷേധവാരത്തിന്റെ ഭാഗമായി ഇരവിപേരൂരിൽ നടന്ന സംഗമത്തിൽ സമിതി സംസ്ഥാന ജനറൽ കൺവീനർ എസ്.രാജീവൻ പ്രസംഗിക്കുന്നു.

**അ**തിശക്തമായ ചെറുത്തുനില്പുസമരത്തിലൂടെ ജനങ്ങൾ പരാജയപ്പെടുത്തിയ കെ റെയിൽ സിൽവർലൈൻപദ്ധതിക്ക് വീണ്ടും അനുമതി തേടിയിരിക്കുകയാണ് സംസ്ഥാന സർക്കാർ. ഈ ആവശ്യം ഉന്നയിച്ച് മുഖ്യമന്ത്രിതന്നെ വകുപ്പ് മന്ത്രിക്കൊപ്പം കേന്ദ്ര റെയിൽവേ മന്ത്രിയെ നേരിട്ടുകണ്ടു.

പദ്ധതി പിൻവലിക്കണം എന്നാവശ്യപ്പെട്ട് സമരസമിതി നേതാക്കൾ കേന്ദ്രമന്ത്രിയെ സന്ദർശിച്ചതിന് പിന്നാലെയാണ് മുഖ്യമന്ത്രി ഈ കൂടിക്കാഴ്ച നടത്തിയിരിക്കുന്നത്. പദ്ധതി നടപ്പിലായാൽ സംസ്ഥാനം നേരിടേണ്ടി വരുന്ന പാരിസ്ഥിതിക- സാമ്പത്തിക- സാമൂഹ്യ പ്രത്യാഘാതങ്ങളും കേരളത്തിന്റെ യാത്രാ ആവശ്യകത സംബന്ധിച്ച വിശദവിവരങ്ങളും ഉൾപ്പെട്ട നിവേദനം സമരസമിതി നേതാക്കൾ മന്ത്രിക്ക് കൈമാറിയിരുന്നു. അലൈൻമെന്റിൽ ഉൾപ്പെട്ട ഇരുപത്തി അയ്യായിരത്തോളം സാധാരണ ജനങ്ങൾ മുതൽ എംപിമാർ വരെയുള്ളവർ നിവേദനത്തിൽ ഒപ്പുവച്ചിരുന്നു.

ഡിപിആർ അപൂർണ്ണമാണെന്ന് കേന്ദ്രം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുകയാണ്. സമരസമിതി നേതാക്കൾക്ക് ലഭിച്ച വിവരാവകാശ മറുപടി പ്രകാരം 2020ൽ കെ റെയിൽ സമർപ്പിച്ച ഡിപിആറിൽ 530 കിലോമീറ്റർ ദൈർഘ്യമുള്ള സിൽവർ ലൈനിന്റെ മൂന്നിലൊന്ന് ഭാഗം വരുന്ന 198 കിലോമീറ്റർ ദൂരവും റെയിൽവേ ഭൂമിയിലൂടെയാണ് കടന്നുപോകുന്നത്. റെയിൽവേയുമായി യാതൊരു കൂടിയാലോചനയും നടത്താതെയും അനുമതി വാങ്ങാതെയുമാണ് റെയിൽവേ ഭൂമി അലൈൻമെന്റിൽ പെടുത്തിയിരിക്കുന്നത്. നിലവിലുള്ള പാതയുടെ ഭാവി വികസനത്തിന് തടസ്സം ഉണ്ടാക്കുന്ന നിർദ്ദേശമാണ് ഇത് എന്നതിനാൽ ഭൂമി വിട്ടുനൽകാൻ ആവില്ല എന്നാണ് റെയിൽവേയുടെ നിലപാട്.

എത്ര ഭൂമി വേണമെന്നും നിലവിലെ ലൈനിനെ എവിടെയെല്ലാം സിൽവർ ലൈൻ മുറിച്ച് കടക്കും എന്നും കെ റെയിൽ ഇതുവരെ വ്യക്തമാക്കിയിട്ടില്ല. കൃത്യമായ വിവരങ്ങളും രേഖകളും നൽകണമെന്ന് റെയിൽവേ ബോർഡ് അഞ്ചു തവണ ആവശ്യപ്പെട്ടിട്ടും വിവരങ്ങൾ നൽകിയിട്ടില്ല എന്നാണ് കേന്ദ്രം പറയുന്നത്. അങ്ങനെയെങ്കിൽ സിൽവർ ലൈനിന്റെ മൂന്നിലൊന്ന് ഭാഗത്തിന് അലൈൻമെന്റ് ഇല്ലാതായി എന്നാണ് അർത്ഥം.

അതിനു വേറെ ഭൂമി കണ്ടെത്താൻ ശ്രമിക്കുകയാണെങ്കിൽ മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത പ്രതിഷേധത്തെ സർക്കാരിന് നേരിടേണ്ടി വരും. അത്രയധികം ജനവാസമുള്ള മേഖലയിലൂടെ വേണം പുതിയ അലൈൻമെന്റ് തയ്യാറാക്കാൻ. ഇത്തരമൊരു സാഹചര്യത്തിൽകൃത്യമായഅലൈൻമെന്റും ഡിപിആറും ഇല്ലാതെ സിൽവർ ലൈനിന് വേണ്ടി മുറവിളി കൂട്ടുന്നതിന്റെ യുക്തി എന്താണെന്ന് മനസ്സിലാകുന്നില്ല.

ജിയോളജിക്കൽ സർവ്വേ, സോയിൽ ടെസ്റ്റിങ്, പരിസ്ഥിതി ആഘാത പഠനം, സാമൂഹ്യ ആഘാത പഠനം തുടങ്ങിയവയൊന്നും നടത്താതെയാണ് നിലവിലെ ഡിപിആർ തയ്യാറാക്കിയിട്ടുള്ളത്. നിലവിൽ ചൂണ്ടിക്കാട്ടപ്പെട്ടതിനെക്കാൾ ഭീകരമായ വിനാശമായിരിക്കും സിൽവർ ലൈൻ വന്നാൽ ഉണ്ടാവുക എന്ന് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പുറത്തിറക്കിയ പഠന റിപ്പോർട്ട് വ്യക്തമാക്കുന്നു.

ജനങ്ങളുടെ വേഗയാത്ര സർക്കാരിന്റെ പരിഗണനാ വിഷയമേ അല്ല. നിലവിൽ സംസ്ഥാനം നേരിടുന്ന ഗുരുതരമായ റെയിൽവേ യാത്രാ ദുരിതം പരിഹരിക്കാൻ കേന്ദ്രത്തിനുമേൽ സമ്മർദ്ദം ചെലുത്താനോ കെഎസ്ആർടിസിയെ മെച്ചപ്പെടുത്താനോ ഒന്നും ശ്രമിക്കാതെ സിൽവർ ലൈൻ എന്ന അതിസമ്പന്നർക്കു വേണ്ടിയുള്ള ചിലവുകൂടിയ യാത്രാ സംവിധാനം വന്നാലേ കേരളം വികസിക്കൂ എന്ന കപട ഭാഷണം നടത്തുകയാണ് ചില കുടിലബുദ്ധികൾ. വസ്തുതകൾ ഇങ്ങനെയാണെന്നിരിക്കെ എങ്ങനെയും അനുമതി സംഘടിപ്പിച്ച് എവ്വിധേനയും വിദേശവായ്പ തരപ്പെടുത്തി സർക്കാരിന്റെ കെടുകാര്യസ്ഥതയും അഴിമതിയും മൂലം നേരിടുന്ന ഭീകരമായ സാമ്പത്തിക പ്രതിസന്ധിയെ മറികടക്കുക എന്നതും അടുത്ത തിരഞ്ഞെടുപ്പിനു മുമ്പ് പരമാവധി ധനസമാഹരണം നടത്തുക എന്നതുമാകാം സർക്കാരിന്റെ ലക്ഷ്യം.

ജനങ്ങളെ സംബന്ധിച്ചിടത്തോളം കേരളസമൂഹം തള്ളിക്കളഞ്ഞ വിനാശപദ്ധതിയായ സിൽവർ ലൈന് വേണ്ടി കേരളത്തിന്റെ മണ്ണിൽ എന്ത് നീക്കം നടത്തിയാലും ശക്തമായ ചെറുത്തുനില്പിന് തയ്യാറാണ്. 2021ൽ പോലീസിനെ ഉപയോഗിച്ച് മഞ്ഞക്കുറ്റി സ്ഥാപിക്കാൻ നടത്തിയ ശ്രമങ്ങളെ പരാജയപ്പെടുത്തിയ ജനങ്ങളിൽ നിന്ന് അതിന്റെ പതിന്മടങ്ങ് എതിർപ്പാകും സർക്കാരിന് നേരിടേണ്ടി വരുന്നത്.

ശക്തമായ സമരത്തിലൂടെ കേരള സർക്കാരിന് ജനങ്ങൾ താക്കീത് നൽകിയിട്ടും എങ്ങനെയും കേന്ദ്രത്തിൽനിന്ന് അനുമതി നേടാനുള്ള നീക്കമാണ് സർക്കാർ നടത്തുന്നത്. ഇത് ജനങ്ങളിൽ വലിയ ആശങ്കയും പ്രതിഷേധവും ഉയർത്തിയിട്ടുണ്ട്. ജനങ്ങളെ വെല്ലുവിളിക്കുന്ന സർക്കാരിന് ജനങ്ങൾ തന്നെ ശക്തമായ മറുപടി നൽകും. ■

## ഹേമ കമ്മിറ്റി റിപ്പോർട്ട്

(9-ാം പേജിൽ നിന്ന്)

സിനിമയിൽ ഇത്തരം ചൂഷകർ ബോധപൂർവ്വം നിലനിർത്തുന്ന പുരുഷകേന്ദ്രിത സമീപനത്തെ പൊളിച്ചെഴുതി ആത്മാഭിമാനത്തോടെ ഏതൊരു വനിതയ്ക്കും ഇവിടെ പ്രവർത്തിക്കാനാകുമെന്ന് ഉറപ്പാക്കുന്ന തരത്തിലുമുള്ള പ്രവർത്തനമാണ് കുറച്ചു വർഷങ്ങളായി ഡബ്ല്യുസിസി എന്ന, മലയാളസിനിമയിലെ വനിതാകൂട്ടായ്മ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ പോരാട്ടത്തെ പിന്തുണയ്ക്കേണ്ടതും ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോകേണ്ടതും ഇന്ന് പൊതുസമൂഹത്തിന്റെ കടമയാണ്.

### സ്ത്രീസുരക്ഷയും സർക്കാരുകളുടെ കാപട്യവും

മേല്പറഞ്ഞവിധത്തിൽ ഗൗരവതരവും അടിയന്തരപ്രാധാന്യം അർഹിക്കുന്നതുമായ വസ്തുതകളാണ് ജസ്റ്റിസ് ഹേമ കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ ഉള്ളടക്കം. എന്നാൽ സംസ്ഥാനം ഭരിക്കുന്ന ഇടതുമുന്നണി സർക്കാരിന്റെ ഈ വിഷയത്തിലെ സമീപനം അങ്ങേയറ്റം നിരുത്തരവാദപരവും കുറ്റകരവുമാണ്. ഏകദേശം 5 വർഷത്തോളം റിപ്പോർട്ട് പൂഴ്ത്തിവച്ചുകൊണ്ട് സർക്കാർ വേട്ടക്കാരോടൊപ്പം നിലയുറപ്പിച്ചു. മാത്രമല്ല റിപ്പോർട്ട് പൂഴ്ത്തുക വഴി നിലവിലുണ്ടായിരുന്ന ലൈംഗിക, തൊഴിൽ ചൂഷണങ്ങൾ അനുസ്യൂതം തുടരുവാൻ കുറ്റവാളികൾക്ക് അവസരമൊരുക്കിക്കൊടുക്കുകയും ചെയ്തു. സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിൽ തികഞ്ഞ പരാജയമാണ് പിണറായി സർക്കാർ എന്നു കാണാൻ കഴിയും. വ്യക്തികളുടെ സ്വകാര്യതയുടെ പേരിലാണ് റിപ്പോർട്ട് പൂർണമായി പ്രസിദ്ധപ്പെടുത്താത്തത് എന്ന് സർക്കാർ അവകാശപ്പെടുമ്പോൾ, ഇരകളുടെയല്ല, മറിച്ച കുറ്റാരോപിതരായ വമ്പൻമാരുടെ സ്വകാര്യതയാണ് സർക്കാരിന്റെ പരിഗണനാവിഷയം എന്ന് വ്യക്തമാണ്. അതുകൊണ്ടാണ്, കമ്മിറ്റിക്ക് മുൻപിൽ ഇരകൾ കൊടുത്ത മൊഴികളുടെ അടിസ്ഥാനത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനു പകരം സിനിമാ കോൺക്ലേവ് വിളിക്കുമെന്ന് പ്രഖ്യാപിച്ച് ജനങ്ങളെ കബളിപ്പിക്കാൻ ശ്രമിച്ചത്. ഇരകളെ വഞ്ചിച്ച് വേട്ടക്കാർക്കൊപ്പം നിൽക്കുന്ന സർക്കാർ നിലപാട് സിനിമയ്ക്കകത്തും പുറത്തും ശക്തമായി വിമർശിക്കപ്പെട്ടു. പവർ ഗ്രൂപ്പുകൾ എല്ലാ മേഖലയിലുമുണ്ടെന്നും അവരെ നിലയ്ക്കുനിർത്താൻ കഴിയില്ല എന്നും മറ്റുമുള്ള സാംസ്കാരിക വകുപ്പുമന്ത്രിയുടെ പരിഹാസ്യമായ പരാമർശങ്ങൾ സർക്കാരിന്റെയും സിപിഐ(എം)ന്റെയും നിലപാടുകളാണ്. നടി ആക്രമിക്കപ്പെട്ട സംഭവം ഉണ്ടായിട്ട് ഏഴ വർഷങ്ങൾ കഴിഞ്ഞു. ഇന്നും അതിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടില്ല. ഇപ്പോൾ അതിലെ മുഖ്യപ്രതിയ്ക്ക് ജാമ്യം ലഭിച്ചിരിക്കുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ അന്ന് പ്രതികരിച്ചത് യാതൊരു ഗൂഢാലോചനയും ഈ വിഷയത്തിൽ നടന്നിട്ടില്ല എന്നായിരുന്നു എന്നതും നമ്മൾ ഓർക്കണം. സമാനമായി, ബിജെപിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ എങ്ങനെയാണ് ചൂഷകർക്കൊപ്പം നിലകൊണ്ട്, സ്ത്രീവിരുദ്ധ നിലപാട് വ്യക്തമാക്കിയത് എന്ന് ബ്രിജ്ഭൂഷൺ വിഷയത്തിൽ നമ്മൾ കണ്ടതാണ്. സിനിമയിലും മറ്റ് മേഖലകളിലും തികച്ചും പുരുഷകേന്ദ്രിതമാണ് ആർഎസ്എസിന്റെ പ്രത്യയശാസ്ത്രനിലപാടെന്നും നമുക്കറിയാം. ഇതേ നിലപാട് തന്നെയാണ് സിപിഐ(എം) നേതൃത്വം കൊടുക്കുന്ന കേരളത്തിലെ സർക്കാരിന്റേതെന്നത് പുരോഗമനചിന്താഗതിക്കാരെയും ജനാധിപത്യബോധമുള്ളവരെയും വേദനിപ്പിക്കുന്ന വസ്തുതയാണ്.

ഒരു വ്യവസായമേഖല കൂടിയായ സിനിമയിൽ മാത്രമല്ല, കലാ, കായിക തൊഴിൽരംഗങ്ങളിലെല്ലാം സ്ത്രീകൾക്ക് നിർഭയം കടന്നുവരാനും നിലനിൽക്കുവാനുമുള്ള അവസരങ്ങളും അവസ്ഥയും ഉണ്ടാവണം. ജനാധിപത്യധാരണകളുടെ അടിസ്ഥാനത്തിലുള്ള തൊഴിൽനിയമങ്ങളും സുരക്ഷാ സംവിധാനങ്ങളും ഉറപ്പാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ആ ബാധ്യത നിറവേറ്റാത്ത ഒരു ഗവൺമെന്റിന് നിലനിൽക്കുവാൻ അർഹതയില്ല. സിനിമയിൽ മാത്രമല്ല, എല്ലാ തൊഴിൽമേഖലകളിലും കടുത്ത ലൈംഗികചൂഷണങ്ങൾ സ്ത്രീകൾ നേരിടുന്നുണ്ട്. ഇത് സമൂഹത്തിന്റെ അപചയത്തിന്റെ സൂചനയാണ്. അടിയന്തരമായി പരിഹാരം കാണേണ്ട വിഷയമാണിത്.

സംസ്ഥാന സർക്കാരിന്റെ മദ്യനയം അങ്ങേയറ്റം ജനവിരുദ്ധവും സ്ത്രീവിരുദ്ധവുമാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം സമൂഹത്തിൽ കുറ്റവാളികളെ സൃഷ്ടിക്കുന്നു. കുറ്റകൃത്യങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ഒരു സാമൂഹ്യ അന്തരീക്ഷമാണ് ഇതിലൂടെ സംജാതമാകുന്നത്. സ്ത്രീസുരക്ഷയ്ക്ക് വലിയ വെല്ലുവിളിയാണ് ഇതുയർത്തുന്നത്. പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വയോധികരായ സ്ത്രീകൾവരെ അതിക്രമങ്ങൾക്ക് ഇരയാകുന്നു. കുറ്റവാളികളെ സംരക്ഷിക്കുന്ന നിലപാടാണ് പലപ്പോഴും സർക്കാർ കൈക്കൊള്ളുന്നത്. മറുവശത്ത് കുറ്റകൃത്യങ്ങൾ അനുസ്യൂതം തുടർന്നു കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യം മാറേണ്ടതുണ്ട്.

അതിശക്തമായ ജനകീയ പ്രക്ഷോഭത്തിലൂടെ മാത്രമേ അധികാരികളെയും അവരുടെ തണലിൽ തഴയ്ക്കുന്ന ചൂഷകരേയും നിലയ്ക്കുനിർത്താൻ കഴിയൂ. സിനിമാരംഗത്തുനിന്നുതന്നെ ധൈര്യത്തോടെ വനിതകൾ മുന്നോട്ടുവരുന്നു എന്നത് ആശാവഹമാണ്. തൊഴിലും വരുമാനവും ജീവിതം പോലും അപകടപ്പെടുത്തിക്കൊണ്ടാണ് അവർ പോരാടുന്നത്. ഡബ്ല്യുസിസി അംഗങ്ങളുടെ പോരാട്ടങ്ങൾക്ക് പൊതുസമൂഹത്തിന്റെ പിന്തുണയുണ്ടാകണം. സമൂഹത്തിൽ വളരേയേറെ സ്വാധീനമുള്ള ശക്തമായ ഒരു കലാരൂപമാണ് സിനിമ. ആ മേഖലയിൽ കഴിവു തെളിയിച്ചുകൊണ്ട് സ്ത്രീകൾക്കും പങ്കാളികളാകാൻ കഴിയുമാറുള്ള മാറ്റങ്ങൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. സമൂഹത്തിൽ ഉയർന്ന ജനാധിപത്യ, സദാചാര മൂല്യങ്ങൾ പുലരുമ്പോൾ മാത്രമേ വ്യക്തികൾ എന്ന നിലയിൽ സ്ത്രീകൾ പരിഗണിക്കപ്പെടുകയുള്ളൂ; അവരുടെ കഴിവുകളുടെ അടിസ്ഥാനത്തിൽ ആദരിക്കപ്പെടുകയുള്ളൂ. അത്തരത്തിലുള്ള ഒരു സമൂഹസൃഷ്ടിക്കായി ഒരു സാംസ്കാരിക പ്രതിപ്രവാഹം സൃഷ്ടിക്കാൻ നമുക്ക് കൈകോർക്കാം. ■

# ജോലി സമ്മർദ്ദവും അപമാനവും സർക്കാർ ജീവനക്കാരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്നു

കണ്ണൂർ എഡിഎം ആയിരുന്ന നവീൻ ബാബുവിന്റെ മരണം ഒറ്റപ്പെട്ടതോ ആകസ്മികമായി സംഭവിച്ചതോ അല്ല. കേരളത്തിലെ ലക്ഷക്കണക്കിന് ജീവനക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ജോലി സമ്മർദ്ദങ്ങളുടെയും അധിക്ഷേപങ്ങളുടെയും ഇരകളിൽ ഒരാൾ മാത്രമാണ് അദ്ദേഹം. സ്വദേശമായ പത്തനംതിട്ടയിലേക്ക് സ്ഥലംമാറി പോകുന്നതിനാൽ സഹപ്രവർത്തകർ നൽകിയ യാത്രയയപ്പ് സമ്മേളന വേളയിൽ ക്ഷണിക്കാതെ കടന്നു വന്ന കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന പി.പി.ദിവ്യയുടെ ഭാഗത്തുനിന്നുണ്ടായ ക്രൂരമായ അധിക്ഷേപം ആണ് അദ്ദേഹത്തെ ആത്മഹത്യയിലേക്ക് തള്ളിവിട്ടത് എന്ന് വ്യക്തമായിരിക്കുന്നു. ഈ അധിക്ഷേപത്തിന് ആധാരമായതാവട്ടെ നിയമപരമായ യാതൊരന്വേഷണവും കൂടാതെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടന്ന കാര്യങ്ങൾ അവർ പറയുന്ന സമയത്തു ചെയ്തുകൊടുത്തില്ല എന്നതാണെന്ന് വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തുകയും ചെയ്തിരിക്കുന്നു.

അഴിമതിയും കൈക്കൂലിയും തടയുന്നതിനും അതിനെ നിയമപരമായി നേരിടുന്നതിനും ധാരാളം വഴികൾ ഉള്ളപ്പോൾ ഭരണകക്ഷിയുടെ നേതാവും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പോലെ ഉത്തരവാദിത്തപ്പെട്ട സ്ഥാനത്ത് ഇരിക്കുന്നതുമായ ആൾ ഒരു വ്യക്തിയെ അവഹേളിക്കുന്ന തരത്തിൽ പൊതുസ്ഥലത്ത് പെരുമാറുന്നത് അക്ഷന്തവ്യമായ അപരാധമാണ്. ഇതിലൂടെ ഒരു വ്യക്തിയെ അപമാനിക്കാം എന്നല്ലാതെ നിയമപരമായ ശിക്ഷ ഉറപ്പാക്കാൻ കഴിയുകയില്ല എന്നറിയാത്ത ആളല്ല ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്.

സമാനമായ നിരവധി സംഭവങ്ങൾ പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പിൽ വൈക്കം എഇഒ ഓഫീസിലെ സീനിയർ സൂപ്രണ്ട് ആയിരുന്ന ശ്യാം കുമാർ ആ ഓഫീസിലെ എഇഒയുടെ അധികചുമതലകൂടി നൽകിയതിനെ തുടർന്ന് ഭാരിച്ച ഉത്തരവാദിത്തങ്ങളുള്ള പല ജോലികൾ ഒരേ സമയം നിറവേറ്റേണ്ടുന്ന അവസ്ഥ ഉണ്ടായതിനാൽ, ജോലി സമ്മർദ്ദത്താൽ ആത്മഹത്യ ചെയ്ത സംഭവം ഏതാനും ദിവസങ്ങൾക്കുമുമ്പ് പുറത്തുവന്നിരുന്നു. കൊല്ലം പരവൂർ മുൻസിഫ് മജിസ്ട്രേട്ട് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന എസ്.അനീഷ ക്രൂരമായ മാനസിക പീഡനവും അമിതമായ ജോലിഭാരവും നിയമവിരുദ്ധമായി പ്രവർത്തിക്കാൻ ഉണ്ടായ സമ്മർദ്ദവും കാരണം ഈ വർഷം ആദ്യം ആത്മഹത്യ ചെയ്യുകയുണ്ടായി.

ഒക്ടോബർ 23ന്, തൃശ്ശൂർ ജില്ലയിൽ ഇന്ദു വിശ്വകുമാർ എന്ന ഐസിഡിഎസ് സൂപ്പർവൈസർ കുഴഞ്ഞുവീണ മരിച്ചതാണ് മറ്റൊരു സംഭവം. തൃശ്ശൂർ, എടവിലങ്ങ് പഞ്ചായത്ത് നടത്തിയ സ്റ്റേഡിയം ഉദ്ഘാടനത്തിന് അംഗൻവാടി ജീവനക്കാർ എത്താതിരുന്നതിൽ ക്ഷുഭിതരായ പഞ്ചായത്തിലെ ജനപ്രതിനിധികൾ ഈ ജീവനക്കാരിയെക്കൊണ്ട് മാപ്പു പറയിപ്പിക്കുകയും അതിൽ മാനസിക സമ്മർദ്ദത്തിലായ ഹൃദ്രോഗിയായിരുന്ന ഇന്ദു വിശ്വകുമാർ ഹൃദയാഘാതത്തെ തുടർന്ന് മരിക്കുകയും ചെയ്തു എന്നാണ് റിപ്പോർട്ട്. ഈ വിഷയത്തിൽ സഹപ്രവർത്തകർ മേലധികാരികൾക്ക് നൽകിയ പരാതിയിൽ ഇത്തരം സംഭവങ്ങൾ വ്യാപകമാണ് എന്ന് ചൂണ്ടിക്കാണിച്ചിരുന്നു.

പോലീസിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ 90 ആത്മഹത്യകൾ ഉണ്ടായതായും നൂറുകണക്കിന് പോലീസുകാർ സ്വയം വിരമിക്കലിന് അപേക്ഷ നൽകിയതായും അനധികൃത ലീവെടുത്ത് രാജ്യം വിടുന്നതായും റിപ്പോർട്ടുകൾ വരുന്നുണ്ട്. സർക്കാർ ആശുപത്രികളിലെ ജീവനക്കാർ ജോലിഭാരം കൊണ്ടും ആശുപത്രികളിലെ അസൗകര്യങ്ങളുടെ പേരിൽ രോഗികളുടെയും കൂട്ടിരുപ്പുകാരുടെയും രോഷംകൊണ്ടും ബുദ്ധിമുട്ടുന്നു. സ്കൂളുകളിൽ അദ്ധ്യാപകരാകട്ടെ സ്കൂൾ നടത്തിപ്പിന്റെ മുഴുവൻ ഉത്തരവാദിത്തവും പേറുന്നവരായി മാറിയിരിക്കുന്നു. പലതരത്തിലുള്ള പരിശീലനവും റിപ്പോർട്ട് തയ്യാറാക്കലും സർക്കാർ നിർദ്ദേശിക്കുന്ന പരിപാടികളുടെ നടത്തിപ്പും കഴിഞ്ഞ് പഠിപ്പിക്കാൻ സമയം കിട്ടുന്നില്ല എന്ന സ്ഥിതിയാണ്. ഇതിനൊപ്പം ശമ്പളവും ആനുകൂല്യങ്ങളും തടഞ്ഞു വച്ചിരിക്കുന്നതുവഴി ലോണടവ് മുടങ്ങുന്നതും കടക്കെണിയിലാകുന്നതും സാധാരണക്കാരായ ജീവനക്കാർക്ക് താങ്ങാനാവുന്നതല്ല.

## എന്താണിതിന് കാരണം

ആവശ്യത്തിന് ജീവനക്കാരില്ല എന്നതാണ് ഒന്നാമത്തെ കാരണം. വിദ്യാഭ്യാസ വകുപ്പിന്റെ കാര്യം ഉദാഹരണമായി എടുത്താൽ ഉയർന്ന ഉദ്യോഗസ്ഥരുടെ 30ൽ അധികം ഒഴിവുകൾ നികത്താതെ കിടക്കുന്നു എന്നാണ് റിപ്പോർട്ട്. തൊട്ടുതാഴെയുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകുകയും അത് ജീവനക്കാർക്ക് വലിയ ജോലിഭാരം ഉണ്ടാക്കുകയും ചെയ്യുന്നു. മിക്ക വകുപ്പുകളിലും താഴ്ന്ന തസ്തികകളിൽ നിന്ന് ഉയർന്ന തസ്തികകളിലേക്കുള്ള പ്രമോഷൻ പല കാരണങ്ങൾപറഞ്ഞ് തടഞ്ഞു വച്ചിരിക്കുകയാണ്. പ്രമോഷൻ നടന്നാൽ താഴ്ന്ന തസ്തികകളിൽ(എൻട്രി കേഡർ) ഒഴിവുവരുകയും അവിടെ നിയമനം നടത്തേണ്ടിവരികയും ചെയ്യും. അതൊഴിവാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ജനസംഖ്യാ വർദ്ധനവിന് അനുസൃതമായി പുതിയ തസ്തികകൾ സൃഷ്ടിക്കാത്തതും നിയമനം കൃത്യമായി നടത്താത്തതും ആരോഗ്യം, പോലീസ്, തദ്ദേശ സ്വയംഭരണം, റവന്യൂ തുടങ്ങി പല വകുപ്പുകളിലും ജീവനക്കാർക്ക് വലിയ ജോലിസമ്മർദ്ദം ഉണ്ടാക്കുന്നു. ഓരോ വകുപ്പുകളിലും പല പുതിയ പദ്ധതികൾ സർക്കാർ വർഷം തോറും പ്രഖ്യാപിക്കും. പക്ഷേ അതുനടപ്പാക്കാൻ കൂടുതൽ ജീവനക്കാരെ നിയമിക്കാറില്ല.

ഭരണ-രാഷ്ട്രീയ നേതൃത്വത്തിൽ നിന്നുണ്ടാകുന്ന അവഹേളനങ്ങളും സമ്മർദ്ദങ്ങളും മറ്റൊരു കാരണമാണ്. പ്രത്യേകിച്ചും അധികാരവികേന്ദ്രീകരണത്തിനു ശേഷം ത്രിതല പഞ്ചായത്ത് അധികാരികളുടെ ഭാഗത്തുനിന്നുണ്ടാവുന്നത് അസഹ്യമായ അധികാര പ്രമത്തതയാണ്. ആഗോളവൽക്കരണ നയങ്ങൾക്ക് അനുസൃതമായി വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളിൽ നിന്ന് സർക്കാർ പിന്മാറി, അത് ജനങ്ങളുടെ നേരിട്ടുള്ള ഉത്തരവാദിത്തം ആക്കി മാറ്റിയതാണ് അധികാര വികേന്ദ്രീകരണം എന്ന് ഓമനപ്പേരിട്ട് നടപ്പിലാക്കിയ കാപട്യം. മതിയായ പദ്ധതിതുക അനുവദിക്കാതെ ജനങ്ങൾക്ക് മതിയായ സേവനം നൽകാനാവാതെ ജനങ്ങളെ ജീവനക്കാർക്കെതിരെ തിരിക്കുന്ന സാഹചര്യവും ഉണ്ടായി. ജനപ്രതിനിധികൾ അവരുടെ

സ്ഥാപിത താൽപര്യങ്ങൾക്കായി നിയമവിരുദ്ധമായി കാര്യങ്ങൾ ചെയ്യാൻ ഉദ്യോഗസ്ഥരുടെ മേൽ വലിയ സമ്മർദ്ദം ചെലുത്തുകയും അവസാനം അത് ഉദ്യോഗസ്ഥർക്ക് വലിയ കുരുക്കായി തീരുകയും ചെയ്യുന്നു. ഇതിനു വഴങ്ങാത്ത ജീവനക്കാരെ യാതൊരു അടിസ്ഥാനവുമില്ലാതെ എവിടെവച്ചും അവഹേളിക്കാം വ്യക്തിഹത്യ നടത്താം എന്നൊരു സ്ഥിതി ഇന്ന് നിലനിൽക്കുന്നു. കൂടാതെ, ജീവനക്കാർ ജോലി ചെയ്യാത്തവരാണ്, വലിയ ശമ്പളംപറ്റുന്നവരാണ്, അഴിമതിക്കാരാണ് തുടങ്ങി നിരവധി അടിസ്ഥാനരഹിതമായ പ്രചരണങ്ങൾകഴിഞ്ഞ കുറേ വർഷങ്ങളായി ഭരണാധികാരികൾ നടത്തികൊണ്ടിരിക്കുന്നു.

ഉന്നത ഉദ്യോഗസ്ഥർ നൽകുന്ന എത്തിപ്പിടിക്കാൻ പറ്റാത്ത "ടാർജറ്റ്"കളും വ്യക്തിഹത്യയുടെ തലം വരെ നീളുന്ന അവലോകന മീറ്റിങ്ങുകളും സൃഷ്ടിക്കുന്ന സമ്മർദ്ദം വളരെ വലുതാണ്. ഇതിന്റെയൊക്കെ പരിണതഫലമാണ് വർദ്ധിച്ചുവരുന്ന ആത്മഹത്യയും മരണങ്ങളും.

## അടിസ്ഥാന കാരണം ആഗോളവൽക്കരണത്തിന് അനുസൃതമായ സിവിൽ സർവ്വീസിന്റെ പൊളിച്ചെഴുത്ത്

ലോക തൊഴിലാളിവർഗ്ഗത്തിന്റെ ശക്തിസ്രോതസ്സായിരുന്ന സോവിറ്റ് യൂണിയന്റെയും സോഷ്യലിസ്റ്റ് ചേരിയുടെയും തകർച്ചക്കുശേഷം 1991ൽ ആരംഭിച്ച ആഗോളവൽക്കരണ നടപടികളുടെ കാലം മുതൽക്കാണ് ഇത്തരം പ്രതിലോമ നയങ്ങൾ സിവിൽ സർവ്വീസിൽ ശക്തമാകുന്നത്. കേരളത്തിൽ 1997 മെയ് മാസത്തിൽ അന്നു ഭരണത്തിൽ ഇരുന്ന ഇ.കെ.നായനാർ മന്ത്രിസഭ നിയമിച്ച സംസ്ഥാനത്തെ മൂന്നാം ഭരണപരിഷ്കാര കമ്മീഷന്റെ റിപ്പോർട്ടിൽ കേരളത്തിലെ ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹികക്ഷേമ രംഗങ്ങളിലുണ്ടായ നേട്ടങ്ങൾ സർക്കാരിന് വലിയ സാമ്പത്തിക ബാധ്യതഉണ്ടാക്കുന്നതായും അതിനാൽ അടിയന്തര പരിഷ്ക്കാരങ്ങൾ ആവശ്യമാണ് എന്നു പ്രസ്താവിക്കുകയും പരിഹാരമായി പങ്കാളിത്ത വികസനം നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

ജനകീയാസൂത്രണം എന്ന പേരിൽ നിരവധി വകുപ്പുകളെ പഞ്ചായത്തുകൾക്കു കൈമാറുന്നതും താഴെത്തലം മുതൽ രാഷ്ട്രീയ മേലാളൻമാർക്ക് ജീവനക്കാരെ കൈകാര്യം ചെയ്യാൻ അവസരം ഒരുങ്ങുന്നതും ഇക്കാലം മുതലാണ്. തുടർന്നുവന്ന ആന്റണി ഗവൺമെന്റ് നിരവധി പ്രതിലോമ പരിഷ്കാരങ്ങൾ സിവിൽ സർവ്വീസിൽ വരുത്തുകയും മോഡണൈസിങ്ങ് ഗവൺമെന്റ് പ്രോഗ്രാം (എംജിപി) എന്ന പേരിൽ ഒരു ഉടച്ചുവാർക്കൽ പരിപാടി നടപ്പാക്കിക്കൊണ്ട് പുതിയ തസ്തികസൃഷ്ടിക്കുന്നത് നിർത്തുകയും നിയമന നിരോധനം നടപ്പാക്കുകയും ചെയ്തു. അതിനു ശേഷം ഓരോ ഗവൺമെന്റും ഈ നയങ്ങൾ പടിപടിയായി ശക്തിപ്പെടുത്തി. ഇന്ന് ഏതൊക്കെ തസ്തികകൾ വെട്ടിക്കുറക്കണം എന്നതിനെപ്പറ്റി പഠിക്കാൻ ഓരോ വകുപ്പിലും പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചിരിക്കുന്നു. കൂടാതെ കരാർത്തൊഴിലും പുറംതൊഴിൽ കരാറും വ്യാപകമാക്കിയിരിക്കുന്നു. ഈ കരാർ/ദിവസവേതന ജീവനക്കാരാകട്ടെ എല്ലാത്തരം തൊഴിൽനിയമസംരക്ഷണങ്ങൾക്കും പുറത്താണ്. അവരുടെ കദനകഥകൾ ആരും കേൾക്കുന്നുപോലുമില്ല.

മാതൃകാ തൊഴിൽദാതാവ് എന്നനിലയിൽ പ്രവർത്തിച്ച് സ്വകാര്യ തൊഴിലുടമകളെകൊണ്ട് തൊഴിലാളികൾക്ക് അനുകൂലമായ നിലപാട് എടുപ്പിക്കേണ്ട സർക്കാർതന്നെ ഈ രീതിയിൽ പ്രവർത്തിച്ചാൽ സംസ്ഥാനത്തെ തൊഴിൽചൂഷണം പതിന്മടങ്ങ് വർദ്ധിക്കും എന്നതിൽ സംശയമില്ല. മൂലധനതാല്പര്യങ്ങൾക്ക് തടസമേതുമില്ല എന്നുറപ്പാക്കുന്ന 'ഈസ് ഓഫ് ഡൂയിങ്ങ് ബിസ്സിനസ്സ്' എന്ന ലോകബാങ്ക്-മോദി പദ്ധതിയിൽ ദേശീയ ചാമ്പ്യൻ ആയി ഒന്നാം റാങ്ക് കിട്ടി മോദി സർക്കാരിന്റെ ട്രോഫിയും വാങ്ങി മേനി നടിക്കുന്ന സംസ്ഥാന സർക്കാരിന്റെ നയം അടിമുടി തൊഴിലാളിവിരുദ്ധമാണ്. ഫ്ലോർ വേജും, ഫിക്സഡ് ടൈം എംപ്ലോയ്മെന്റും, ഒക്കെയുള്ള പുതിയ ലേബർ കോഡുമായി വരുന്ന മോദി സർക്കാരും തൊഴിലാളികൾക്കെതിരാണ്. ഈ സാഹചര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത യോജിച്ചുള്ള സമരം മാത്രമാണ് ജീവനക്കാരുടെ മുമ്പിലുള്ള ഒരേ ഒരു വഴി. ■

---

### യാത്രാദുരിതം പരിഹരിക്കുക...




കൊച്ചി നഗരത്തിന്റെ സമീപപ്രദേശവും കടമക്കുടി ഗ്രാമപഞ്ചായത്ത് ഓഫീസ് അടക്കം നിരവധി പ്രധാന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതുമായ ഗോശ്രീ ദ്വീപസമൂഹത്തിലെ ഒരു പ്രധാന ദ്വീപായ പിഴലയിലേയ്ക്ക് പണിത പാലത്തിന്റെ 350 മീറ്റർ മാത്രം വരുന്ന അപ്രോച്ച് റോഡ് പണി അനിശ്ചിതാവസ്ഥയിലായതിനെത്തുടർന്ന് ദുരിതത്തിലായ ദ്വീപുവാസികൾ നഗരത്തിലെ ഗോശ്രീ ഐലൻഡ്സ് ഡെവലപ്മെന്റ് അതോറിറ്റി (ജിഡ) ഓഫീസിനു മുമ്പിൽ നടത്തിയ രാപകൽ സമരത്തിൽ സഖാവ് കെ.പി.സാൽവിൻ പ്രസംഗിക്കുന്നു. വല്ലാർപാടം കണ്ടെയ്നർ റോഡിൽ മൂലമ്പിള്ളിയിൽനിന്ന് പിഴല ദ്വീപിലേക്ക് 2013ൽ ആരംഭിച്ച പാലം പണി അധികാരികളുടെ കെടുകാര്യസ്ഥതകൊണ്ട് നിരവധി തവണ നിലച്ചിരുന്നു. പെരിയാറിന്റെ കൈവഴികളാൽ ചുറ്റപ്പെട്ട ദ്വീപ് 2018ലെ പ്രളയകാലത്ത് കൊടിയ ദുരന്തമാണ് യാത്രാ സംവിധാനം ഇല്ലാത്തതുമൂലം നേരിട്ടത്.

UNITY Malayalam Monthly
2024 November
Price: Rs. 10.00

# ചെങ്ങറ സമരഭൂമിയിൽ എംഎസ്സി മെഡിക്കൽ ക്യാമ്പ് നടത്തി



ചെങ്ങറ സമരഭൂമിയിൽ നടന്ന മെഡിക്കൽ ക്യാമ്പിൽ മെഡിക്കൽ സർവ്വീസ് സെന്റർ സംസ്ഥാനവൈസ് പ്രസിഡണ്ട് ഡോ.കെ.പി.ഗോദകുമാർ രോഗികളെ പരിശോധിക്കുന്നു. ഡോ.മുഹമ്മദ് റാസിഖ് സമീപം.

**മെ**ഡിക്കൽ സർവ്വീസ് സെന്റർ(എംഎസ്സി) ചെങ്ങറ സമരഭൂമിയിൽ മെഡിക്കൽ ക്യാമ്പും രക്തഗ്രൂപ്പ് നിർണ്ണയവും നടത്തി. ചെങ്ങറ ഭൂസമര സഹായ സമിതിയംഗം എസ്.രാധാമണി ഉദ്ഘാടനം ചെയ്തു. സാധുജന വിമോചന സംയുക്ത വേദി സംസ്ഥാന പ്രസിഡന്റ് കെ.എസ്.ഗോപി പത്തനാപുരം അധ്യക്ഷത വഹിച്ചു. ജനകീയാരോഗ്യ പ്രവർത്തകൻ ഡോ.കെ.പി.ഗോദകുമാർ നേതൃത്വം നൽകി. സമരസഹായ സമിതി അംഗം ബിന്ദു ബേബി, എസ്‌വി എസ്‌വി നേതാക്കളായ പുഷ്പ മറ്റൂർ, സുരേഷ് കുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

ക്യാമ്പിൽ ഡോ.സുകന്യകുമാർ ദന്തസംരക്ഷണത്തെപ്പറ്റി ക്ലാസ്സ് നയിച്ചു. ഇഎൻടി സർജൻ ഡോ.മുഹമ്മദ് റാസിഖ്, എംഎസ്സി കേരള ചാപ്റ്റർ ജോയിന്റ് സെക്രട്ടറി ആർ.മാളു, ആരോഗ്യ പ്രവർത്തകരായ ബീന ജേക്കബ്, എം.എസ്.സൂര്യമോൾ, കെ.കെ.ഗിരിജ, എസ്.ശ്രീജ, എംഎസ്സി കേരള ചാപ്റ്റർ ഓഫീസ് സെക്രട്ടറി ആർ.അജിത്ത് എന്നിവർക്കൊപ്പം സന്നദ്ധ പ്രവർത്തകരും പങ്കെടുത്തു.

പ്രാഥമിക അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമല്ലാതെ നൂറുകണക്കിന് സാധാരണ ജനങ്ങൾ താമസിക്കുന്ന സ്ഥലമാണ് ചെങ്ങറ സമരഭൂമി. പ്രത്യേക ശ്രദ്ധയോടെയുള്ള പരിചരണത്തിലൂടെ മാത്രമേ ഇവിടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ കഴിയൂ. തുടർചികിത്സകൾക്ക് ആവശ്യമായ ഇടപെടൽ നടത്താൻ മെഡിക്കൽ സർവീസ് സെന്റർ സന്നദ്ധമാണ് എന്ന് ഡോ.കെ.പി.ഗോദകുമാർ പറഞ്ഞു. ■

## കിടത്തി ചികിത്സ പുനരാരംഭിക്കുക...



കോട്ടയം ജില്ലയിലെ കുറിച്ചി സർക്കാർ ആശുപത്രിയിൽ കിടത്തി ചികിത്സ പുനരാരംഭിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് നടന്ന വില്ലേജ് ഓഫീസ് മാർച്ചിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോട്ടയം ജില്ലാ സെക്രട്ടറി സഖാവ് മിനി കെ.ഫിലിപ്പ് പ്രസംഗിക്കുന്നു.

## കുമാരനാശാൻ ചരമശതാബ്ദി ആചരണം




മഹാകവി കുമാരനാശാൻ ചരമശതാബ്ദി ആചരണത്തോടനുബന്ധിച്ച് കുണ്ടറ വേണ്ടൂസ് കോളേജിൽ നടന്ന സമ്മേളനം കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു.

## ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ പ്രക്ഷോഭത്തിന്റെ സന്ദേശമുയർത്തി

# വിദ്യാർത്ഥിശക്തി സംസ്ഥാന ജാഥ

**വി**ജ്ഞാനത്തെ ഉന്മൂലനം ചെയ്യുന്ന ദേശീയ വിദ്യാഭ്യാസനയം 2020 പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമരരംഗത്ത് അണിനിരക്കുവാൻ വിദ്യാർത്ഥികളോടും വിദ്യാഭ്യാസസ്നേഹികളോടും ആഹ്വാനം ചെയ്തുകൊണ്ട് ആൾ ഇന്ത്യ ഡമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ (എഐഡിഎസ്ഒ) സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന വിദ്യാർത്ഥി ശക്തി സംസ്ഥാന ജാഥ പര്യടനം തുടരുന്നു. ഒക്ടോബർ 21 ന് തിരുവനന്തപുരത്തുനിന്നും ആരംഭിച്ച ജാഥ എഐഡിഎസ്ഒ അഖിലേന്ത്യാ പ്രസിഡന്റ് വി.എൻ. രാജശേഖർ ഉദ്ഘാടനം ചെയ്തു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കടന്നാക്രമണങ്ങൾ പ്രതിരോധിച്ചുകൊണ്ടു മാത്രമേ ഇനി രാജ്യത്തിന് മുന്നോട്ടു പോകുവാൻ കഴിയുകയുള്ളുയെന്ന് ജാഥ ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു.

സ്വാതന്ത്ര്യാനന്തരം വിവിധ സർക്കാരുകൾ നടപ്പിലാക്കിയ വിദ്യാഭ്യാസ വിരുദ്ധനയങ്ങളുടെ തുടർച്ചയാണ് ദേശീയ വിദ്യാഭ്യാസ നയം 2020. ശാസ്ത്രീയ-മതേതര -ജനാധിപത്യ വിദ്യാഭ്യാസം എല്ലാവർക്കും സൗജന്യമായി നൽകണമെന്ന നവോത്ഥാന നായകന്മാരുടെയും സ്വാതന്ത്ര്യ സമര സേനാനികളുടെയും സ്വപ്നത്തെ സമ്പൂർണ്ണമായും തകർത്തുകൊണ്ടാണ് വിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്ക്കരണവും വാണിജ്യവത്ക്കരണവും വർഗീയവൽക്കരണവും കേന്ദ്രീകരണവും ലക്ഷ്യം വയ്ക്കുന്ന ദേശീയ വിദ്യാഭ്യാസ നയം 2020 കേന്ദ്രസർക്കാർ നടപ്പാക്കുന്നത്. വിദ്യാഭ്യാസത്തിന്റെ സാമ്പത്തിക ഉത്തരവാദിത്തത്തിൽ നിന്ന് പൂർണ്ണമായും പിന്മാറുകയും വിദ്യാഭ്യാസ മേഖലയെ സ്വകാര്യ നിക്ഷേപത്തിന് പൂർണ്ണമായും തുറന്നു കൊടുക്കുകയും ചെയ്യുന്നു. ഇത് സമ്പൂർണ്ണമായും ബിസിനസ് താല്പര്യങ്ങൾ മാത്രം മുൻനിർത്തിയുള്ള നയമാണെന്ന് ഇതിൽ നിന്നുതന്നെ വ്യക്തമാണ്. വിദ്യാർത്ഥികളുടെ അചഞ്ചലമായ സമരം NEP ക്കെതിരെ വളർത്തിയെടുക്കുക എന്നതാണ് ഒരു വിദ്യാർത്ഥി സംഘടനയുടെ സുപ്രധാനമായ രാഷ്ട്രീയ കടമയെന്നും വി.എൻ.രാജശേഖർ പറഞ്ഞു.

എഐഡിഎസ്ഒ സംഘടിപ്പിക്കുന്ന പത്താമത് അഖിലേന്ത്യാ വിദ്യാർത്ഥി സമ്മേളനത്തിന് മുന്നോടിയായി 'വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ മഹത്വം ഉയർത്തി പ്രക്ഷോഭ പാതയിൽ ഒന്നിക്കുക' എന്ന് ആഹ്വാനം ചെയ്തുകൊണ്ടാണ് 'വിദ്യാർത്ഥി ശക്തി' സംസ്ഥാന ജാഥ സംഘടിപ്പിച്ചിട്ടുള്ളത്. അഖിലേന്ത്യാ പ്രസിഡന്റ് വി.എൻ.രാജശേഖർ ജാഥാ ക്യാപ്റ്റനായ ഡോ.എസ്.അലീനക്ക് ഫ്ലാഗ് കൈമാറിക്കൊണ്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം നിർവഹിച്ചു.

കർണാടകയിൽ നാലുവർഷ ബിരുദത്തിനെതിരെ എഐഡിഎസ്ഒയും വിദ്യാർത്ഥികളും അധ്യാപകരും വിദ്യാഭ്യാസ സ്നേഹികളും



വിദ്യാർത്ഥിശക്തി സംസ്ഥാന ജാഥ എഐഡിഎസ്ഒ അഖിലേന്ത്യ പ്രസിഡന്റ് വി.എൻ.രാജശേഖർ ജാഥ ക്യാപ്റ്റൻ ഡോ.എസ്.അലീനയ്ക്ക് പതാക കൈമാറിക്കൊണ്ട് ഉദ്ഘാടനം ചെയ്യുന്നു.

ചേർന്ന് നടത്തിയ പ്രക്ഷോഭത്തിന്റെ വിജയത്തിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് കേരളത്തിൽ ഒരു പ്രക്ഷോഭ വേദി ഒരുക്കുകയാണ് വിദ്യാർത്ഥി ശക്തി ജാഥയുടെ ഉദ്ദേശ്യം എന്ന് ക്യാപ്റ്റൻ ഡോ.എസ്.അലീന പറഞ്ഞു.

പിഎംജിയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി ആർ. അപർണ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റംഗം ആർ.ജതിൻ, ജില്ലാ സെക്രട്ടറി സാം പോൾ രാജു, ജില്ലാ പ്രസിഡന്റ് എമിൽ ബി.എസ്. എന്നിവർ പ്രസംഗിച്ചു.

സംസ്ഥാന ജാഥയോടൊപ്പം എഐഡിഎസ്ഒ നാടക സംഘമായ ഗോർക്കി തീയേറ്റർ ആർട്സ് അവതരിപ്പിക്കുന്ന തെരുവു നാടകവും സ്ട്രീറ്റ് ബാന്റിന്റെ ഗാനാവതരണവുമുണ്ട്. ഇതിനോടകം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ പ്രമുഖ കോളേജുകളിലും സർവ്വകലാശാലകളിലും സ്വീകരണസമ്മേളനങ്ങൾ നടന്നുകഴിഞ്ഞു. വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, വിദ്യാഭ്യാസസ്നേഹികൾ ഉൾപ്പെടെ പൊതുജനങ്ങളിൽനിന്ന് സ്നേഹോഷ്മളമായ സ്വീകരണം ഏറ്റുവാങ്ങിക്കൊണ്ട് പര്യടനം തുടരുന്ന ജാഥ നവംബർ 9ന് കാസർഗോഡ് സമാപിക്കും. കാസർഗോഡ് നടക്കുന്ന സമാപന സമ്മേളനം കണ്ണൂർ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ പ്രൊഫസർ ഖാദർ മാങ്ങാട് ഉദ്ഘാടനം ചെയ്യും. എഐഡിഎസ്ഒ കർണ്ണാടക സംസ്ഥാന സെക്രട്ടറി അജയ് കമ്മത്ത് മുഖ്യ പ്രസംഗം നടത്തും. ■




വിദ്യാർത്ഥിശക്തി സംസ്ഥാനജാഥയ്ക്ക് ആലപ്പുഴ എസ്.ഡി. കോളജ് ക്യാമ്പസ്സിൽ നൽകിയ സ്വീകരണത്തിന്റെ ഭാഗമായി ഗോർക്കി തീയേറ്റർ ആർട്ട്സ് തെരുവുനാടകം അവതരിപ്പിക്കുന്നു.



ജാഥയ്ക്ക് തൊടുപുഴയിൽ നൽകിയ സ്വീകരണത്തിൽ നിന്ന്.

Volume: 51 No: 8 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.